06
ആഗസ്റ്റ് 2024
ചൊവ്വ
1446 സഫർ 01
1199 കർക്കിടകം 22

പേജ് 10
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika




മെഡൽ പ്രതീക്ഷ കൈവിട്ട് ബാഡ്മിന്റണും 08






# നോവായ് മടക്കം

## 30 മൃതദേഹങ്ങളും 154 ശരീരഭാഗങ്ങളും കൂടി സംസ്കരിച്ചു



**ഹൃദയം പിളർന്ന്...**
മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ മരിച്ച, തിരിച്ചറിയാൻ കഴിയാത്ത മൃതദേഹങ്ങൾ പുത്തുമലയിൽ കൂട്ടത്തോടെ സംസ്കരിക്കുന്നു
സി.കെ തൻസീർ

**കെ.എസ് മുസ്തഫ**
കൽപ്പറ്റ

പച്ചക്കാഴ്ചകളുടെ പകിട്ടായിരുന്ന മൂന്ന് ഗ്രാമങ്ങൾ ശ്മശാന ഭൂമിയാക്കിയ ദുരന്തരാത്രിക്ക് ഒരാഴ്ചയുടെ നോവ്. മരിച്ചവരുടെ ദേഹങ്ങളും ശരീരാവശിഷ്ടങ്ങളും കണ്ട് മരവിച്ച മനസ്സുമായി രക്ഷാപ്രവർത്തകർ മരണത്തിന്റെ താഴ്‌വാരം വിട്ടുതുടങ്ങി. ഉരുൾപൊട്ടലിന്റെ പ്രഭവകേന്ദ്രമായ പുഞ്ചിരിമട്ടത്തെയും മലവെള്ളം കശക്കിയെറിഞ്ഞ മുണ്ടക്കൈയിലെയും തിരച്ചിലവസാനിപ്പിച്ച് സൈന്യത്തിലെ ഒരു വിഭാഗം മടങ്ങി. ഇവിടങ്ങളിൽ രക്ഷാപ്രവർത്തനത്തിന് എത്തിയ സന്നദ്ധ സംഘടനകുടെ എണ്ണവും പാതിയായി. അതിനിടയിലും ഇന്നലെ മാത്രം ആറ് മൃതദേഹങ്ങൾ കൂടി കണ്ടെത്തി. വയനാട്ടിൽ നിന്നും അഞ്ചും നിലമ്പൂരിൽ ഒരു മൃതദേഹവുമാണ് ഇന്നലെ ലഭിച്ചത്. ഇതോടെ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 396 ആയി. ഔദ്യോഗികമായി സ്ഥിരീകരിച്ച മരണസംഖ്യ 226 ആണ്. വയനാട്ടിൽ നിന്നും 150ഉം നിലമ്പൂരിൽ നിന്ന് 75ഉം മൃതദേഹങ്ങളാണ് ഇതുവരെ കണ്ടെടുത്തത്. വയനാട്ടിൽ നിന്നും 24, നിലമ്പൂരിൽ നിന്നും 157 ഉൾപ്പെടെ 181 ശരീര ഭാഗങ്ങളും ലഭിച്ചു.

കണ്ടെത്തിയ മൃതദേഹങ്ങളിൽ ഇതുവരെ തിരിച്ചറിയാൻ കഴിയാത്ത മൃതദേഹങ്ങൾ പുത്തുമലയിൽ പ്രത്യേകം തയ്യാറാക്കിയ ശ്മാശാന ഭൂമിയിൽ കൂട്ടത്തോടെ അന്ത്യനിദ്രയിലാണ്ടു. തിരിച്ചറിയാത്ത 30 മൃതദേഹങ്ങളും 154 ശരീരഭാഗങ്ങളുമാണ് ഹാരിസൺ മലയാളം ലിമിറ്റഡ് പ്ലാന്റേഷനിലെ പ്രത്യേക ശ്മശാനത്തിൽ സർവ്വമത പ്രാർഥനയോടെ ഇന്നലെ സംസ്ക്കരിച്ചത്. 158 ശരീര ഭാഗങ്ങൾ കൂടി മറവ് ചെയ്യുന്നതിന് ഹാരിസൺ പ്ലാന്റേഷന്റെ 50 സെന്റ് സ്ഥലം കൂടി ദുരന്ത നിവാരണ നിയമ പ്രകാരം ഏറ്റെടുക്കും. എട്ട് മൃതദേഹങ്ങൾ ഞായറാഴ്ച സംസ്കരിച്ചിരുന്നു. മൃതശരീരങ്ങൾ തിരിച്ചറിയുന്നതിനുള്ള ശാസ്ത്രീയ പരിശോധന ഇപ്പോഴും തുടരുകയാണ്. ഇതിനായി 83 രക്തസാമ്പിളുകൾ ഇതിനകം ശേഖരിച്ചിട്ടുണ്ട്. ക്യാമ്പുകളിൽ മരവിച്ച മനസ്സുമായി കഴിയുന്നവരെ പുതുജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരാനുള്ള ശ്രമത്തിലാണ് നാട്. ഉരുൾ തട്ടിയെടുത്ത 180 ഓളം മനുഷ്യർ ഇപ്പോഴും കാണാമറയത്താണ്. ഇവർക്കായി ഏറ്റവും ദുർഘട പാതയിലൂടെ ഇന്ന് മുതൽ തിരച്ചിൽ പുതിയ തലത്തിലേക്ക് കടക്കും. ചൂരൽമലയിൽ നിന്നിറങ്ങി സൂചിപ്പാറ മുതൽ പോത്തുകല്ലു വരെ ചാലിയാറിന്റെ ഇരുകരകളിലും നിലമ്പൂർ വരെയും ഇന്ന് ഊർജിത അന്വേഷണം നടത്താനാണ് തീരുമാനം. സൂചിപ്പാറക്ക് താഴെയുള്ള രണ്ട് വെള്ളച്ചാട്ടങ്ങളിലും പ്രത്യേകം ശ്രദ്ധകേന്ദ്രീകരിക്കും. പരിശീലനം ലഭിച്ച ഡോഗ് സ്ക്വാഡുമായാണ് തിരച്ചിൽ. ഇനിയും പരിശോധിക്കാത്ത മേഖലകളിലേക്ക് രക്ഷാപ്രവർത്തകർ കടക്കും.

# സമഗ്ര പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ച് മുസ്‌ലിംലീഗ്

## ● 100 വീടുകൾ നിർമിച്ചു നൽകും ● ജോലി, വിദ്യാഭ്യാസം, ആരോഗ്യം എന്നിവക്കും പദ്ധതി

കൽപ്പറ്റ: വയനാട് മുണ്ടക്കൈ ഉരുൾപൊട്ടലിൽ സർവ്വതും നഷ്ടപ്പെട്ടവരുടെ കണ്ണീരൊപ്പാൻ മുസ്‌ലിംലീഗ് സമഗ്ര പുനരധിവാസ പദ്ധതി പ്രഖ്യാപിച്ചു. കിടപ്പാടം നഷ്ടപ്പെട്ടവർക്ക് മുസ്‌ലിംലീഗ് 100 വീടുകൾ നിർമിച്ചു നൽകും. പാർപ്പിട, ആരോഗ്യ, തൊഴിൽ, വിദ്യാഭ്യാസ മേഖലകളെയെല്ലാം സ്പർശിക്കുന്ന സമഗ്രപദ്ധതി സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളാണ് വയനാട്ടിൽ പ്രഖ്യാപിച്ചത്. കുത്തിയൊലിച്ചെത്തിയ ഉരുൾപൊട്ടലിൽ ഒരു നാടൊന്നാകെ ഇല്ലാതായ ചൂരൽമല, മുണ്ടക്കൈ പ്രദേശങ്ങളിലെ മനുഷ്യർ മുസ്‌ലിംലീഗിന്റ ഹൃദയവേദനയാണെന്നും ദുരിതബാധിതരുടെ സമ്പൂർണ അതിജീവനം സാധ്യമാകുന്നത് വരെ മുസ്‌ലിംലീഗ് കൂടെയുണ്ടാവുമെന്നും തങ്ങൾ പറഞ്ഞു.

നിലവിൽ ദുരിതാശ്വാസ ക്യാമ്പുകളിലും ആശുപത്രികളിലുമായി കഴിയുന്ന ആയിരങ്ങൾക്ക് സമഗ്ര പുനരധിവാസമാണ് നടപ്പാക്കേണ്ടത്. അവരുടെ കിടപ്പാടവും ജോലിയും വിദ്യാഭ്യാസവും അതിജീവനവും സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. അതേറ്റെടുക്കുകയാണ് മുസ്‌ലിംലീഗ്. വീടുകൾക്കൊപ്പം ദുരിതബാധിതർക്ക് ജോലി, കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യം, പുനരധിവാസം ഇവയെല്ലാം ഉൾക്കൊള്ളുന്നതാണ് മുസ്‌ലിംലീഗ് നടപ്പാക്കാനുദ്ദേശിക്കുന്ന സമഗ്ര പദ്ധതിയെന്നും തങ്ങൾ പറഞ്ഞു.

പുനരധിവാസ പദ്ധതികളെ സംബന്ധിച്ച്, പാർട്ടിയുടെ സമുന്നത നേതാക്കൾ ഇന്നലെ വയനാട്ടിലെത്തി സംസ്ഥാന കമ്മിറ്റി നിയോഗിച്ച ഉപസമിതിയുമായും ജില്ലയിലെ മുസ്‌ലിംലീഗ് നേതാക്കളുമായും കൂടിയാലോചന നടത്തി. മുസ്‌ലിംലീഗിന്റെ സാമൂഹ്യസേവനങ്ങൾ ദുരന്തമുഖത്ത് മാത്രം ഒതുങ്ങുന്നതല്ലെന്നും പാർട്ടിയുടെ രാഷ്ട്രീയം തന്നെ സേവനസപര്യകളാണെന്നും ദേശീയ പ്രസിഡന്റ് പ്രൊഫ. കെ.എം ഖാദർ മൊയ്തീൻ പറഞ്ഞു.

ഭൗതികമായ സൗകര്യങ്ങളൊരുക്കുന്നതിനൊപ്പം സമഗ്രമായ ആരോഗ്യ, മാനസിക അതിജീവനമാണ് പാർട്ടി ലക്ഷ്യമിടുന്നതെന്ന് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി പറഞ്ഞു. ദുരിത ബാധിതരുടെ പുനരധിവാസത്തിനുള്ള നിർമാണാത്മകമായ സർക്കാർ പദ്ധതികൾക്ക് മുസ്‌ലിംലീഗ് പിന്തുണ നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഉരുൾപൊട്ടലിന്റെ പ്രഭവകേന്ദ്രമായ പുഞ്ചിരിമട്ടത്തും മുണ്ടക്കൈയിലും ചൂരൽമലയിലും ദുരിതബാധിതർ കഴിയുന്ന ക്യാമ്പുകളിലും സാദിഖലി ശിഹാബ് തങ്ങൾ, പ്രൊഫ. കെ.എം ഖാദർ മൊയ്തീൻ, പി.കെ കുഞ്ഞാലിക്കുട്ടി, ദേശീയ ട്രഷറർ പി.വി അബ്ദുൽ വഹാബ് എംപി, സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി.എം.എ സലാം, ഉപസമിതി കൺവീനർ പി.കെ ബഷീർ എം.എൽ.എ എന്നിവർ സന്ദർശനം നടത്തി. ദുരന്തമേഖലയിലെ തിരച്ചിൽ പ്രവർത്തനങ്ങളെക്കുറിച്ച് എ.ഡി.ജി.പി എം.ആർ അജിത്കുമാർ നേതാക്കളോട് വിശദീകരിച്ചു.

മേപ്പാടി മസ്ജിദിൽ നടന്ന പ്രത്യേക പ്രാർത്ഥനയിലും നേതാക്കൾ പങ്കുകൊണ്ടു. മേപ്പാടിയിൽ നടന്ന ഉപസമിതി യോഗത്തിലും കൽപ്പറ്റയിൽ സംസ്ഥാന നേതാക്കളുടെ സാന്നിധ്യത്തിൽ നടന്ന വയനാട് ജില്ലാ പ്രവർത്തകസമിതി യോഗത്തിലും മുതിർന്ന നേതാക്കൾക്കൊപ്പം അബ്ദുറഹ്മാൻ കല്ലായി, ഉമ്മർ പാണ്ടികശാല, സി. മമ്മൂട്ടി, കെ.എം ഷാജി, അബ്ദുറഹ്മാൻ രണ്ടത്താണി, പാറക്കൽ അബ്ദുല്ല, സി.പി ചെറിയ മുഹമ്മദ്, നാലകത്ത് സൂപ്പി, എം.എ റസാഖ് മാസ്റ്റർ, എൻ.സി അബൂബക്കർ, എം.എൽ.എമാരായ ടി.വി ഇബ്രാഹിം, പി. ഉബൈദുല്ല, അഡ്വ. യു.എ ലത്തീഫ്, മുസ്‌ലിംലീഗ് ദേശീയ അസി. സെക്രട്ടറി സി.കെ സുബൈർ, യൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ ഫിറോസ്, ട്രഷറർ പി. ഇസ്മായിൽ, ടി.പി.എം ജിഷാൻ, ഫാത്തിമ തഹ്‌ലിയ, സുഹറ മമ്പാട്, ജയന്തി രാജൻ, സി.കെ നജാഫ്, അൻവർ നഹ, പി.കെ അബൂബക്കർ, എൻ.കെ റഷീദ്, റസാഖ് കൽപ്പറ്റ, പി.എം.എ സമീർ, എസ്.പി കുഞ്ഞമ്മദ്, അഷ്റഫ് കോക്കൂർ, ഇബ്രാഹിം മുതൂർ, എം.പി നവാസ്, പി.എച്ച് ഫസൽ സംസാരിച്ചു. മുസ്‌ലിംലീഗ് വയനാട് ജില്ലാ ജനറൽ സെക്രട്ടറി ടി. മുഹമ്മദ് സ്വാഗതവും സെക്രട്ടറി കെ. ഹാരിസ് നന്ദിയും പറഞ്ഞു.



വയനാട്ടിലെ ഉരുൾപൊട്ടലിന്റെ പ്രഭവകേന്ദ്രമായ പുഞ്ചിരിമട്ടത്തെത്തിയ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾക്കും പി.കെ കുഞ്ഞാലിക്കുട്ടിക്കും എ.ഡി.ജി.പി എം.ആർ അജിത്കുമാർ ദുരന്തത്തെക്കുറിച്ച് വിശദീകരിക്കുന്നു



ഒളിമ്പിക്സിൽ സ്വർണം 08
നോഹ ലൈൽസ് വേഗരാജാവ്

# ബംഗ്ലാദേശിൽ അട്ടിമറി

## അധികാരമൊഴിഞ്ഞ ഷെയ്ഖ് ഹസീന ഇന്ത്യയിൽ അഭയം തേടി



- പ്രധാനമന്ത്രിയുടെ കൊട്ടാരം കൈയേറി കലാപകാരികൾ
- ഇടക്കാല സർക്കാർ രൂപീകരിക്കുമെന്ന് സൈന്യം
- ജാഗ്രതയോടെ ഇന്ത്യ

ന്യൂഡൽഹി: ആളിക്കത്തിയ സംവരണവിരുദ്ധ പ്രക്ഷോഭത്തിനൊടുവിൽ ബംഗ്ലാദേശിൽ അധികാര അട്ടിമറി. കലാപം രൂക്ഷമായതോടെ പ്രധാനമന്ത്രി ഷെയ്ഖ് ഹസീന അധികാരമൊഴിഞ്ഞ് രാജ്യം വിട്ടു. ഇളയ സഹോദരി ഷെയ്ഖ് റഹാനക്കൊപ്പം ഹസീന ബംഗ്ലാദേശ് വ്യോമസേനയുടെ സി-130 പ്രത്യേക വിമാനത്തിൽ ഇന്ത്യയിൽ അഭയം തേടി. ഗാസിയാബാദിലെ ഹിൻഡൻ വിമാനത്താവളത്തിലിറങ്ങിയ ഹസീനയെ എയർ ഓഫീസിങ് കമാൻഡർ സഞ്ജയ് ചോപ്ര സ്വീകരിച്ചു. വിമാനത്താവളത്തിൽ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ദോവൽ ഹസീനയുമായി ചർച്ച നടത്തി. അതേസമയം ഹസീന ഇന്ത്യയിൽ തങ്ങില്ലെന്നും ഇന്നുതന്നെ ലണ്ടനിലേക്കോ ബെലറൂസിലേക്കോ പോകുമെന്നുമാണ് വിവരം.

കലാപകാരികൾ ധാക്കയിൽ ഉൾപ്പെടെ തെരുവുകൾ കൈയടക്കുകയും പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതി കൈയേറുകയും ചെയ്തതിനു പിന്നാലെയാണ് അധികാരമൊഴിയാൻ ഹസീനക്ക് സൈന്യം അന്ത്യശാസനം നൽകിയത്. തൊട്ടു പിന്നാലെ അധികാരം സൈന്യം ഏറ്റെടുത്തു. രാജ്യത്ത് ഇടക്കാല സർക്കാർ രൂപീകരിക്കുമെന്നും ഇതിലേക്ക് എല്ലാ രാഷ്ട്രീയ പാർട്ടി പ്രതിനിധികളേയും ക്ഷണിച്ചതായും കരസേനാ മേധാവി ജനറൽ വഖീറുസ്സമാൻ അറിയിച്ചു. ജനങ്ങളോട് കലാപത്തിൽ നിന്ന് പിന്തിരിയാൻ അഭ്യർത്ഥിച്ച സൈനിക മേധാവി, പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുമെന്ന് വ്യക്തമാക്കി.

1971ലെ ബംഗ്ലാദേശ് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തവരുടെ കുടുംബാംഗങ്ങൾക്ക് സർക്കാർ ജോലിയിൽ 30 ശതമാനം സംവരണം ഏർപ്പെടുത്താനുള്ള ഷെയ്ഖ് ഹസീന സർക്കാറിന്റെ നീക്കമാണ് പ്രതിഷേധത്തിന് തിരികൊളുത്തിയത്. ഭരണകക്ഷിയായ അവാമിലീഗ് അണികളെ തൃപ്തിപ്പെടുത്താനാണ് നീക്കമെന്ന് തുടക്കത്തിലേ വിമർശനം ഉയർന്നിരുന്നു. സംവരണ നയത്തിനെതിരെ യുവാക്കൾ പ്രതിഷേധവുമായി രംഗത്തെത്തുകയും പ്രക്ഷോഭം ധാക്കാ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾ ഏറ്റെടുക്കുകയും ചെയ്തതോടെയാണ് കാര്യങ്ങൾ കൈവിട്ടത്. തെരുവിലേക്ക് വ്യാപിച്ച കലാപത്തിന്റെ ആദ്യ ഘട്ടത്തിൽ തന്നെ 67 പേർ കൊല്ലപ്പെട്ടു. കൊല്ലപ്പെട്ടവരുടെ എണ്ണം പിന്നീട് 200 ആയി ഉയർന്നു. സംവരണ തീരുമാനം പുനഃപരിശോധിക്കാമെന്ന സർക്കാർ ഉറപ്പിന്മേൽ ചെറിയ ഇടവേളയിലേക്ക് സ്ഥിതി ശാന്തമായെങ്കിലും ശനിയാഴ്ച വീണ്ടും പ്രക്ഷോഭ കാരികൾ തെരുവിലിറങ്ങുകയായിരുന്നു. രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്രക്ഷോഭകരും സുരക്ഷാ സേനയും രൂക്ഷമായ ഏറ്റുമുട്ടലുണ്ടായി. പ്രതിഷേധക്കാരെ പിരിച്ചുവിടാൻ ടിയർ ഗ്യാസും ഗ്രനേഡും പ്രയോഗിച്ചു. ശനിയാഴ്ച മാത്രം 14 പൊലീസുകാർ ഉൾപ്പെടെ 98 പേരാണ് കൊല്ലപ്പെട്ടത്. ഇന്നലെ മരണം വീണ്ടും ഉയർന്നതോടെ രണ്ടു ദിവസത്തിനിടെ കൊല്ലപ്പെട്ടവരുടെ എണ്ണം 106ഉം ഒരു മാസത്തിനിടെ കൊല്ലപ്പെട്ടവരുടെ എണ്ണം 300ലധികവും ആയി.

ഇന്നലെ രാവിലെ മുതൽ തെരുവിലിറങ്ങിയ പ്രതിഷേധക്കാർ സുരക്ഷാ സംവിധാനങ്ങൾ മറികടന്ന് പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയായ ഗനബബനിലേക്ക് ഇരച്ചുകയറി. ഇതിനു പിന്നാലെ ഷെയ്ഖ് ഹസീന രഹസ്യ കേന്ദ്രത്തിലേക്ക് മാറി. തൊട്ടുപിന്നാലെയാണ് രാജിവച്ചതും രാജ്യംവിട്ടതും.

സർവ്വ കക്ഷി യോഗത്തിൽ അവാമിലീഗ് ഒഴികെയുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും പ്രതിനിധികൾ പങ്കെടുത്തതായും സമാധാനത്തിന്റെ പാതയിലേക്ക് തിരിച്ചെത്താൻ പ്രതിഷേധക്കാരോട് അഭ്യർത്ഥിക്കുന്നതായും ജനറൽ വഖീറുസ്സമാൻ പറഞ്ഞു. അതേസമയം രാത്രി വൈകിയും കലാപകാരികൾ തെരുവുകളിൽ തമ്പടിച്ചിരിക്കുകയാണ്. പലയിടങ്ങളും ഏറ്റുമുട്ടൽ തുടരുന്നു. പ്രധാനമന്ത്രിയുടെ വസതിയിൽ കടന്ന പ്രക്ഷോഭകാരികൾ കൈയിൽ കിട്ടിയതെല്ലാം കൊള്ളയടിക്കുന്നതിന്റെ ദൃശ്യങ്ങൾ പുറത്തുവന്നു. രാഷ്ട്രശിൽപ്പിയും മുൻ പ്രധാനമന്ത്രിയും ഷെയ്ഖ് ഹസീനയുടെ പിതാവുമായ ബംഗബന്ധു മുജീബുറഹ്മാന്റെ ധാക്കയിലെ പ്രതിമ കലാപകാരികൾ തകർത്തു. ബംഗ്ലാദേശിലെ രാഷ്ട്രീയ സ്ഥിതിഗതികൾ പ്രധാനമന്ത്രി നരേന്ദ്രമോദി നേരിട്ട് നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. വിദേശകാര്യ മന്ത്രി എസ് ജെയ്ശങ്കറുമായും ദേശീയ സുരക്ഷാഉപദേഷ്ടാവ് അജിത് ദോവലുമായും പ്രധാനമന്ത്രി ചർച്ച നടത്തി.

കരുതലോടെ ഇന്ത്യ; എയർ ഇന്ത്യ സർവീസുകൾ റദ്ദാക്കി 12

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ആഗസ്റ്റ് 06 ചൊവ്വ
ഗൾഫ് ചന്ദ്രിക

## കോഴിക്കോട് സ്വദേശി ദുബൈയിൽ നിര്യാതനായി

ദുബൈ: കോഴിക്കോട് കുന്ദമംഗലം പിലാശ്ശേരി പാലോറമ്മൽ ജിഫ്രി (45) ദുബൈയിൽ നിര്യാതനായി. പിതാവ്: പരേതനായ അഹമ്മദ് കോയ. മാതാവ്: സുബൈദ. ഭാര്യ: റസീന ചോയി മഠം. മക്കൾ: ഫാത്തിമ റിഫ, അയാൻ. സഹോദരങ്ങൾ: ജസ്ന ഒടുങ്ങാക്കാട്, ജെയ്സൽ(മീഡിയ വൺ), ജംഷിദ, ജുബൈർ. ഖബറടക്കം ഇന്ന് രാവിലെ 8ന് പിലാശ്ശേരി കാക്കേരി ജുമാ മസ്ജിദിൽ.



ജിഫ്രി



**കറൻസി മൂല്യം**

| | |
|---|---|
| 1 യു.എ.ഇ ദിർഹം | 22.88 ₹ |
| 1 ഒമാനി റിയാൽ | 218.30 ₹ |
| 1 സൗദി റിയാൽ | 22.38 ₹ |
| 1 ഖത്തർ റിയാൽ | 23.06 ₹ |
| 1 കുവൈത്ത് ദിനാർ | 275.27 ₹ |
| 1 ബഹ്റൈൻ ദിനാർ | 222.94 ₹ |



**സ്വർണവില**

(ഗ്രാമിന്-ദിർഹം)

| | |
|---|---|
| 24 കാരറ്റ് | 293.25 |
| 22 കാരറ്റ് | 271.50 |
| 21 കാരറ്റ് | 262.75 |
| 18 കാരറ്റ് | 225.25 |



# ട്രക്ക് ഡ്രൈവർമാർക്ക് 10 വിശ്രമ കേന്ദ്രങ്ങളൊരുക്കി ആർടിഎ

ദുബൈ: ദീർഘദൂരം നിർത്താതെ യാത്രചെയ്യുന്ന ട്രക്ക് ഡ്രൈവർമാർക്ക് വിശ്രമിക്കാൻ ദുബൈയിൽ കൂടുതൽ സൗകര്യമൊരുക്കുന്നു. നഗരത്തിൽ ഡ്രൈവർമാർക്ക് വിശ്രമിക്കാനായി പത്തു കേന്ദ്രങ്ങളുടെ നിർമാണം പൂർത്തിയാക്കിയിരിക്കുകയാണ് ദുബൈ റോഡ് ഗതാഗത അതോറിറ്റി. എമിറേറ്റിലെ പ്രധാന റോഡുകളോട് ചേർന്ന് ആറു സ്ഥലങ്ങളിലാണ് കേന്ദ്രങ്ങൾ നിർമിച്ചത്. ആകെ 16 സ്ഥലങ്ങളിൽ സൗകര്യമൊരുക്കുന്നതിൽ പത്തെണ്ണമാണ് പൂർത്തിയായിരിക്കുന്നത്. ശൈഖ് മുഹമ്മദ് ബിൻ സായിദ് റോഡ്, എമിറേറ്റ്സ് റോഡ്, ദുബൈ-ഹത്ത റോഡ്, ദുബൈ-അൽഐൻ റോഡ്, ജബൽ അലി-ലഹ്ബാബ് റോഡ്, അൽ അവീർ റോഡ് എന്നിവിടങ്ങളിലാണ് സൗകര്യം ഏർപ്പെടുത്തിയത്. ഈ റോഡുകളിലൂടെ ദിനംപ്രതി നിരവധി ട്രക്കുകൾ കടന്നുപോകുന്നുണ്ട്. അബുദാബി നാഷനൽ ഓയിൽ കമ്പനിയുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. ഡീസൽ നിറക്കാൻ സ്റ്റേഷൻ, പ്രാർഥനാ മുറി, ഡ്രൈവർമാരുടെ വിശ്രമമുറി, മറ്റു സൗകര്യങ്ങൾ എന്നിവയടങ്ങിയ കേന്ദ്രം ട്രക്ക് ഡ്രൈവർമാരുടെ സുരക്ഷയും ആവശ്യങ്ങളും പരിഗണിച്ചാണ് ഒരുക്കിയത്. ഗതാഗത സുരക്ഷ ഉറപ്പുവരുത്താനും അപകടങ്ങൾ ഗണ്യമായി കുറക്കാനും പദ്ധതി വഴി സാധിക്കുമെന്ന് ആർ.ടി.എ ഡയറക്ടർ ബോർഡ് ചെയർമാനും ഡയറക്ടർ ജനറലുമായ മതാർ അൽ തായർ പറഞ്ഞു. ട്രക്കുകൾക്ക് വിലക്കുള്ള സമയങ്ങളിൽ ഗതാഗതം സുഗമമാക്കാനും ട്രക്ക് ഡ്രൈവർമാർക്കിടയിൽ ട്രാഫിക് അവബോധം വളർത്താനും പ്രധാന റോഡുകളിലും പാർപ്പിട പ്രദേശങ്ങളിലും ട്രക്കുകളുടെ പാർക്കിങ് ഒഴിവാക്കാനും ഇത് സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 75,000 ചതുരശ്ര മീറ്ററിൽ വ്യാപിച്ചുകിടക്കുന്ന വിശ്രമകേന്ദ്രങ്ങൾക്ക് 5,000ത്തിലധികം ട്രക്കുകളും ഹെവി വാഹനങ്ങളും ഉൾക്കൊള്ളാനുള്ള പ്രവർത്തനശേഷിയുണ്ട്. ആകെ 700 പാർക്കിങ് സ്ലോട്ടുകളുണ്ടാകും. ഓരോ വിശ്രമകേന്ദ്രവും 5,000 മുതൽ 10,000 ചതുരശ്ര മീറ്റർ വരെ വ്യാപിച്ചുകിടക്കുന്നതാണ്. ഇവിടങ്ങളിൽ 30 മുതൽ 45 വരെ ട്രക്കുകളും ഹെവി വാഹനങ്ങളും പാർക്ക് ചെയ്യാനാവും. ട്രക്കുകൾക്ക് ചില സമയങ്ങളിൽ റോഡുകളിൽ പ്രവേശനം വിലക്കാറുണ്ട്. ഈ സമയങ്ങളിൽ പാർക്ക് ചെയ്യാനും വിശ്രമിക്കാനുമുള്ള സൗകര്യമാണ് അധികൃതർ ഉറപ്പുവരുത്തിയിട്ടുള്ളത്.



ട്രക്ക് ഡ്രൈവർമാർക്കായി ദുബൈ നഗരത്തിൽ ആർടിഎ ഒരുക്കിയ പത്തു വിശ്രമ കേന്ദ്രങ്ങളിലൊന്ന്

## ദുബൈ ചുറ്റിക്കാണാൻ ആർടിഎയുടെ പുതിയ ടൂറിസ്റ്റ് ബസ്

ദുബൈ: പൊതുഗതാഗതത്തിന് ഏറെ പ്രധാന്യം നൽകുകയും വിനോദസഞ്ചാരികൾക്ക് മികച്ച സൗകര്യമൊരുക്കുകയും ചെയ്യുന്ന ദുബൈയിൽ ടൂറിസ്റ്റുകൾക്ക് എളുപ്പത്തിൽ ദുബൈ ചുറ്റിക്കാണാൻ സൗകര്യമൊരുക്കി ആർടിഎ. വിനോദ സഞ്ചാരികൾക്ക് നഗരം കാണാൻ പുതിയ ടൂറിസ്റ്റ് ബസ് സർവീസ് പ്രഖ്യാപിച്ചിരിക്കുകയാണ് ദുബൈ റോഡ്സ് ആൻഡ് ട്രാൻസ്പോർട് അതോറിറ്റി. ദുബൈയിലെ പ്രധാന ആകർഷണ കേന്ദ്രങ്ങളെ ബന്ധപ്പെടുത്തിയുള്ള 'ഓൺ ആൻഡ് ഓഫ്' ബസ് സർവീസ് സെപ്റ്റംബർ ആദ്യം ആരംഭിക്കും. ദുബൈ മാളിൽ നിന്ന് ആരംഭിച്ച് ദുബൈ ഫ്രെയിം, ഹെറിറ്റേജ് വില്ലേജ്, മ്യൂസിയം ഓഫ് ദ് ഫ്യൂച്ചർ, ഗോൾഡ് സൂഖ്, ദുബൈ മാൾ, ലാ മെർ ബീച്ച്, ജുമൈറ പള്ളി, സിറ്റി വോക്ക് എന്നീ എട്ട് പ്രധാന കേന്ദ്രങ്ങളും ലാൻഡ്മാർക്കുകളും യാത്രക്കാർക്ക് സന്ദർശിക്കാം. രാവിലെ 10 മുതൽ രാത്രി 10 വരെയാണ് സർവീസ്. ദുബൈ മാളിൽ നിന്ന് ഓരോ 60 മിനിറ്റിലും ബസ് പുറപ്പെടും. ഓരോ യാത്രക്കും രണ്ട് മണിക്കൂർ ആണ് ദൈർഘ്യം. 35 ദിർഹത്തിന്റെ ടിക്കറ്റെടുത്താൽ ദിവസത്തിൽ ഏത് സമയത്തും സഞ്ചരിക്കാം. ദുബൈ ഓൺ ആൻഡ് ഓഫ് ബസ്, മെട്രോ, മറൈൻ ഗതാഗതം, പൊതു ബസുകൾ, പ്രത്യേകിച്ച് അൽ ഗുബൈബ സ്റ്റേഷൻ തുടങ്ങിയ പൊതുഗതാഗത സംവിധാനങ്ങളുമായി ബന്ധിപ്പിക്കുന്നുവെന്ന് പബ്ലിക് ട്രാൻസ്പോർട്ട് ഏജൻസി സിഇഒ അഹമ്മദ് ബഹ്റൂസിയാൻ പറഞ്ഞു.



ദുബൈ ആർടിഎയുടെ പുതിയ ടൂറിസ്റ്റ് ബസ്

## ഇലക്ട്രിക് വാഹനങ്ങൾക്ക് ഏകീകൃത ചാർജിങ് ഫീസ് നടപ്പാക്കും



ദുബൈ: യുഎഇയിൽ ഇലക്ട്രിക് വാഹനങ്ങൾക്ക് ഏകീകൃത ചാർജിംഗ് ഫീസ് ഈടാക്കുമെന്ന് റിപ്പോർട്ട്. യുഎഇയിലെ പുതിയ കാബിനറ്റ് പ്രമേയത്തിലാണ് രാജ്യത്ത് ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനുള്ള ഏകീകൃത വിലയെക്കുറിച്ച് പറയുന്നത്. എക്സ്പ്രസ് ചാർജിംഗ് ഒരു യൂണിറ്റിന് 1.20 ദിർഹവും, സ്ലോ ചാർജിന് ഒരു യൂണിറ്റിന് 70 ഫിൽസുമാണ് നിരക്ക്. ഭൂരിഭാഗം പ്രദേശങ്ങളിലും ഇലക്ട്രിക് വാഹന നിരക്ക് സൗജന്യമാണ്. എന്നാൽ ചിലയിടങ്ങളിൽ വ്യത്യസ്ത നിരക്ക് ഈടാക്കുന്ന സാഹചര്യത്തിലാണ് ഫീസ് ഏകീകരിക്കാൻ അധികൃതർ തീരുമാനിച്ചത്. ഇത് സംബന്ധിച്ച വിവരങ്ങൾ കാബിനറ്റ് പ്രമേയം നമ്പർ 81ൽ വ്യക്തമാക്കിയിട്ടുണ്ട്. പുതിയ ഏകീകൃത ഫീസ് എപ്പോൾ ഈടാക്കുമെന്നത് സംബന്ധിച്ച വിവരങ്ങൾ വ്യക്തമല്ല. എന്നാൽ ജൂലൈ 8ന് ഔദ്യോഗിക ഗസറ്റിൽ പ്രമേയം പ്രസിദ്ധീകരിച്ചിരുന്നു.

ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തിയതി മുതൽ 60 ദിവസത്തിനുള്ളിൽ ഇത് പ്രാബല്യത്തിൽ വരുമെന്നാണ് മന്ത്രിസഭാ പ്രമേയം പറയുന്നത്. അതിനാൽ തീരുമാനം സെപ്റ്റംബർ 6 മുതൽ പ്രാബല്യത്തിൽ വരുമെന്നാണ് നിയമ വിദഗ്ധൻ വ്യക്തമാക്കുന്നത്.

## അൽഐനിൽ അപകടത്തിൽ കണ്ണൂർ സ്വദേശി മരിച്ചു



അബ്ദുൽ ഹക്കീം

അൽഐൻ: കണ്ണൂർ ചക്കരക്കല്ല് മൗവ്വഞ്ചേരി സ്വദേശി അബ്ദുൽ ഹക്കീം(24) അൽഐനിൽ വാഹനാപകടത്തിൽ മരിച്ചു. ഹക്കീം ഓടിച്ച കാർ ട്രെയിലറിൽ ഇടിച്ചാണ് അപകടം. അൽഐനിൽ നിന്നും അബൂദബിയിലേക്ക് വരുന്നവഴി സൈഹാൻ എന്ന സ്ഥലത്ത് തിങ്കളാഴ്ച പുലർച്ചെ ഒരു മണിയോടെയാണ് അപകടമുണ്ടായത്. സഹോദരനൊപ്പം അൽഐനിൽ ബിസിനസ് ചെയ്തുവരികയായിരുന്നു. അവിവാഹിതനാണ്. പിതാവ്: അബ്ദുൽ ഖാദർ. മാതാവ്: ഹൈറുന്നിസ. സഹോദരങ്ങൾ: അസ്ഹർ(എൽ ഐൻ), ഹാജറ, ഹസ്ന. ഖബറടക്കം ചൊവ്വാഴ്ച പള്ളിക്കണ്ടി ഖബർസ്ഥാനിൽ.

## യുഎഇയിൽ വ്യാഴാഴ്ച വരെ മൂടിക്കെട്ടിയ കാലാവസ്ഥ





അബുദാബി: യുഎഇയിൽ തിങ്കൾ മുതൽ വ്യാഴം വരെ ഭാഗികമായി മേഘാവൃതമായ കാലാവസ്ഥയായിരിക്കുമെന്ന് നാഷണൽ സെന്റർ ഓഫ് മെറ്റീരിയോളജി അറിയിച്ചു. രാജ്യത്തിന്റെ കിഴക്കും തെക്കുമുള്ള ചില പ്രദേശങ്ങളിൽ മഴയ്ക്ക് സാധ്യതയുണ്ട്. ഇന്റർ ട്രോപ്പിക്കൽ കൺവെർജൻസ് സോണിന്റെ വിപുലീകരണവും ഉയർന്ന തലത്തിലുള്ള മർദ്ദവും രാജ്യത്തെ ബാധിക്കുമെന്നും അധികൃതർ വ്യക്തമാക്കി. കാറ്റ് തെക്ക് കിഴക്ക് നിന്ന് വടക്ക് കിഴക്കോട്ട് വീശുകയും ചിലപ്പോൾ വടക്ക് പടിഞ്ഞാറ് ദിശയിലേക്ക് മാറുകയും ചെയ്യും. അറേബ്യൻ ഗൾഫ് കടലിൽ നേരിയതോ മിതമായതോ ആയ തിരമാലകൾ കാണുമെന്നും ഒമാൻ കടൽ ചൊവ്വാഴ്ച പ്രക്ഷുബ്ധമാകുകയും ചെയ്യുമെന്ന് എൻസിഎം പ്രസ്താവിച്ചു. സ്ഥിതിഗതികൾ നിരീക്ഷിച്ചു വരികയാണെന്നും അപ്ഡേറ്റുകൾ നൽകുന്നത് തുടരുമെന്നും കേന്ദ്രം അറിയിച്ചു.

## ലൈസൻസില്ലാതെ ഇ-സിഗരറ്റുകൾ വിൽപന നടത്തിയ രണ്ടു പേർ പിടിയിൽ



പിടിച്ചെടുത്ത സിഗരറ്റ്

അജ്മാൻ: ലൈസൻസില്ലാതെ 8,00,000 ഇസിഗരറ്റുകൾ വിൽപന നടത്തിയതിന് അജ്മാനിൽ രണ്ട് ഏഷ്യൻ പൗരന്മാർ അറസ്റ്റിൽ. 7,97,555 ഇസിഗരറ്റുകൾ വിൽപന നടത്തുകയും സംഭരിക്കുകയും ചെയ്തതിനാണ് രണ്ട് ഏഷ്യൻ പൗരന്മാരെ അജ്മാൻ പൊലീസ് അറസ്റ്റ് ചെയ്തത്. നികുതി വെട്ടിപ്പ് നടത്തി ലൈസൻസില്ലാതെ ഇസിഗരറ്റുകൾ വൻതോതിൽ വിൽക്കുന്നതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അധികൃതർ നടത്തിയ റെയ്ഡിലാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. ഒരു വില്ലയിലെ അഞ്ച് മുറികളിലായാണ് ഇസിഗരറ്റുകൾ സൂക്ഷിച്ചിരുന്നത്. 40ഉം 30ഉം വയസുള്ള യുവാക്കളാണ് പിടിയിലായത്. അറസ്റ്റിലായ പ്രതികളെ നികുതി വെട്ടിപ്പ് നടത്തിയതിനും ലൈസൻസില്ലാതെ സിഗരറ്റ് വിറ്റതിനും ഫെഡറൽ പ്രോസിക്യൂഷന് റഫർ ചെയ്തു. അംഗീകാരമില്ലാത്ത വിൽപന കേന്ദ്രങ്ങളിൽ നിന്ന് സാധനങ്ങൾ വാങ്ങുമ്പോൾ ജാഗ്രത പാലിക്കണമെന്നും പുകവലി ആരോഗ്യത്തിനും സുരക്ഷയ്ക്കും അപകടമാണെന്നും അധികൃതർ മുന്നറിയിപ്പ് നൽകി.

## രാജ്യാന്തര ഹണ്ടിങ് ആന്റ് ഇക്വസ്ട്രിയൻ എക്സിബിഷൻ 31 മുതൽ

അബുദാബി: വേട്ടയാടുന്നവർക്ക് കുതിരസവാരി പ്രേമികൾക്കും ഒഴിച്ചുകൂടാനാവാത്ത രാജ്യാന്തര ഹണ്ടിംഗ് ആൻഡ് ഇക്വസ്ട്രിയൻ എക്സിബിഷന്റെ-അഡിഹെക്സ്-2024 ന് അബുദാബിയിൽ ഒരുക്കങ്ങൾ പുരോഗമിക്കുകയാണെന്ന് അഡ്നെക് ഗ്രൂപ്പ് അറിയിച്ചു. അൽ ദഫ്ര മേഖലയിലെ ഭരണാധികാരിയുടെ പ്രതിനിധിയും എമിറേറ്റ്സ് ഫാൽക്കണേഴ്സ് ക്ലബ്ബിന്റെ ചെയർമാനുമായ ശൈഖ് ഹംദാൻ ബിൻ സായിദ് അൽ നഹ്യാന്റെ രക്ഷാകർതൃത്വത്തിൽ, എമിറാത്തികളുടെ സാംസ്കാരിക പാരമ്പര്യങ്ങളും പൈതൃകവും സമന്വയിപ്പിച്ച് എമിറാത്തികൾക്ക് പുതിയ ബിസിനസ്സ് അവസരങ്ങൾ തുറക്കുന്ന തരത്തിലാണ് അഡിഹെക്സ് പ്രവർത്തിക്കുക.

എല്ലാ പ്രായക്കാർക്കും, ഒപ്പം സാഹസികതയും ഔട്ട്ഡോർ ജീവിതരീതികളും ആസ്വദിക്കാം. എമിറേറ്റ്സ് ഫാൽക്കണേഴ്സ് ക്ലബ്ബുമായി സഹകരിച്ച് അഡ്നെക് ഗ്രൂപ്പിന്റെ ഇവന്റ് മാനേജ്മെന്റ് വിഭാഗമായ ക്യാപിറ്റൽ ഇവന്റ്സ് ആദ്യമായി സംഘടിപ്പിച്ച രണ്ട് പതിറ്റാണ്ടിലേറെ പാരമ്പര്യമുള്ള ഈ ലോകത്തെ പ്രമുഖ എക്സിബിഷൻ 2024 ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 8 വരെ അഡ്നെക് സെന്റർ അബുദാബിയിൽ നടക്കും.

മെന മേഖലയിലെ ഇത്തരത്തിലുള്ള ഏറ്റവും വലിയ ഇവന്റ് എന്ന നിലയിൽ, കുതിരസവാരി, ഫാൽക്കൺറി, വേട്ടയാടൽ, ഷൂട്ടിംഗ്, ക്യാമ്പിംഗ്, വേട്ടയാടൽ, ടൂറിസം, സഫാരി, മത്സ്യബന്ധനം, മറൈൻ സ്പോർട്സ് എന്നിവയുൾപ്പെടെ 11 വ്യത്യസ്ത സാംസ്കാരിക മേഖലകളിലെ ഏറ്റവും പുതിയ സാങ്കേതികവിദ്യകളും നൂതനാശയങ്ങളും ട്രെൻഡുകളും ഇതിൽ ഹോസ്റ്റു ചെയ്യും. കലയും കരകൗശലവും കൂടാതെ നിരവധി കായിക, ഔട്ട്ഡോർ പ്രവർത്തനങ്ങളുമുണ്ടാവും. വിവിധയിനെ ഫാൽക്കൺ പ്രദർശനവും ലേലം വിളിയും നടക്കും. ഫാമിലി ഷോയിൽ എല്ലാ പ്രായത്തിലുമുള്ള സന്ദർശകരെ രസിപ്പിക്കുന്നതിന് ഉറപ്പുനൽകുന്ന പരിപാടി ഒരുക്കും. മനുഷ്യരാശിക്ക് കാലങ്ങളായി മൃഗങ്ങളുമായി ഉണ്ടായിരുന്ന വൈദഗ്ധ്യം, ചരിത്രം, പൈതൃകം, ദീർഘകാല ബന്ധം എന്നിവ ഈ ഷോയിൽ ആസ്വദിക്കാം. അബുദാബി പോലീസ് മ്യൂസിക്കൽ ബാൻഡിനൊപ്പം അബുദാബി പോലീസ് ഷോകേസും ഇക്വീൻ ടീമും കെ9 യൂണിറ്റും തമ്മിലുള്ള ആകർഷകമായ ക്രൈം സീൻ പുനരാവിഷ്കരണവും ഷോയുടെ ഹൈലൈറ്റുകളിൽ ഉൾപ്പെടുന്നു. കുതിരപ്പുറത്തുള്ള ചരിത്രപരമായ യുദ്ധവും അമ്പെയ്ത്തും മംലൂക്ക് അമ്പെയ്ത്തും കാബർ സ്റ്റേബിളുകളും പരമ്പരാഗത ഓട്ടോമൻ യുദ്ധ രംഗങ്ങളും അമ്പെയ്ത്ത് വൈദഗ്ധ്യവും പ്രകടിപ്പിക്കുന്നതാണ്. വിംഗ്സ് ഓഫ് ദി സഹാറ ബേർഡ് ഷോ അൽ ഐൻ മൃഗശാലയുടെ ആകർഷകമായ പക്ഷി പ്രദർശനം പ്രദർശിപ്പിക്കും. അതിശയകരമായ പ്രദർശനത്തിൽ വിദേശ പക്ഷികളെ അവതരിപ്പിക്കുന്നു.



ട്രിക്ക് ആന്റ് റോമൻ റൈഡിംഗ് പ്രകടനം ഒരേസമയം നാല് കുതിരകളിൽ വരെ നടത്തുന്ന കുതിരപ്പുറത്ത് സ്റ്റണ്ടുകളുള്ള ട്രിക്ക് റൈഡിംഗിന്റെയും റോമൻ സവാരിയുടെയും ആവേശകരമായ പ്രകടനം നൽകും. ഫാൽക്കൺറി, കുതിരസവാരി, മരുഭൂമിയുടെ ഭൗതികശാസ്ത്രം, സമുദ്ര പര്യവേക്ഷണം, മരുഭൂമിയിലെ അതിജീവന കഴിവുകൾ, പ്രകൃതി പരിസ്ഥിതി, എമിറാത്തി സംസ്കാരം, പൈതൃകം, സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട ആകർഷകമായ വിഷയങ്ങൾ ഉൾക്കൊള്ളുന്ന തത്സമയ പ്രദർശനങ്ങൾക്കും ശിൽപശാലകൾക്കുമായി സന്ദർശകർക്ക് അഡിഹെക്സ് നോളജ് ഹബിൽ ചേരാം. ആകർഷകമായ ഷോകൾക്കും പ്രദർശനങ്ങൾക്കും പുറമേ, സന്ദർശകർക്ക് വ്യവസായ വിദഗ്ധരുമായി നെറ്റ്‌വർക്ക് ചെയ്യാനും ചരക്കുകളും ഉപകരണങ്ങളും വാങ്ങാനും വ്യവസായ പ്രമുഖരായ നിർമ്മാതാക്കളുമായും വിതരണക്കാരുമായും കണക്റ്റുചെയ്യാനും വിപുലമായ ഓപ്ഷനുകൾ പ്രയോജനപ്പെടുത്താം.

## ഷാർജ ബീച്ച് ഫെസ്റ്റിവൽ 15 മുതൽ



ഷാർജ: ഷാർജ ഇൻവെസ്റ്റ്മെന്റ് ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി (ഷുറൂഖ്) ആഗസ്ത് 15 മുതൽ സെപ്തംബർ 15 വരെ അൽ ഹീറ ബീച്ചിനെ കേന്ദ്രമാക്കി മാറ്റുന്ന 'ഷാർജ ബീച്ച് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നു. ദിവസവും വൈകുന്നേരം 4 മുതൽ രാത്രി 10 വരെയാണ് സമയം. ബീച്ച് സ്പോർട്സ്, വിനോദ പ്രവർത്തനങ്ങൾ എന്നിവയുടെ വിപുലമായ ശ്രേണി പ്രദർശിപ്പിക്കുന്ന ഈ ആഘോഷം വ്യക്തികൾക്കും കുടുംബങ്ങൾക്കും പങ്കെടുക്കാം.

ഉത്സവം വിവിധ സോണുകളായി തിരിച്ചിരിക്കുന്നു. വാട്ടർ ആൻഡ് ബീച്ച് സ്പോർട്സ് സോൺ സന്ദർശകർക്ക് പാഡിൽബോർഡിംഗ്, ബീച്ച് വോളിബോൾ, സോക്കർ, ഒബ്സ്റ്റാക്കിൾ കോഴ്സുകൾ തുടങ്ങി വിവിധ ജല കായിക വിനോദങ്ങളിൽ ഏർപ്പെടാൻ അവസരമൊരുക്കും. ഹെൽത്ത് ആന്റ് വെൽനസ് സോൺ യോഗ, എയ്റോബിക്സ്, സുംബ സെഷനുകൾ ഉണ്ടാവും. സന്ദർശകർക്ക് വിശ്രമിക്കാനും വിശ്രമിക്കാനും സൂര്യാസ്തമയ ധ്യാന ക്ലാസുകളിലും പങ്കെടുക്കാം. സമഗ്രമായ ആരോഗ്യം, ക്ഷേമം എന്നിവയിൽ ഊന്നൽ നൽകുന്ന വിദഗ്ധരുടെ നേതൃത്വത്തിൽ ഫിറ്റ്നസ് വർക്ക് ഷോപ്പുകളും ലഭ്യമാകും.

വിനോദ മേഖല ദൈനംദിന സംഗീത ഷോകൾ, ഔട്ട്ഡോർ ബീച്ച് സിനിമ, വായന സെഷനുകൾ, പപ്പറ്റ് ഷോകൾ, കുട്ടികൾക്കും കൗമാരക്കാർക്കും മുതിർന്നവർക്കും അനുയോജ്യമായ വിവിധ സംവേദനാത്മക ഗെയിമുകളും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കും. അന്തർദേശീയവും പ്രാദേശികവുമായ വിഭവങ്ങൾ വിളമ്പുന്ന നിരവധി റെസ്റ്റോറന്റുകളും കഫേകളും കൂടാതെ പരമ്പരാഗത കരകൗശല, കരകൗശല വിപണിയും ഫെസ്റ്റിവലിൽ ഒരുക്കും. ഷാർജയുടെ കടൽതീരങ്ങൾ വേനൽക്കാലത്ത് താമസക്കാർക്കും സന്ദർശകർക്കും അതുല്യമായ സമ്മാനിക്കുന്നതിന് ശുറൂഖിന്റെ പ്രതിബദ്ധതയാണ് ഫെസ്റ്റിവൽ.

## സാലിക്കിൽ ഷെയർ നിക്ഷേപിച്ച് വരുമാനം നേടാമെന്ന പ്രചാരണം വ്യാജമെന്ന് അധികൃതർ





ദുബൈ: ദുബൈയിലെ ടോൾ ഓപ്പറേറ്റിംഗ് കമ്പനിയായ സാലിക്കിന്റെ പേരിൽ വ്യാജ പ്രചാരണം നടക്കുന്നതായി അധികൃതർ മുന്നറിയിപ്പ് നൽകി. സാലിക്കിൽ പണം നിക്ഷേപിച്ചാൽ താമസക്കാർക്ക് 35,600 ദിർഹം പ്രതിമാസ വരുമാനം ലഭിക്കുമെന്ന പ്രചരണം തെറ്റാണെന്നും അധികൃതർ അറിയിച്ചു. 250 ഡോളർ (ഏകദേശം 917 ദിർഹം)വീതമുള്ള സാലിക് ഷെയറുകളിൽ നിക്ഷേപിച്ച് പ്രതിമാസ വരുമാനം നേടാമെന്നായിരുന്നു വ്യാജ വാഗ്ദാനം. എന്നാൽ കമ്പനി ഔദ്യോഗികമായി ഒരു വാദ്ഗാനവും നൽകിയിട്ടില്ലെന്നും നിക്ഷേപ അവസരങ്ങളുടെ പേരിൽ തെറ്റിധാരണ പരുത്തുന്ന വാർത്തകളും സോഷ്യൽ മീഡിയ പോസ്റ്റുകളും വിശ്വസിക്കരുതെന്നും സാലിക്ക് അധികൃതർ നിർദ്ദേശിച്ചു. കമ്പനിയുടെ പേര് ദുരുപയോഗം ചെയ്യുന്ന വെബ്സൈറ്റുകൾ, ഇമെയിലുകൾ, സോഷ്യൽ മീഡിയ തുടങ്ങിയവയിൽ നിന്ന് ഉപഭോക്താക്കളും നിക്ഷേപകരും അകലം പാലിക്കണമെന്നും സാലിക് പ്രസ്താവനയിൽ അറിയിച്ചു. വ്യാജ വാർത്തകൾക്കെതിരേ കമ്പനി നിയമ നടപടി സ്വീകരിക്കും. സംശയാസ്പദമായ ലിങ്കുകളിലോ പോപ്പ്അപ്പ് പരസ്യങ്ങളിലോ ക്ലിക്ക് ചെയ്യരുതെന്നും ഏറ്റവും പുതിയ സുരക്ഷാ അപ്ഡേറ്റുകൾക്കായി സാലിക്കിന്റെ ഔദ്യോഗിക വെബ്സൈറ്റും ചാനലുകളും മാത്രം സന്ദർശിക്കണമെന്നും അധികൃതർ പറഞ്ഞു.

الهيئة الاتحادية للضرائب
FEDERAL TAX AUTHORITY

## കോർപ്പറേറ്റ് ടാക്സ് രജിസ്ട്രേഷൻ അപേക്ഷകൾ 31നകം സമർപ്പിക്കണം

അബുദാബി: ഫെഡറൽ ടാക്സ് അതോറിറ്റി ജൂണിൽ നൽകിയ ലൈസൻസുള്ള റസിഡന്റ് ജുറിഡിക്കൽ വ്യക്തികളോട് അവരുടെ കോർപ്പറേറ്റ് ടാക്സ് രജിസ്ട്രേഷൻ അപേക്ഷകൾ ആഗസ്റ്റ് 31നകം സമർപ്പിക്കേണ്ടതാണ്. നികുതി രജിസ്ട്രേഷനായി വ്യക്തമാക്കിയ ടൈംലൈനിൽ 2024 ലെ സമയക്രമത്തിന് അനുസൃതമാണിത്. രജിസ്ട്രേഷൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി, റസിഡന്റ് പേഴ്സണും നോൺ റെസിഡന്റ് പേഴ്സണും ഉൾപ്പെടെയുള്ള നിയമപരവും സ്വാഭാവികവുമായ വ്യക്തികളെ ഉൾക്കൊള്ളുന്നു. എല്ലാ വിഭാഗത്തിലുള്ള വ്യക്തികൾക്കും ഈ നിർദിഷ്ട സമയപരിധികൾ, തീരുമാനങ്ങൾ, പൊതു വ്യക്തതകൾ, മറ്റ് പ്രസക്തമായ ഇഷ്യൂകൾ എന്നിവ എഫ്ടിഎയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. 2024 മാർച്ച് 1ന് മുമ്പ് ഇൻകോർപ്പറേറ്റ് ചെയ്തതോ അല്ലാത്ത വിധത്തിൽ സ്ഥാപിക്കപ്പെട്ടതോ അംഗീകരിക്കപ്പെട്ടതോ ആയ റസിഡന്റ് ജുറിഡിക്കൽ വ്യക്തികൾക്ക്, ലൈസൻസ് നൽകിയ മാസത്തെ അടിസ്ഥാനമാക്കി നികുതി രജിസ്ട്രേഷൻ അപേക്ഷകൾ സമർപ്പിക്കണം. 2024 മാർച്ച് 1ന് കാലഹരണപ്പെട്ട ലൈസൻസുള്ള ജുറിഡിക്കൽ വ്യക്തികൾ ലൈസൻസ് യഥാർത്ഥത്തിൽ നൽകിയ മാസത്തെ അടിസ്ഥാനമാക്കി അവരുടെ നികുതി രജിസ്ട്രേഷൻ അപേക്ഷ സമർപ്പിക്കണം. 2024 മാർച്ച് 1ന് ഒരു ജുറിഡിക്കൽ വ്യക്തിക്ക് ഒന്നിലധികം ലൈസൻസുകൾ ഉണ്ടെങ്കിൽ, ഏറ്റവും നേരത്തെ ഇഷ്യൂ ചെയ്ത തീയതിയുള്ള ലൈസൻസ് ഉപയോഗിക്കാം. കോർപ്പറേറ്റ് ടാക്സിന് അപേക്ഷിക്കാനും സമർപ്പിക്കാനും രജിസ്റ്റർ ചെയ്യാനും യുഎഇയിലെ നികുതി വിധേയരായ വ്യക്തികൾക്ക് 'എമാറാ ടാക്സ്' ഡിജിറ്റൽ ടാക്സ് സേവന പ്ലാറ്റ്ഫോം ഉപയോഗിക്കാം. പ്ലാറ്റ്ഫോം 24 മണിക്കൂറും ലഭ്യമാണ്. കൂടാതെ പ്രൊഫൈലുകൾ സൃഷ്ടിക്കാനും രജിസ്ട്രേഷൻ നമ്പറുകൾ നേടാനും ഉപയോക്താക്കളെ അനുവദിക്കുന്നു. കൃത്യമായ വിവരങ്ങളും പുതുക്കിയ രേഖകളും രജിസ്ട്രേഷന് അനിവാര്യമാണ്.


ഷാർജ കെ.എം.സി.സി സംഘടിപ്പിച്ച അനുസ്മരണ, പ്രാർത്ഥന സദസ്സ് നിസാർ തളങ്കര ഉദ്ഘാടനം ചെയ്യുന്നു

## തങ്ങൾ അനുസ്മരണവും പ്രാർത്ഥനാസദസ്സും

ഷാർജ: കെ.എം.സി.സി ഷാർജ സംസ്ഥാന കമ്മിറ്റി പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ, സയ്യിദ് ഉമ്മർ ബാഫഖി തങ്ങൾ അനുസ്മരണവും വയനാട്ടിലെ ഉരുൾപൊട്ടൽ ദുരിത ബാധിതർക്കായി പ്രാർത്ഥനാസദസ്സും സംഘടിപ്പിച്ചു. ഷാർജ കെ.എം.സി.സി ഹാളിൽ നടന്ന പരിപാടി യു.എ.ഇ കെ.എം.സി.സി കേന്ദ്ര കമ്മിറ്റി ട്രഷററും ഇന്ത്യൻ അസോസിയേഷൻ ഷാർജ പ്രസിഡണ്ടുമായ നിസാർ തളങ്കര ഉദ്ഘാടനം ചെയ്തു. ഷാർജ കെ.എം.സി.സി ആക്ടിങ് പ്രസി. കബീർ ചാന്നാങ്കര അധ്യക്ഷത വഹിച്ചു. ഇസ്മായിൽ വാഫി അനുസ്മരണ പ്രഭാഷണം നടത്തി.

വയനാട് ദുരിത ബാധിതർക്ക് വേണ്ടിയുള്ള പ്രാർത്ഥന സദസ്സിനും അദ്ദേഹം നേതൃത്വം നൽകി. വൈസ് പ്രസിഡണ്ട് സൈദ് മുഹമ്മദ്, സെക്രട്ടറി നസീർ കുനിയിൽ പ്രസംഗിച്ചു. ഷാർജ കെ.എം.സി.സി ജന.സെക്രട്ടറി മുജീബ് തൃക്കണ്ണാപുരം സ്വാഗതവും സെക്രട്ടറി ഷാനവാസ് കെ.എസ് നന്ദിയും പറഞ്ഞു.

**ഗൾഫ്/വിദേശ വാർത്തകൾ**

**പ്രവാസ ലോകത്ത് നിന്നും വയനാടിന് കൈത്താങ്ങ്**

### അക്കാഫ് 10 വീടുകൾ നൽകും

ദുബൈ: ഉരുൾപൊട്ടലിൽ സർവ്വതും നഷ്ടപ്പെട്ട വയനാട്ടിലെ സഹോദരങ്ങൾക്ക് വീടുകൾ നിർമിച്ചു നൽകുമെന്ന് അക്കാഫ് അസോസിയേഷൻ അറിയിച്ചു. വീടുകൾ നഷ്ടപ്പെട്ടവർക്ക് പത്ത് വീടുകളാണ് അക്കാഫ് നൽകുക. സർക്കാരുമായി ബന്ധപ്പെട്ട് അർഹരായ ആൾക്കാരെയും ഉചിതമായ സ്ഥലവും കണ്ടെത്തുമെന്ന് പ്രസിഡന്റ് പോൾ ടി. ജോസഫ്, സെക്രട്ടറി എ.എസ്. ദീപു, ട്രഷറർ മുഹമ്മദ് നൗഷാദ് എന്നിവർ അറിയിച്ചു.

### മെഡ്-07 ഗ്രൂപ്പ് വീടുകൾ നൽകും

ദുബൈ: വയനാട്ടിലെ ഉരുൾപൊട്ടൽ ദുരിതബാധിതർക്ക് വീട് നിർമിച്ച് നൽകുമെന്ന് ആരോഗ്യ സംരക്ഷണ സേവനദാതാക്കളായ മെഡ് 7 ഗ്രൂപ്പ് അറിയിച്ചു. ദുരിതബാധിതർക്ക് ദീർഘകാല പിന്തുണ നൽകുകയെന്ന ലക്ഷ്യത്തോടെയാണ് പദ്ധതി. ഉരുൾപൊട്ടലിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ചെയർമാൻ ജുനൈദ് ആനമങ്ങാടൻ അനുശോചനം അറിയിച്ചു.

# ദുരന്തഭൂമിയിൽ പ്രതീക്ഷകളുടെ പുതുനാമ്പുകളെറിയാൻ യുഎഇ കെഎംസിസി

മേപ്പാടി: പ്രകൃതിക്കലിയിൽ പൊട്ടിയടർന്ന പച്ചക്കാഴ്ചകളുടെ പകിട്ടായിരുന്ന മുണ്ടക്കൈ, ചൂരൽമല, പുഞ്ചിരിമട്ടം പ്രദേശങ്ങളിലെ ദുരിദബാധിതരെ പുതുജീവിതത്തിലേക്ക് കൈപിടിക്കാൻ മാതൃകാ പദ്ധതിയുമായി കെ.എം.സി.സി. സർവ്വം നഷ്ടപ്പെട്ട് മരണത്തോളം വലിയ വേദനയിൽ ദുരിതഭൂമിയിൽ കഴിയുന്നവർക്കായി പ്രതീക്ഷയുടെ പുതുനാമ്പുകളെറിയുകയാണ് യു.എ.ഇ കെ.എം.സി.സി നാഷണൽ കമ്മിറ്റി. ദുരിതബാധിതരുടെ പുനരധിവാസ പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലക്ക് പ്രദേശങ്ങളിലെ അമ്പത് പേർക്ക് വിദേശത്തടക്കം ജോലി ഉറപ്പാക്കുമെന്ന് യു.എ.ഇ കെ.എം.സി.സി നാഷണൽ കമ്മിറ്റി ജനറൽ സെക്രട്ടറി പി.കെ അൻവർ നഹ പറഞ്ഞു. ദുരന്തപ്രദേശങ്ങൾ സന്ദർശിച്ച ശേഷം ചന്ദ്രികയോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

"ആയിരങ്ങളാണ് നിലവിൽ പരിക്കേറ്റും സർവ്വതും നഷ്ടപ്പെട്ടും ആശുപത്രികളിലും ദുരിതാശ്വാസ ക്യാമ്പുകളിലും കഴിയുന്നത്. ക്യാമ്പുകൾ അടക്കുന്നതോടെ ഇവരുടെ ജീവിതം വഴിമുട്ടരുത്. അതിനായി സർക്കാർ സംവിധാനങ്ങൾ സദാജാഗ്രവത്താവണം. അതോടൊപ്പം സർവ്വപ്രതീക്ഷകളും നഷ്ടപ്പെട്ടവർക്ക് ജോലിയെന്ന ആശ്വാസമൊരുക്കുകയാണ് കെ.എം.സി.സി'' അൻവർ നഹ പറഞ്ഞു.

കുടുംബത്തിലെ ഒരംഗത്തിന് ജോലി എന്നതിലൂടെ നിരവധി വ്യക്തികളുടെ ജീവിതമാണ് സുരക്ഷിതമാവുന്നത്. ദുരിതബാധിതരോ ദുരന്തബാധിത പ്രദേശത്ത് പെട്ടവരോ എന്നത് മാത്രമാണ് നിലവിൽ പരിഗണിക്കുന്നത്. യോഗ്യതകൾക്കനുസരിച്ച ജോലികൾ ഉറപ്പുവരുത്താനും കെ.എം.സി.സി സജ്ജമാണെന്നും ഏറ്റവുമടുത്ത ദിവസങ്ങളിൽ തന്നെ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നടപടകിളാരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. ദുബൈ കെ.എം.സി.സി നേതാക്കളായ ടി.എൻ അഷറഫ്, കെ.ടി റഫീഖ്, ചന്ദ്രിക അഡ്മിനിസ്ട്രേറ്റർ മുഹമ്മദ് സൽമാൻ, അൻവറലി ഖാൻ, നഈം തുടങ്ങിയവരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.


ദുരന്തബാധിത പ്രദേശത്തെത്തിയ കെ.എം.സി.സി നേതാക്കൾ ആർമി ഉദ്യോഗസ്ഥരോടൊപ്പം

**കുവൈത്തിൽ**
## വിദേശ ബിസിനസ് സംരംഭകരുടെ വിസ സ്റ്റാറ്റസിൽ നിയന്ത്രണം വരുന്നു

കുവൈത്ത് സിറ്റി: റസിഡൻസി പെർമിറ്റ് കൈവശം വച്ചിരിക്കുന്ന താമസക്കാരായ വിദേശികൾക്ക് കമ്പനികൾ, മറ്റ് സ്ഥാപനങ്ങളിൽ ഇനി മുതൽ പാർട്ണർമാരോ, മാനേജിങ് പാർട്ണർമാരായോ ആയി പ്രവേശിക്കാനാവില്ല. ഇവർക്ക് വാണിജ്യ രജിസ്റ്റർ ചെയ്യുന്നതിൽ നിന്നും വിലക്കുന്ന പുതിയ നയം വാണിജ്യ വ്യവസായ മന്ത്രാലയം നടപ്പിലാക്കാനൊരുങ്ങുന്നു. ആർട്ടിക്കിൾ 19 പ്രകാരമാണിതെന്ന് അൽ റായിയെ ഉദ്ധരിച്ച് റിപ്പോർട്ട് ചെയ്തു. സസ്പെൻഷൻ നിലവിലുള്ള കമ്പനികളുടെയും മറ്റ് സ്ഥാപനങ്ങളുടെയും പുതുക്കൽ, ഭേദഗതി എന്നിവയെ താൽക്കാലിക അടിസ്ഥാനത്തിൽ ബാധിക്കാൻ സാധ്യതയുണ്ട്.

പുതിയ സാഹചര്യത്തിൽ ആർട്ടിക്കിൾ 19ന് കീഴിൽ വരാത്ത ബിസിനസ് പങ്കാളികളോ മാനേജർമാരോ ഉൾപ്പെടുന്നവരുടെ നിലവിലുള്ള ഏതെങ്കിലും ലൈസൻസുകൾ സസ്പെൻഡ് ചെയ്യപ്പെടും. വാണിജ്യ സ്ഥാപനങ്ങളിൽ പാലിക്കേണ്ടുന്ന ശരിയായ മാനേജ്മെന്റ് ഉറപ്പാക്കുന്നതിനുള്ള സുപ്രധാന നിയന്ത്രണ നടപടിയായാണ് ഈ നീക്കത്തെ കാണുന്നത്. പുതിയ നിയന്ത്രണ നടപടിയുടെ സമയ പരിധി സംബന്ധിച്ച് വാണിജ്യ മന്ത്രാലയം ഇതുവരെയും വിശദാംശങ്ങൾ വെളിപ്പെടുത്തിയിട്ടില്ല.


മുസ്‌ലിം ലീഗ് സമഗ്ര പുനരധിവാസ പദ്ധതി സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ കൽപ്പറ്റയിൽ പ്രഖ്യാപിക്കുന്നു

# ഗസ്സയിൽ മരണം ഉയരുന്നു

ഗസ്സ: ഇരുപത്തിനാല് മണിക്കൂറിനിടെ ഗസ്സയിൽ 40 ഫലസ്തീനികളെക്കൂടി കൊലപ്പെടുത്തി ഇസ്രാഈൽ സേന. 71 പേർക്ക് പരിക്കേറ്റതായും ഗസ്സ ആരോഗ്യ മന്ത്രാലയം പറയുന്നു. ഇതോടെ 10 മാസമായി തുടരുന്ന കൂട്ടക്കുരുതിയിൽ മരണനിരക്ക് 39,623 ആയും പരിക്കേറ്റവരുടെ എണ്ണം 91,469 ആയും ഉയർന്നു. മധ്യ ഗസ്സയിൽ ഇസ്രാഈൽ നടത്തിയ ഷെല്ലാക്രമണത്തിൽ എട്ടുപേർ കൊല്ലപ്പെടുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ദെയ്റുൽ ബലാഹിന് തെക്ക് അൽ മതാഹിനിൽ ഒരു സിവിലിയൻ വാഹനം വ്യോമാക്രണത്തിൽ തകർന്നു. നുസൈറത്ത് തീരത്തിനു സമീപം ഒരു ഫലസ്തീൻ മത്സ്യബന്ധന ജീവനക്കാരനെ ഇസ്രാഈൽ യുദ്ധക്കപ്പൽ വെടിവെച്ചു കൊലപ്പെടുത്തി.


ഗസ്സയിലെ നുസൈറത്ത് അഭയാർത്ഥി ക്യാമ്പിൽ ഇസ്രാഈൽ ആക്രമണത്തിൽ പരിക്കേറ്റവരെ അൽഅഖ്സ ആശുപത്രിയിൽ കൊണ്ടുവന്നപ്പോൾ

തലൽ ഹവായിൽ നാലുപേരും ഖാൻ യൂനിസിന്റെ തെക്കൻ മേഖലയിൽ അഞ്ചുപേരും കൊല്ലപ്പെട്ടു. ഗസ്സ ദേശീയ സാമ്പത്തിക മന്ത്രാലയ അണ്ടർ സെക്രട്ടറി അബ്ദുൽ ഫത്താഹ് അൽ സുറാഇയെ വ്യോമാക്രണത്തിലൂടെ കൊലപ്പെടുത്തിയതായി ഇസ്രാഈൽ സേന സ്ഥിരീകരിച്ചു. ഹമാസിന്റെ ആയുധ ശേഖരം വിപുലപ്പെടുത്തുന്നതിൽ അദ്ദേഹത്തിന് സുപ്രധാന പങ്കുള്ളതായി ഇസ്രാഈൽ പറയുന്നു. അതേസമയം കൊല്ലപ്പെട്ട 84 ഫലസ്തീനികളുടെ മൃതദേഹങ്ങൾ ഇസ്രാഈൽ സേന ഗസ്സക്ക് കൈമാറി. ഇന്റർനാഷണൽ റെഡ്ക്രോസിന്റെയും ഫലസ്തീൻ സിവിൽ ഡിഫൻസിന്റെയും പങ്കാളിത്തത്തോടെ കറം അബൂ സാലിമിലൂടെ കൊണ്ടുവന്ന മൃതദേഹങ്ങൾ ഖബറടക്കുന്നതിനു മുമ്പായി നാസർ മെഡിക്കൽ കോംപ്ലക്സിൽ എത്തിച്ചു. ഇവർ എങ്ങനെയാണ് കൊല്ലപ്പെട്ടതെന്ന് വ്യക്തമല്ല. ഗസ്സയോടൊപ്പം അധിനിവേശ വെസ്റ്റ് ബാങ്കിലും ഇസ്രാഈൽ മനുഷ്യവേട്ട തുടരുകയാണ്. ഇന്നലെ രണ്ടു കുട്ടികളടക്കം 25 ഫലസ്തീനികളെ ഇസ്രാഈൽ സേന തട്ടിക്കൊണ്ടുപോയി.

### കുടുംബത്തെ ചതച്ചരച്ച് ഇസ്രാഈൽ ടാങ്ക്

ഗസ്സ: ഖാൻ യൂനിസിലെ തമ്പുകളിൽ താമസിച്ചിരുന്ന ഫലസ്തീൻ കുടുംബത്തെ ഇസ്രാഈൽ ടാങ്കുകൾ ചതച്ചരച്ച് കൊലപ്പെടുത്തിയതായി രക്ഷപ്പെട്ട സ്ത്രീയുടെ വെളിപ്പെടുത്തൽ.

'തമ്പുകൾക്കുനേരെ ഇസ്രാഈൽ സേന മുന്നറിയിപ്പില്ലാതെ വെടിവെച്ചു തുടങ്ങി. ടാങ്ക് മുന്നോട്ടുവന്നപ്പോൾ തമ്പിൽ കുടുങ്ങിയ ഞങ്ങളുടെ മൂന്ന് കുട്ടികളെയും രക്ഷപ്പെടുത്താൻ ഭർത്താവ് ഓടിപ്പോയി. മരണം മുന്നിൽ വന്നുനിൽക്കുമ്പോഴും മക്കളെ രക്ഷിക്കാനിറങ്ങിയ അദ്ദേഹം വെടിയേറ്റു വീണു.

ഭർത്താവിനും മക്കൾക്കും രക്ഷപ്പെടാൻ സാധിച്ചില്ല. ശേഷം എനിക്കും ഞങ്ങളുടെ ഒരു കുട്ടിക്കും നേരെയാണ് ടാങ്ക് വന്നത്. അത് എന്നെ തട്ടിമാറ്റി. ഭർത്താവിനെയും മക്കളെയും നഷ്ടപ്പെട്ടതോടെ എന്നെക്കൂടി ചതച്ചരക്കട്ടേ എന്ന് കരുതി ഞാൻ ടാങ്കിനുവേണ്ടി കാത്തുനിന്നു. പക്ഷേ, അവർ എന്നെ ഒന്നും ചെയ്യാതെ ഉപേക്ഷിച്ചുപോയി. കൊല്ലപ്പെട്ട എന്റെ ഭർത്താവിനും മക്കൾക്കും എന്തു സംഭവിച്ചുവെന്ന് ഇപ്പോൾ എനിക്ക് അറിയില്ല.'-അവർ വിവരിച്ചു.

# പശ്ചിമേഷ്യയിൽ യുദ്ധഭീതി കനക്കുന്നു

തെഹ്റാൻ: ഹമാസ് നേതാവ് ഇസ്മാഈൽ ഹനിയ്യയുടെ കൊലപാതകത്തിന് ഇസ്രാഈലിനോട് പകരം ചോദിക്കാൻ ഇറാനും ഹിസ്ബുല്ലയും തയാറെടുക്കുന്ന പ്രത്യേക പശ്ചാത്തലത്തിൽ പശ്ചിമേഷ്യ വലിയൊരു യുദ്ധത്തിന്റെ വക്കിലേക്ക് നീങ്ങുകയാണ്. സംഘർഷം പടരാതിരിക്കാൻ ഇസ്രാഈലിനെ ശിക്ഷിക്കേണ്ടത് അനിവാര്യമാണെന്ന് ഇറാൻ വിദേശകാര്യ വക്താവ് നാസർ കനആനി ആവർത്തിച്ചുവ്യക്തമാക്കി.

ലബനാനിൽ ഇസ്രാഈൽ ആക്രമണം ശക്തമാക്കിയിട്ടുണ്ട്. ലബനീസ് പട്ടണമായ മെയ്സുൽ ജബലിൽ ഇസ്രാഈൽ നടത്തിയ വ്യോമാക്രണത്തിൽ ഒരു ആരോഗ്യപ്രവർത്തകനടക്കം രണ്ടുപേർ കൊല്ലപ്പെട്ടു. ഹിസ്ബുല്ല പ്രവർത്തകർക്കുനേരെയും ആക്രമണമുണ്ടായതായി റിപ്പോർട്ടുണ്ട്. സ്ഫോടനാത്മക സാഹചര്യം കണക്കിലെടുത്ത് ഇസ്രാഈലിലേക്കും ലബനാനിലേക്കും ഫലസ്തീനിലേക്കും യാത്ര ചെയ്യരുതെന്ന് അയർലൻഡ് തങ്ങളുടെ പൗരന്മാരോട് ആവശ്യപ്പെട്ടു. അമേരിക്കയും ബ്രിട്ടനും ഫ്രാൻസുമടക്കം മറ്റു നിരവധി രാജ്യങ്ങളും പശ്ചിമേഷ്യൻ യാത്ര ഒഴിവാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഗസ്സ യുദ്ധം മേഖലയൊട്ടാകെ വ്യാപിക്കുമെന്ന് താൻ ഭയപ്പെടുന്നതായി യു.എൻ മനുഷ്യാവകാശ ഹൈകമ്മീഷണർ വോൾക്കർ ടർക്ക് പറഞ്ഞു. സംഘർഷങ്ങൾ പടരുന്നത് ഒഴിവാക്കാൻ ബന്ധപ്പെട്ട കക്ഷികളും അവർക്കുമേൽ സ്വാധീനമുള്ള രാജ്യങ്ങളും ജാഗ്രത പുലർത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഇറാനിൽനിന്നുള്ള ആക്രമണ ഭീഷണി കണക്കിലെടുത്ത് ഇസ്രാഈൽ സഖ്യരാജ്യങ്ങളോട് സഹായം തേടിയിട്ടുണ്ട്. ഈ ഘട്ടത്തിൽ എല്ലാവരും തങ്ങളോടൊപ്പം ഉറച്ചുനിൽക്കണമെന്ന് ഇറ്റാലിയൻ പ്രതിരോധ മന്ത്രിയുമായുള്ള ചർച്ചക്കുശേഷം ഇസ്രാഈൽ പ്രതിരോധ മന്ത്രി യോവ് ഗാലന്റ് ആവശ്യപ്പെട്ടു. അതേസമയം സുരക്ഷാ സഹകരണം ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ റഷ്യൻ സെക്യൂരിറ്റി കൗൺസിൽ സെക്രട്ടറി സെർജി ഷൊയ്ഗു ഇറാനിലെത്തി. തെഹ്റാനിൽ പ്രസിഡന്റ് മസ്ഊദ് പെസഷ്കിയാൻ ഉൾപ്പെടെയുള്ള ഇറാന്റെ ഉന്നത നേതാക്കളുമായി അദ്ദേഹം ചർച്ച നടത്തും. പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഷൊയ്ഗുവിന്റെ സന്ദർശനം ഏറെ ശ്രദ്ധേയമാണ്.

## തീവ്ര വലതുപക്ഷ കലാപത്തിൽ കുലുങ്ങി ബ്രിട്ടൻ

### കലാപം വ്യാജ പ്രചാരണത്തെ തുടർന്ന്; ഹോട്ടലുകൾക്കുനേരെയും ആക്രമണം

ലണ്ടൻ: സൗത്ത്പോർട്ടിലെ ഡാൻസ് ക്ലാസിൽ മൂന്ന് പെൺകുട്ടികൾ കുത്തേറ്റ് മരിച്ചതിനെത്തുടർന്നുള്ള പ്രതിഷേധങ്ങളിൽ കുലുങ്ങി ബ്രിട്ടൻ. അക്രമി മുസ്‌ലിം കുടിയേറ്റക്കാരനാണെന്ന് വ്യാജ പ്രചാരണം മുതലെടുത്ത് കുടിയേറ്റ വിരുദ്ധ തീവ്ര വലതുപക്ഷ ഗ്രൂപ്പുകൾ രാജ്യത്ത് കലാപം അഴിച്ചുവിടുകയാണ്.

കുടിയേറ്റക്കാർ താമസിക്കുന്ന രണ്ട് ഹോട്ടലുകൾ കലാപകാരികൾ ആക്രമിച്ചു. റോതർഹാമിന് സമീപം കുടിയേറ്റക്കാരെ പാർപ്പിച്ചിരുന്ന ഹോളിഡേ ഇൻ എക്സ്പ്രസ് ഹോട്ടലിനുസമീപം നൂറുകണക്കിന് ആളുകൾ തടിച്ചുകൂടുകയും കല്ലേറ് നടത്തുകയും ചെയ്തു. ആക്രമണത്തിൽ ഹോട്ടലിന്റെ ജനലുകൾ തകർന്നു. ചവറ്റു വീപ്പകൾക്ക് അക്രമികൾ തീവെച്ചു. കല്ലേറിൽ പരിക്കേറ്റ പൊലീസുദ്യോഗസ്ഥനെ ഹെലികോപ്ടറിലാണ് ആശുപത്രിയിൽ എത്തിച്ചത്.

ഹോട്ടലിലേക്ക് ഇരച്ചുകയറാൻ ശ്രമിച്ച മുഖംമൂടി ധാരികളായ കലാപകാരികളെ പൊലീസ് തടുത്തുനിർത്തുന്ന വീഡിയോ സ്കൈ ന്യൂസ് പുറത്തുവിട്ടു. ബെർമിങ്ഹാമിലും കുടിയേറ്റക്കാർ താമസിക്കുന്ന ഹോട്ടലിനുനേരെ ആക്രമണമുണ്ടായി. 13 വർഷത്തിനുശേഷം ബ്രിട്ടൻ ആദ്യമായാണ് ഇത്രയും വലിയൊരു കലാപത്തെ അഭിമുഖീകരിക്കുന്നത്. അക്രമങ്ങൾ തുടർന്നാൽ ബലം പ്രയോഗിച്ചാണെങ്കിലും ക്രമസമാധാനം ഉറപ്പാക്കാൻ നിർബന്ധിതമാകുമെന്ന് പ്രധാനമന്ത്രി കെയിർ സ്റ്റാർമർ മുന്നറിയിപ്പുനൽകി. തീവ്ര വലതുപക്ഷത്തിന്റെ ഗുണ്ടായിസത്തിന് യാതൊരു നീതീകരണവുമില്ലെന്ന് അദ്ദേഹം പറഞ്ഞു.


ന്യൂഡൽഹിയിലെ സഊദി എംബസി അറ്റാഷെ ബദർ നാസിർ അൽ അനസിയുമായി കെ.എൻ.എം സെക്രട്ടറി ഡോ. എ.ഐ അബ്ദുൽ മജീദ് സ്വലാഹി കൂടിക്കാഴ്ച നടത്തുന്നു

## ശിഹാബ് തങ്ങളെ അനുസ്മരിച്ച് ബീഹാർ സംസ്ഥാന മുസ്‌ലിംലീഗ്

പാറ്റ്ന: ജനാധിപത്യ ഇന്ത്യയിൽ മതേതരത്വത്തിന്റെ കവലളായിരുന്നു സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളെന്നും തങ്ങളുടെ ജീവിതം ഓരോ ഇന്ത്യ ക്കാരനും മാതൃകയാക്കേണ്ട താണെന്നും പ്രവാസി ലീഗ് ദേശീയ ജനറൽ സെക്രട്ടറി എം.എസ് അലവി. എവിടെയൊക്കെ സമുദായങ്ങൾ തമ്മിൽ പ്രശ്നങ്ങളുണ്ടായിട്ടുണ്ടോ അവിടെയൊക്കെ തങ്ങളുടെ ഇടപെടലുകൾ വലിയ ഗുണങ്ങൾ ചെയ്തിട്ടുണ്ട്. ബാബരി മസ്ജിദ് ധ്വംസന കാലം അതിന് ഉദാഹരണമാണ്. ബീഹാർ സംസ്ഥാന മുസ്‌ലിം ലീഗ് സംഘടിപ്പിച്ച പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ അനുസ്മരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.. ശിഹാബ് തങ്ങളുടെ ഓർമ്മക്കായി കിഷൻ ഗഞ്ച് പൂർണിയ ജില്ലകളിൽ നിർമിച്ച ശിഹാബ് തങ്ങൾ കുടിവെള്ള പദ്ധതിയുടെ ഉദ്ഘാടനവും നിർവഹിച്ചു. മുസ്‌ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി ഡോക്ടർ മുനവ്വർ ആലം അധ്യക്ഷത വഹിച്ചു. കിഷൻ ഗഞ്ച് കോർത്തുബ പ്രിൻസിപ്പൽ സയ്യിദ് മുദ്ദസ്സിർ ഹുദവി ശിഹാബ് തങ്ങൾ അനുസ്മരണപ്രഭാഷണം നടത്തി. മൗലാന മുഫീദു ദ്ധീൻ അരാരിയ മുഖ്യ പ്രഭാഷണം നടത്തി. കിഷൻ ഗഞ്ച് ജില്ലാ പ്രസിഡന്റ് മുഖ്താർ ആലം ജനറൽ സെക്രട്ടറി ഖാരി ഹസ്സൻ. പൂർണിയ ജില്ല സെക്രട്ടറി മൗലാന അബ്ദുൽ അസീസ് അനീസ് ഹുദവി, മൈമൂൺ ഹസൻ തുടങ്ങിയവർ സംസാരിച്ചു. സംസ്ഥാന ഓർഗനൈസിങ് സെക്രട്ടറി ഡോക്ടർ ഇക്ബാൽ സ്വാഗതവും നാഹി അർഷാദ് നന്ദിയും പറഞ്ഞു.

### കർഷകരെ രക്ഷിക്കാൻ സ്പെഷൽ പാക്കേജ് നടപ്പാക്കണം: കളത്തിൽ

മണ്ണാർക്കാട്: കാലവർഷക്കെടുതിയിൽ കൃഷി നാശം സംഭവിച്ച കർഷകരെ രക്ഷിക്കാൻ സർക്കാർ സ്പെഷൽ പാക്കേജ് നടപ്പിലാക്കണമെന്ന് സ്വതന്ത്ര കർഷക സംഘം സംസ്ഥാന ജനറൽ സെക്രട്ടറി കളത്തിൽ അബ്ദുല്ല ആവശ്യപ്പെട്ടു. കാലവർഷക്കെടുതി മൂലമുണ്ടായ കൃഷി നാശത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന കർഷകർക്ക് അടിയന്തിര ധനസഹായം സ്പെഷൽ പാക്കേജിലൂടെ ലഭ്യമാക്കണം. സംസ്ഥാനത്തുണ്ടായ കൃഷി നാശത്തിന്റെ കണക്ക് കൃത്യപ്പെടുത്തുകയും അതിന് അനുയോജ്യമായ നഷ്ടപരിഹാരം ലഭ്യമാക്കുകയും ചെയ്താലെ കർഷകർക്ക് പിടിച്ചുനിൽക്കാൻ കഴിയുകയുള്ളുവെന്നും കളത്തിൽ പറഞ്ഞു.

## സ്കൂൾ മേളകൾ ബഹിഷ്കരിക്കുമെന്ന് കെ.എ.എച്ച്.എസ്.ടി.എ

കോഴിക്കോട്: ഹയർസെക്കന്ററി ഇല്ലാതാക്കുന്ന ഖാദർ കമ്മിറ്റി ശുപാർശകൾ ഏകപക്ഷീയമായി അടിച്ചേൽപിക്കുന്ന സർക്കാർ നീക്കത്തിൽ പ്രതിഷേധിച്ചു ഈ അക്കാദമിക വർഷം നടക്കുന്ന സ്കൂൾ മേളകൾ ബഹിഷ്കരിക്കാൻ കേരള എയിഡഡ് ഹയർ സെക്കന്ററി ടീച്ചേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി തീരുമാനിച്ചു. ശമ്പള പരിഷ്കരണ കുടിശ്ശികയും ക്ഷാമബത്ത കുടിശ്ശികയും മൂല്യനിർണയ വേതനവും പൂർണമായി നിഷേധിക്കപ്പെടുന്ന സാഹചര്യത്തിൽ മേളകൾക്കുവേണ്ടി ഉപജില്ലാതലത്തിൽ നടക്കുന്ന നിർബന്ധ പിരിവ് ഈ വർഷം നൽകേണ്ടതില്ലെന്നും തീരുമാനിച്ചു. സംസ്ഥാന പ്രസിഡണ്ട് കെ. സിജു അധ്യക്ഷത വഹിച്ചു. എസ്. അജിത് കുമാർ, കെ.കെ ശ്രീജേഷ് കുമാർ, വി.എസ് സുനിൽ, സ്മിജു ജേക്കബ്, വി.വി രാമകൃഷ്ണൻ, ഡോ. ആബിദ പുതുശേരി, ഡോ. ജോർജ് ടി അബ്രഹാം, എം. ആബേൽ, അഖിലേഷ് പി, ടോമി ജോർജ് പി, ശ്രീഹരി ബി, ജോബി സി.പി, സി.കെ അഷ്റഫ്, സുമേഷ് പി.എസ്, ഷെജിൻ ആർ, സന്തോഷ് എൻ, മോൻസി ജോസഫ് പ്രസംഗിച്ചു.

# നിരീക്ഷണം

അല്ലാഹു അവൻ ഉദ്ദേശിക്കുന്ന ചിലർക്ക് ഉപജീവനം വിശാലമാക്കുകയും (മറ്റു ചിലർക്ക് അത്) പരിമിതപ്പെടുത്തുകയും ചെയ്യുന്നു. അവർ ഇഹലോകജീവിതത്തിൽ സന്തോഷമടഞ്ഞിരിക്കുന്നു. പരലോകത്തെ അപേക്ഷിച്ച് ഇഹലോകജീവിതം (നിസ്സാരമായ) ഒരു സുഖാനുഭവം മാത്രമാകുന്നു.

( വിശുദ്ധ ഖുർആൻ: 13: 26 )

gulfchandrikanews@gmail.com

ഗൾഫ് ചന്ദ്രിക

1446 സഫർ 01 • 1199 കർക്കിടകം 22

## അയൽപക്കത്തെ അനിശ്ചിതത്വം

പ്രതിപക്ഷപാർട്ടികളെ ഒന്നടങ്കം നിശ്ശബ്ദരാക്കി, രണ്ട് വ്യത്യസ്ത ഘട്ടങ്ങളിലായി 20 വർഷമായി ബംഗ്ലാദേശിന്റെ പ്രസിഡന്റ് പദവിയിൽ തുടരുകയായിരുന്ന ശൈഖ് ഹസീനക്ക് ഒടുവിൽ രാജ്യം വിടേണ്ടിവന്നിരിക്കുന്നു. സംവരണത്തിന്റെ പേരിൽ വിദ്യാർത്ഥികൾ തുടക്കമിട്ട്, സർക്കാർ, സ്വകാര്യ ജീവനക്കാർ വരെ ഏറ്റെടുത്ത് രാജ്യത്താകെ അലയടിച്ച പ്രക്ഷോഭത്തിന്റെ അന്ത്യത്തിൽ അനിവാര്യമായ പടിയിറക്കമാണ് രാഷ്ട്രപിതാവ് മുജീബുറഹ്മാന്റെ പുത്രിക്ക് സംഭവിച്ചിരിക്കുന്നത്. അഞ്ചു തവണ പ്രധാനമന്ത്രിപദത്തിലിരുന്ന ഷെയ്ഖ് ഹസീന അവാമി ലീഗ് അണികൾക്ക് മനുഷ്യത്വത്തിന്റെ മാതാവും ലോക രാഷ്ട്രങ്ങൾക്ക് ഉരുക്കുവനിതയുമായിരുന്നെങ്കിൽ വർത്തമാന ബംഗ്ലാദേശിൽ അതങ്ങനെയൊന്നുമായിരുന്നില്ല. പ്രതിപക്ഷമായ ബംഗ്ലാ നാഷണൽ പാർട്ടിക്കും രാജ്യത്തെ വലിയൊരു ജനവിഭാഗത്തിനും അവർ തികഞ്ഞ ഏകാധിപതിയും ഉരുക്കുമുഷ്ടികൊണ്ട് അധികാരത്തിൽ അള്ളിപ്പിടിച്ചു നിൽക്കുന്ന ഭരണാധികാരിയുമായിരുന്നു. ഈ വർഷമാദ്യം നടന്ന തിരഞ്ഞെടുപ്പ് പ്രതിപക്ഷത്തിന്റെ ആരോപണങ്ങളെ ശരിവെക്കുന്നതുമായിരുന്നു. ബംഗ്ലാദേശിലെ തിരഞ്ഞെടുപ്പ് ചട്ടമനുസരിച്ച് നിഷ്പക്ഷവും നീതിയുക്തവുമായ തിരഞ്ഞെടുപ്പിന് മേൽനോട്ടം വഹിക്കാൻ ഒരു ഇടക്കാല സർക്കാർ രൂപവൽക്കരിക്കണം. എന്നാൽ അതുണ്ടായില്ലെന്നു മാത്രമല്ല, ജനവിധി പൂർണമായും അട്ടിമറിക്കപ്പെടുകയായിരുന്നു. തന്റെ അധികാരക്കസേരക്ക് ഒരിക്കലും കോട്ടംതട്ടില്ലെന്ന് അവർ ഉറച്ചു വിശ്വസിച്ച തരത്തിലായിരുന്നു തുടർന്നുള്ള ഭരണവും. എന്നാൽ സംവരണ വിരുദ്ധ പ്രക്ഷോഭമെന്ന വലിയ പ്രതിഷേധം എല്ലാ കണക്കുകൂട്ടലുകളും തെറ്റിച്ചു. രാജ്യത്തിന്റെ ക്രമസമാധാന മേഖല മാത്രമല്ല സാമ്പത്തികമുൾപ്പെടെയുള്ള എല്ലാ മേഖലകളെയും വിദ്യാർത്ഥികളുയർത്തിയ പ്രതിഷേധ ജ്വാല തകർത്തു തരിപ്പണമാക്കി. ഇക്കഴിഞ്ഞ ഞായറാഴ്ച്ചമാത്രം 14 പൊലീസ് ഉൾപ്പെടെ നൂറിലേറെ പേരാണ് കൊല്ലപ്പെട്ടത്. തുടക്കത്തിൽ പ്രക്ഷോഭത്തെ ലാഘവത്തോടെ കണ്ട സർക്കാർ അത് അവസാനിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതിന് പകരം എരിതീയിൽ എണ്ണയെന്ന കണക്കെ അടിച്ചമർത്തിയും പരിഹസിച്ചുമായിരുന്നു മുന്നോട്ടുപോയത്. റസാക്കർമാരുടെ സമരമെന്നായിരുന്നു എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തമുള്ള ഈ ജനകീയ മുന്നേറ്റത്തെ ശൈഖ് ഹസീന വിശേഷിപ്പിച്ചത്. എന്നാൽ പ്രതിഷേധം ആളിപ്പടരുകയും എല്ലാ മേഖലകളിലേക്കും വ്യാപിക്കുകയും ചെയ്തതോടെ അപകടംമണത്ത അവർ സമരക്കാരെ ചർച്ചക്കു ക്ഷണിച്ചെങ്കിലും അപ്പോഴേക്കും കാര്യങ്ങൾ കൈവിട്ടുപോയിരുന്നു. പ്രസിഡന്റിന്റെ രാജിയിൽ കുറഞ്ഞതുകൊണ്ടൊന്നും സംതൃപ്തമല്ലാതിരുന്ന സമരക്കാർ രാഷ്ട്രീയ അട്ടിമറിക്ക് കളമൊരുക്കിക്കഴിഞ്ഞിരുന്നു. സ്വന്തം ജീവൻ പോലും അപകടത്തിലാണെന്ന് തിരിച്ചറിഞ്ഞതോടെ രാജ്യം വിടുകയല്ലാതെ മറ്റൊരു വഴിയും അവർക്കുമുന്നിലുണ്ടായിരുന്നില്ല. ഒടുവിൽ 45 മിനിറ്റുള്ളിൽ രാജിവയ്ക്കണമെന്ന് സൈന്യം പ്രധാനമന്ത്രിക്ക് അന്ത്യശാസനം നൽകുകയായിരുന്നു. ഇതിനിടെ തന്നെ പ്രക്ഷോഭകർ പ്രധാനമന്ത്രിയുടെ വസതിയിലേക്ക് ഇരച്ചുകയറിരുന്നു. രാജിവെച്ച ഉടനെ ബംഗ്ലാദേശ് ചീഫ് ഓഫ് ആർമി വഖാർ ഉസ്സമാൻ ഭരണം ഏറ്റെടുക്കുകയും ചെയ്തു.

മാസങ്ങളായി തുടരുന്ന അസാധാരണ സംഭവ വികാസങ്ങൾ രാജ്യത്തെ സാമ്പത്തികമായും തകർത്തിരിക്കുകയാണ്. വിദേശ വിനിമയ കരുതൽ ശേഖരം കുറയുന്നതിനിടയിൽ ഐ.എം.എഫിൽ നിന്നും മറ്റും ഹസീന ഭരണകൂടം കുടുതൽ വായ്പ തേടി. കർഫ്യൂവും ഉപരോധവും ഇന്റർനെറ്റ് വിലക്കും മൂലം സാമ്പത്തിക പ്രവർത്തനങ്ങൾ താറുമാറായി. വസ്ത്ര നിർമാണകയറ്റുമതി, മൈക്രോ ഫിനാൻസ് മേഖലകളിൽ കുറേക്കാലമായി ലോകത്തിനു തന്നെ മാതൃക സമ്മാനിച്ച രാജ്യമാണ് ബംഗ്ലാദേശ്. പ്രക്ഷോഭം ആയിരംകോടി ഡോളറിന്റെ നഷ്ടം വരുത്തിവെച്ചുവെന്നാണ് കണക്കാക്കുന്നത്. സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ ബാങ്കുകൾ എന്നിവ ദിവസങ്ങളായി അടഞ്ഞുകിടക്കുകയാണ്. അയൽ രാജ്യത്തെ രാഷ്ട്രീയ അനിശ്ചിതാവസ്ഥ ഇന്ത്യയെ സംബന്ധിച്ചടുത്തോളം ആശങ്കക്ക് വക നൽകുന്നതാണ്. ചൈനയും പാകിസ്ഥാനുമുൾപ്പെടെയുള്ള മറ്റു അയൽക്കാരുമായുള്ള ബന്ധം സുഖകരമല്ലാത്ത സാഹചര്യത്തിൽ വിശേഷിച്ചും. അതുകൊണ്ട് തന്നെ ബംഗ്ലാദേശിൽ ഒരു ജനാധിപത്യ സർക്കാർ കെട്ടിപ്പടുക്കാനുള്ള ശ്രമങ്ങൾക്ക് കേന്ദ്ര സർക്കാർ എല്ലാ പിന്തുണയും നൽകേണ്ടതുണ്ട്.

### അടിക്കുറിപ്പ്

നിരവധി എയിംസുകൾ അനുവദിച്ചുകഴിഞ്ഞിട്ടും കേന്ദ്രം പരിപൂർണ്ണമായി കേരളത്തെ അവഗണിക്കുകയാണ്. കേരളം ചോദിക്കുന്നത് ഔദാര്യമല്ല; ഇന്ത്യയിൽ 22 ഇടത്ത് അനുവദിച്ച എയിംസ് കേരളത്തിൽ അനുവദിക്കാതിരിക്കാൻ എന്ത് ന്യായീകരണമാണുള്ളത്? വോട്ട് നേടാൻ വേണ്ടി മാത്രമാണോ ബിജെപി കേരളത്തിന് വാഗ്ദാനങ്ങൾ നൽകിയത്? കേരളത്തിലെ എംപിമാർ ഒറ്റക്കെട്ടായി ഇന്ന് ഈ പ്രശ്നത്തിൽ ഉത്തരം വേണമെന്ന് ആവശ്യപ്പെട്ടിരുന്നു; എന്നാൽ വ്യക്തമായ മറുപടി നൽകാൻ ആരോഗ്യവകുപ്പ് മന്ത്രി തയ്യാറായില്ല.

കെ.സി വേണുഗോപാൽ

### ചരിത്രത്തിൽ ഇന്ന്

1538 ഗോൺസാലോ ജിമെനെസ് ഡെ കിസ്റ്റാഡ എന്ന സ്പാനിഷ് പട്ടാളക്കാരൻ കൊളംബിയ എന്ന യൂറോപ്യൻ ഭൂവിഭാഗം കണ്ടുപിടിച്ചു.
1806 റോമാ ചക്രവർത്തി ഫ്രാൻസിസ് രണ്ടാമൻ റോമാസാമ്രാജ്യത്തിന് അന്ത്യം കുറിച്ചു.
1945 രണ്ടാം ലോകമഹായുദ്ധം: ജപ്പാനിലെ ഹിരോഷിമയിൽ അമേരിക്ക അണുബോംബിട്ടു. 70,000 പേർ തൽക്ഷണം മരണമടഞ്ഞു.
1991 ടിം ബർണേയ്സ് ലീ വേൾഡ് വൈഡ് വെബ് എന്ന ആശയം അവതരിപ്പിച്ചു. ഇത് ഇന്റർനെറ്റിലെ ഒരു സേവനമായി ലഭ്യമാകാൻ തുടങ്ങി.
2008 മൌറീഷ്യൻ പ്രസിഡന്റ് സിദി മുഹമ്മദ് ഓൾഡ് ചെക്ക് അബ്ദല്ലാഹി ഒരുകൂട്ടം ജനറൽമാരാൽ നിഷ്കാസിതനായി

# വേണം പരിസ്ഥിതി സാക്ഷരത



ഉബൈദ് കോട്ടുമല

'പ്രകൃതിയെ കീഴടക്കിയെന്നഭിമാനിച്ച്/വിശ്വം മുടിക്കും വിദഗ്ധരെ/വെള്ളക്കയറ്റമോ മണ്ണിൻ കുലുക്കമോ/ അഗ്നിശൈലത്തിൽ പിളർപ്പോ തടുക്കുവാൻ/ ശക്തമോ നിങ്ങൾ തൻ വിജ്ഞാന വൈഭവം'. കവിയുടെ ഈ വെല്ലുവിളി ഏറ്റെടുക്കാൻ മനുഷ്യകുലത്തിന് ഇന്നേവരെ സാധിച്ചിട്ടില്ല. ചൊവ്വയിൽ ദൗത്യം തുടരുകയും സൂര്യനിൽ പുതിയ ദൗത്യം ആരംഭിച്ചിരിക്കുകയും ചെയ്ത മനുഷ്യൻ, നിർമിത ബുദ്ധിയും റൊബോട്ടിക് സാങ്കേതിക വിദ്യയുമായി പ്രകൃതിയെ കീഴടക്കിയെന്നഹങ്കരിക്കുമ്പോഴും ഭൂമികുലുക്കവും വെള്ളപ്പൊക്കവും അഗ്നിപർവ്വത സ്ഫോടനങ്ങളും തടുക്കാൻ മനുഷ്യജ്ഞാനത്തിന് ഇന്നേവരെ കഴിഞ്ഞിട്ടില്ലെന്ന പരിമിതിയെയാണ് കവി ഓർമപ്പെടുത്തുന്നത്.



പ്രകൃതി വിഭവങ്ങളെയും അതിന്റെ ആവാസ വ്യവസ്ഥകളെയും പരസ്പര നിലനിൽപിന് ഉപയോഗപ്പെടുത്തുന്നതിന് പകരം അതിനെ ചൂഷണം ചെയ്ത് ഇക്കോ സിസ്റ്റം തകർക്കുകയാണ് നാം ചെയ്തുകൊണ്ടിരിക്കുന്നത്. 19 ാം നൂറ്റാണ്ടിൽ കേരളത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 70 ശതമാനവും വനമേഖലയായിരുന്നു. ഇരുപതാം നൂറ്റാണ്ടിൽ അമ്പതും ഇപ്പോൾ 24 ശതമാനവുമായി അത് കുറഞ്ഞതും മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും വെള്ളപ്പൊക്കത്തിനും വലിയ രീതിയിൽ സഹായിച്ചിട്ടുണ്ടെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. വനമേഖലകൾ നശിപ്പിച്ചുള്ള നമ്മുടെ വികസന കാഴ്ചപ്പാടുകളാണ് ഇതിന്റെ മൂല കാരണമെന്ന് പറയപ്പെടുന്നു.

നാഷണൽഹൈവേ നിർമാണവും മലയോര ഹൈവേയും ഗ്രീൻഫീൽഡ്ഹൈവേയും കരുതലോടെയാകണമെന്ന് ഇതൊക്കെ ഭരണകർത്താക്കളെ ഓർമപ്പെടുത്തുന്നുണ്ട്. എൽ.ഡി.എഫ് സർക്കാരിന്റെ സ്വപ്ന പദ്ധതിയായ സിൽവർ ലൈനും അതീവ പാരിസ്ഥിതിക പ്രശ്നമു ണ്ടാക്കുമെന്നാണ് മാധവ് ഗാഡ്ഗിലിന്റെ മുന്നറിയിപ്പ്. എന്നിട്ടും പൊതുജനങ്ങളുടെയും പ്രതിപക്ഷത്തിന്റെയും എതിർപ്പു കൾ അവഗണിച്ച് സിൽവർ ലൈൻ പദ്ധതിക്കായി കേന്ദ്ര സർക്കാറിൽ സമ്മർദ്ധം ചെലുത്തുന്നത് നമ്മുടെ വികലമായ വികസന കാഴ്ചപ്പാടുകളെയാണ് സൂചിപ്പിക്കുന്നത്.

പ്രകൃതി ദുരന്തങ്ങളിൽ നിന്നും പാഠം പഠിക്കാത്ത വിദ്യാസമ്പന്നരുടെ നാടായി ദൈവത്തിന്റെ സ്വന്തംനാട് മാറിയിരിക്കുന്നു. ദക്ഷിണേന്ത്യയുടെ അന്തരീക്ഷ താപനില, കാലാവസ്ഥ, ആർദ്രത, വർഷപാതം എന്നിവ നിയന്ത്രി ക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന പശ്ചിമഘട്ടം അഞ്ച് കോടി ജനങ്ങളുടെയും ഒട്ടേറെ ജീവജാലങ്ങളുടെയും ആവാസ വ്യവസ്ഥ കൂടിയാണ്. കേരളത്തിലെ 44 നദികൾക്ക് പുറമെ കൃഷ്ണ, ഗോദാവരി, കാവേരി, നേത്രാവതി, വൈഗ എന്നീ നദികളുടെ നിലനിൽപും ഈ മലനിരകളാണ്. കേരളത്തിലെ കാലാവസ്ഥ നിയന്ത്രിക്കുന്നതിലും കൃഷിയെ സഹായിക്കുന്നതിലും ഈ പർവ്വതനിരകളുടെ പങ്ക് ചെറുതല്ല. തമിഴ്നാട്ടിലെ വരണ്ടകാലാവസ്ഥയിൽ നിന്നും കേരളത്തെ സംരക്ഷിക്കുന്നതും ആറുമാസക്കാലം മഴപെയ്യിപ്പിക്കുന്നതും ഈ പർവ്വതനിരകളാണ്.

അതീവദുർബല പ്രദേശവും നിർമ്മാണ പ്രവർത്തനങ്ങൾ പാടില്ലാത്തതുമായ പശ്ചിമഘട്ടത്തെക്കുറിച്ച് സൂക്ഷ്മപഠനം നടത്തിയ ഗാ ഡ്ഗിൽ റിപ്പോർട്ടിനെതിരെ പ്രതിഷേധം ഉയർന്നപ്പോഴാണ് റിപ്പോർട്ട് നടപ്പാക്കുന്നതിനെകുറിച്ച് പഠിക്കാൻ കസ്തൂരി രംഗൻ സമിതിയെ കേന്ദ്രസർക്കാർ നിയോഗിച്ചത്. ചെറിയ വിജോപ്പുകളുണ്ടായെങ്കിലും ഗാഡ്ഗിലിന്റെ കണ്ടെത്തലുകളെ തത്വത്തിൽ അംഗീകരിക്കുകയായിരുന്നു കസ്തൂരി രംഗൻ സമിതി. കേരളത്തിൽ റിപ്പോർട്ട് നടപ്പിലാ ക്കുന്നതിനെ കുറിച്ച് സർക്കാറിന് നിർദ്ദേശം നൽകാൻ ഉമ്മൻ വി ഉമ്മൻ സമിതിയെയും നിയമിച്ചു. ചുരുക്കത്തിൽ പശ്ചിമഘട്ടത്തെ സംരക്ഷിക്കാൻ ആത്മാർത്ഥമായ ഒരു നടപടിയും ഇന്നേവരെ ഉണ്ടായിട്ടില്ല. രണ്ട് സമിതികൾ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടും കണ്ടെത്തലുകളിൽ ഒട്ടേറെ സമാനതകൾ ഉണ്ടായിട്ടും റിപ്പോർട്ടുകൾ നടപ്പിലാക്കുന്നതിൽ ഭാരണകൂടങ്ങൾ പിറകോട്ട് പോവുകയായിരുന്നു. വയനാട് ദുരന്തത്തിന്റെ പശ്ചാതലത്തിൽ 9993.7 ചതുരശ്ര കിലോമീറ്റർ കേരളത്തിൽ പരിസ്ഥിതി ലോല പ്രദേശമായി വിജ്ഞാപനമിറക്കാൻ കേന്ദ്രസർക്കാർ തയ്യാറായത് വയനാട് ദുരന്തത്തിന്റെ വ്യാപ്തി ഉൾകൊണ്ടുതന്നെയായണെന്നതിൽ സംശയമില്ല.

വികസന കാഴചപ്പാടുകൾക്കായി വിദേശ രാജ്യങ്ങൾ സന്ദർശിച്ച് അമേരിക്കയുടെയും സിങ്കപ്പൂരിന്റെയും മാതൃകകൾ പകർത്താനാണ് കേരളം ശ്രമിക്കുന്നത്. കേരളത്തിന്റെ ഭൂപരിസ്ഥിതിക്ക് അനുയോജ്യമായ വികസന കാഴ്ചപ്പാട് സ്വീകരിക്കുകയും അതാണ് ആവശ്യമെന്ന് പൊതുജനത്തെ ബോധ്യപ്പെടുത്തുകയുമാണ് ഭരണകൂടം ചെയ്യേണ്ടത്. പശ്ചിമഘട്ടത്തിന്റെ ഭാഗമായ അതീവ പാരിസ്ഥിതിക ദുർബല പ്രദേശമെന്ന് ഗാഡ്ഗിൽ റിപ്പോർട്ട് അടയാളപ്പെടുത്തിയ വയനാട് വനമേഖലയിലാണ് ഇപ്പോൾ ഉരുൾപൊട്ടലും മുന്നൂറിലധികം മരണവും അത്രതന്നെ ആളുകളെ കാണാതാവുകയും രണ്ട് ഗ്രാമങ്ങളുടെ നാശവും സംഭവിച്ചിട്ടുള്ളത്. ഈ റെഡ് സോണിലൂടെയാണ് 5000 കോടിയുടെ ക്ലിയറൻസ് ലഭിച്ച നിർദ്ദിഷ്ട ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയും കടന്നുപോകുന്നത് എന്നത് ഈ അപകടത്തിന്റെ പശ്ചാതലത്തിൽ ഏറെ ആശങ്ക ഉയർത്തുന്നുണ്ട്. ഈ പദ്ധതിയുടെയും പരിസ്ഥിതിയാഘാത പഠനം നടന്നിട്ടില്ലെന്നാണ് പറയപ്പെടുന്നത്. ഇനിയും ഈ ദുർബല പരിസ്ഥിതിയെ മുറിവേൽപിച്ചാൽ ഗാഡ്ഗിലോ കസ്തൂരി രംഗനോ പറഞ്ഞതിൽ നിന്നും എത്രയോ ഏറെയാകും ദുരന്ത സാധ്യതകളെന്ന് പ്രഗൽഭ സീസ് മോളജിസ്റ്റായ സി. രാധാകൃഷ്ണൻ അഭിപ്രായപ്പെടുന്നുണ്ട്. വി.എസ് അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരിക്കെ യു.ഡി.എഫിന്റെ പൂർണ്ണ പിന്തുണയുണ്ടായിട്ടും പരിസ്ഥിതിലോല പ്രദേശമെന്ന് ഗാഡ്ഗിൽ റിപ്പോർട്ട് വെളിപ്പെടുത്തിയ ഇടുക്കി ജില്ലയിലെ മൂന്നാർ ദൗത്യത്തിന് അകാലചരമം സംഭവിച്ചത് ഭരണത്തിലിരുന്ന പാർട്ടിയുടെ നേതാക്കളുടെ എതിർപ്പ് കൊണ്ട് മാത്രമായിരുന്നു. ഇത്തരം അഴകുഴമ്പൻ നിലപാടുകൾ സ്വീകരിക്കുന്നത് മനുഷ്യകുലത്തിന് ഭീഷണിയാണെന്ന് വയനാട് ദുരന്തം നമ്മെ ഓർമപ്പെടുത്തുന്നുണ്ട്. പരിസ്ഥിതിയെ പാടെ അവഗണിച്ച് വ്യവസായികളെ മാത്രം സഹായിക്കുന്ന വികസന കാഴ്ചപ്പാടുകളാണ് പലപ്പോഴും നാം രൂപപ്പെടുത്തുന്നത്. വിനോദ സഞ്ചാരികളെ ആകർഷിക്കാൻ നിരവധി നിർമ്മാണ പ്രവർത്തനങ്ങളാണ് വയനാട്ടിൽ നടന്നിട്ടുള്ളത്. അവിടങ്ങളിൽ നിർമ്മിക്കുന്ന അനധികൃത റിസോർട്ടുകളും നീന്തൽകുളങ്ങളും ഇത്തരം അപകടങ്ങൾക്ക് കാരണമാകുന്നുണ്ടെന്ന് ഗാഡ്ഗിൽ റിപ്പോർട്ട് നേരത്തെ സൂചിപ്പിച്ചതാണ്.

2019-ൽ പുത്തുമലയിൽ ഉരുൾപൊട്ടിയപ്പോൾ ഗാഡ്ഗിൽ പറഞ്ഞ വാക്കുകൾ കേരളം മറന്നിട്ടില്ല. സാമൂഹ്യമാധ്യമങ്ങളിൽ അതെല്ലാം വൈറലാണുതാനും. 'പശ്ചിമഘട്ടം ആകെ തകർക്കപ്പെട്ടിരിക്കുന്നു. ഇനിയും നടപടി ഉണ്ടായില്ലെങ്കിൽ കേരളത്തെ കാത്തിരിക്കുന്നത് വൻദുരന്തമാണ്. അതിന് നിങ്ങൾ വിചാരിക്കും പോലെ യുഗങ്ങളൊന്നും വേണ്ട. നാലോ അഞ്ചോ വർഷങ്ങൾ മാത്രം മതി. അന്ന് ഞാനും നിങ്ങളും ജീവിച്ചിരിപ്പുണ്ടാകും. ആരാണ് കള്ളം പറയുന്നത് എന്ന് നിങ്ങൾക്ക് തന്നെ മനസ്സിലാകും'. ആ വാക്കുകൾ ഇന്ന് പുലർന്നിരിക്കുന്നു. എന്നെ ഒന്ന് വിശ്വസിക്കൂ എന്ന് അധികാരികളോട് ഇന്നും അദ്ദേഹം കേണപേക്ഷിക്കുന്നുണ്ട്. ശാസ്ത്രീയ നിഗമനങ്ങളെ വിശ്വസിക്കാതെയും ഉൾകൊള്ളാതെയുമുള്ള വികസന നയം തുടരുന്നത് അപകടകരമാണെന്ന് ദുരന്തങ്ങൾ നമുക്ക് മുന്നറിയിപ്പ് നൽകുന്നുണ്ട്. ഉരുൾപൊട്ടലുണ്ടായ മുണ്ടക്കൈ, ചൂരൽമല പ്രദേശത്തേക്ക് ശാസ്ത്രജ്ഞർക്കും അവരുടെ അഭിപ്രായങ്ങൾക്കും വിലക്കേർപെടുത്തിയ സംസ്ഥാന സർക്കാർ ഉത്തരവ് ന്യായീകരിക്കാവുന്നതല്ല. പ്രകൃതിക്ഷോഭങ്ങളെ കുറിച്ച് പഠനം നടത്തേണ്ടതും നിഗമനങ്ങൾ സ്വരൂപിക്കേണ്ടതും ശാസ്ത്രജ്ഞർ തന്നെയാണ്. പ്രകൃതിയെ കുറിച്ചുള്ള അറിവിൽ ശാസ്ത്രലോകത്തിന് പോലും പരിമിതികളുണ്ടെന്നത് പരമാർത്ഥമാണ്. അത് മറികടക്കാനാണ് നിരന്തര പരീക്ഷണ-നിരീക്ഷണങ്ങൾ അവർ നടത്തിവരുന്നതും. 'അനന്തമജ്ഞാതമവർണ്ണനീയമീ/ലോകഗോളം തിരിയുന്ന മാർഗം/അതിലെങ്ങാണ്ടൊരിടത്തിരുന്നു/നോക്കുന്ന മർത്യൻ കഥയെന്തറിഞ്ഞു'/ എന്ന കവിയുടെ വരികളും ഈ സാഹചര്യം തന്നെയാണ് പ്രതിപാദിക്കുന്നതും.




# വെറുപ്പിന്റെ വാഹകർ



റസാഖ് ആദൃശേരി

വയനാട്ടിലെ ദുരന്തഭൂമിയിൽ രാപ്പകലില്ലാതെ പ്രവർത്തിക്കുന്ന ഇന്ത്യൻ സൈന്യത്തെ അഭിനന്ദിച്ചു കൊണ്ട് കോഴിക്കോട് വെള്ളായിക്കോട് എ.എം.എൽ.പി സ്കൂളിലെ മൂന്നാം ക്ലാസ് വിദ്യാർത്ഥി റയാൻ എഴുതിയ കത്ത് ഓരോ മലയാളിയുടെയും ഹൃദയത്തിൽ നിന്നുള്ള വരികളായിരുന്നു. സൈന്യത്തോടൊപ്പം തന്നെ ദുരന്തഭൂമിയിൽ പ്രവർത്തിച്ച എല്ലാ രക്ഷാപ്രവർത്തകർക്കുമുള്ള നന്ദിയുടെ പ്രകാശനമാണ് ആ കത്ത്. എട്ടു വയസ്സ് മാത്രം പ്രായമുള്ള ആ കുട്ടിയുടെ വരികൾ സൈന്യമടക്കമുള്ളവരെ എത്രമാത്രം പ്രചോദിതമാക്കുന്നുവെന്നതിനു ഇന്ത്യൻ ആർമിയുടെ മറുപടി തന്നെ വ്യക്തം. 'റയാന്റെ വാക്കുകൾ തങ്ങളെ ആഴത്തിൽ സ്പർശിച്ചെന്നും പ്രതികൂല സമയങ്ങളിൽ പ്രതീക്ഷയുടെ പ്രകാശമാകുകയാണ് തങ്ങളുടെ ലക്ഷ്യമെന്നും, കത്ത് ആ ദൗത്യത്തിന് കൂടുതൽ ശക്തി പകരുന്നുവെന്നും ' ഇന്ത്യൻ ആർമി, സതേൺ കമാൻഡിന്റെ ഔദ്യോഗിക എക്സ് പേജിൽ കത്തിന് മറുപടിയായി കുറിച്ചു. വയനാട്ടിൽ ഉരുൾപ്പൊട്ടലിൽ മണ്ണിനടിയിൽപ്പെട്ടു പോയ കുറെ മനുഷ്യരെ നിങ്ങൾ രക്ഷിക്കുന്നത് കണ്ടപ്പോൾ എനിക്ക് ഒരു പാട് സന്തോഷമായി. നിങ്ങൾ ബിസ്ക്കറ്റും വെള്ളവും മാത്രം കഴിച്ച് പാലം നിർമ്മിക്കുന്ന വീഡിയോ കണ്ടപ്പോൾ അഭിമാനമായി. ഞാനും വലുതായിട്ട് ആർമിയായി നാടിനെ രക്ഷിക്കുമെന്നായിരുന്നു റയാൻ കത്തിൽ എഴുതിയത്. റയാൻ ആർമി യൂണിഫോമിൽ അരികിൽ നിൽക്കുന്ന ദിവസത്തിനായി ആകാംക്ഷയോടെ കാത്തിരിക്കുകയാണെന്നും ഒരുമിച്ച് രാജ്യത്തിന്റെ അഭിമാനം ഉയർത്തുമെന്നും സൈന്യവും മറുപടിയിൽ വ്യക്തമാക്കി.

വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല എന്നീ സ്ഥലങ്ങളെ തകർത്തു തരിപ്പണമാക്കി ഉരുൾപൊട്ടലിന്റെയും മലവെള്ളപാച്ചിലിന്റെയും രൂപത്തിൽ വന്ന ദുരിതത്തിൽ എത്രയോ പേർ മരണപ്പെട്ടു. എത്രയോ പേരെ കാണാതായി. വീടുകളും പള്ളിയും അമ്പലവും സ്കൂളും മദ്രസ്സയുമെല്ലാം തകർന്നു പോയി. ഉണ്ടായിരുന്ന റോഡും പാലവുമെല്ലാം ഒലിച്ചുപോയി. ഒരു രാത്രി ഇരുട്ടിവെളുക്കും മുമ്പ് ഒരു നാട് ദുരന്തഭൂമിയായി മാറി. ജില്ലാ ഭരണകൂടവും പോലീസും പട്ടാളവും ഫയർ ഫോഴ്സും മറ്റു ദുരന്തനിവാരണ ഏജൻസികളും സന്നദ്ധ പ്രവർത്തകരുമടക്കമുള്ള നിരവധി പേർ ദുരന്തത്തിൽ പെട്ടുപോയ നാടിനെയും നാട്ടുകാരെയും ചേർത്തു പിടിച്ചു. പക്ഷേ, രക്ഷാപ്രവർത്തനം ദുഷ്ക്കരമായ അവസ്ഥയിലായിരുന്നു. പ്രതികൂലമായ കാലാവസ്ഥ, ശക്തമായി തുടരുന്ന മഴ, ശക്തമായ അടിയൊഴുക്കോടു കൂടി രാക്ഷസഭാവം പൂണ്ടു ഒഴുകുന്ന പുഴ, ആഴമറിയാത്ത ചളി കൂമ്പാരങ്ങൾ; അവിടെയാണ് ജീവൻ പണയം വെച്ച് ദുരന്തത്തിൽ പെട്ടവരെ രക്ഷപ്പെടുത്താനും മരണപ്പെട്ടവരുടെ ബോഡിയെങ്കിലും കണ്ടെത്താനും വേണ്ടി രക്ഷാപ്രവർത്തകർ ഇറങ്ങുന്നത്. രാഷ്ട്രീയ പാർട്ടികളുടെയും മത സംഘടനകളുടെയും മറ്റു പല കൂട്ടായ്മകളുടെയും സന്നദ്ധ പ്രവർത്തകർ രക്ഷാപ്രവർത്തനത്തിന് ഇറങ്ങിയത് ആരുടെയും നിർബന്ധത്തിന് വഴങ്ങിയായിരുന്നില്ല. ഇത് നമ്മുടെ നാടാണെന്നും ദുരിതത്തിൽ പെട്ടിരിക്കുന്നത് നമ്മളെ പോലെയുള്ള മനുഷ്യരാണെന്നുമുള്ള ചിന്തയൊന്നു മാത്രമായിരുന്നു അവരെ നയിച്ചത്. തങ്ങളാൽ കഴിയുന്ന സഹായം ചെയ്യുകയെന്ന ഒറ്റവിചാരം മാത്രമെ ഉണ്ടായിരുന്നുള്ളു അവരുടെ മനസ്സിൽ. അവിടെയാരും മതമോ ജാതിയോ നോക്കിയില്ല. ഏതു രാഷ്ട്രീയ പാർട്ടിക്കാരനാണെന്നു അന്വേഷിച്ചില്ല. ഉള്ളവനോ ഇല്ലാത്തവനോയെന്നു ചികഞ്ഞില്ല. ഒറ്റക്കെട്ടായി, ഒറ്റ മനസ്സായി അവർ പ്രവർത്തിച്ചു. കൂട്ടായ്മയിലധിഷ്ഠിതമായ ഈ മൂല്യബോധമാണ് ഏതു ദുർഘട സാഹചര്യങ്ങളെയും അതിജീവിക്കാനുള്ള മലയാളിയുടെ കരുത്ത്. പരമാവധി ആളുകളെ ദുരന്തമുഖത്ത് നിന്ന് രക്ഷപ്പെടുത്തിയെടുക്കുകയെന്നതായിരുന്നു ഓരോരുത്തരുടെയും ലക്ഷ്യം.

ഇങ്ങനെ എല്ലാം മറന്നു കുറെ കാരുണ്യ ഹൃദയർ ദുരന്തമുഖത്ത് സേവനം ചെയ്തപ്പോഴും കേരള ജനത ഒന്നാകെ വയനാടിനെ ചേർത്ത് പിടിച്ച് അവർക്ക് ആശ്വാസം പകർന്നപ്പോഴും ചില ദുഷ്ട മനസ്സുകൾ അതിലും വിഷം കലർത്താൻ ശ്രമിച്ചുവെന്നതാണ് ഏറെ ദുഖ: കരം. അതിന് തുടക്കംക്കുറിച്ചത് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ആയിരുന്നു. ദുരന്തത്തെക്കുറിച്ചു രണ്ടു തവണ കേരളത്തിനു മുന്നറിയിപ്പ് നൽകിയിരുന്നുവെന്നും ഉരുൾപൊട്ടൽ മേഖലയിൽ നിന്ന് ജനങ്ങളെ സുരക്ഷിത സ്ഥലങ്ങളിലേക്ക് എന്തുകൊണ്ട് മാറ്റിയില്ലയെന്നും സംസ്ഥാന സർക്കാരിനു എന്തായിരുന്നു പണിയെന്നും അമിത് ഷാ ചോദിച്ചത് പാർലമെന്റിലായിരുന്നു. ജൂലൈ 23 ന് ഒമ്പത് എൻ ഡിആർ എഫ് സംഘത്തെ മേഖലയിലേക്ക് അയച്ചിരുന്നുവെന്നും സുരക്ഷാ ക്രമീകരണം ഒരുക്കുന്നതിലുണ്ടായ കാലതാമസമാണ് ദുരന്ത വ്യാപ്തിക്ക് കാരണമെന്നും അമിത് ഷാ കുറ്റപ്പെടുത്തി. വാസ്തവ വിരുദ്ധമായ പ്രസ്താവനയായിരുന്നു ഇത്. മണ്ണിടിച്ചിൽ സംബന്ധിച്ച മുന്നറിയിപ്പ് നൽകാൻ ഉത്തരവാദിത്തുള്ള ഐ എം ഡി, ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ , നദിയിലെ വെള്ളപ്പൊക്കത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിനുള്ള സെൻട്രൽ വാട്ടർ കമ്മീഷൻ എന്നിവ പുറപ്പെടുവിച്ച പ്രവചനങ്ങളെല്ലാം തെറ്റായിരുന്നു. ജൂലൈ 29 ന് വയനാട് ജില്ലക്കായി പുറത്തിറക്കിയ 'ഉരുൾപൊട്ടൽ പ്രവചന ബുള്ളറ്റിൻ' പ്രകാരം വയനാട്ടിൽ മണ്ണിടിച്ചിൽ ഉണ്ടാകാനുള്ള സാധ്യത വളരെ കുറഞ്ഞതാണെന്നാണ് പ്രവചിച്ചിട്ടുള്ളത്. കൂടാതെ ഉരുൾപൊട്ടലുണ്ടായ ജൂലൈ 30ന് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം വയനാട് ജില്ലയിൽ മഴക്കുള്ള സാധ്യതയായി പ്രഖ്യാപിച്ചത് ഓറഞ്ച് അലർട്ടായിരുന്നു. ഉരുൾപൊട്ടലുണ്ടായതിനെത്തുടർന്ന് ഉച്ചക്ക് 1.10 ന് പ്രസിദ്ധീകരിച്ച പത്രക്കുറിപ്പിലാണ് റെഡ് അലർട്ട് പ്രഖ്യാപിച്ചത്.

വാസ്തവം ഇതായിരിക്കെ, അമിത് ഷാ ഈ ദുരന്തവും രാഷ്ട്രീയം കളിക്കുവാൻ ഉപയോഗിക്കുകയായിരുന്നു. അധികാര ഭ്രാന്തും മത ഭ്രാന്തും തലക്ക് പിടിച്ചവർക്ക് വയനാട് ഒരു ദുരന്തഭൂമിയെന്നതിനേക്കാൾ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ മുൻ മണ്ഡലമാണല്ലോ. വോട്ടെടുപ്പിൽ ബി.ജെ.പിയെ തിരസ്ക്കരിച്ചതിന് കേരള ജനതയോട് 'പ്രകൃതിയുടെ പ്രതികാര 'മാണ് ഈ ദുരന്തമെന്ന് പറയാൻ മാത്രം അവരെ പ്രേരിപ്പിച്ച മനോനില യെക്കുറിച്ച് ആലോചിക്കുക. പാർലമെന്റിൽ വയനാട് ദുരന്തം ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്നും ആവശ്യമായ സഹായം നൽകണമെന്നും രാഹുൽ ഗാന്ധി ആവശ്യപ്പെട്ടപ്പോൾ കർണ്ണാടകയിൽ നിന്നുള്ള ബി.ജെ.പി എം.പി തേജസ്വി സൂര്യ, വയനാട്ടിലെ ദുരന്തത്തിനു കാരണം മതസംഘടനകളുടെ കയ്യേറ്റം ഒഴിപ്പിക്കാത്തതാണെന്നാണ് പറഞ്ഞത്. ഇത്തരം ഒരു ദുരന്തത്തിലും വർഗീയത കാണുന്ന ആ മനസ്സ് എത്ര മലിനമാണ്. ഈ ദുരന്തത്തിന് വിധേയമായവരെ പുനരധിവസിപ്പിക്കാൻ സഹായം നൽകണമെന്നു ആവശ്യപ്പെടുമ്പോൾ അതിനെ ചെറുതാക്കി കർണാടകയിലെ വികസന കാര്യങ്ങളോട് താരതമ്യം ചെയ്ത തേജസ്വി സൂര്യക്ക് എന്ത് തേജസ്സാണുള്ളത്? ഇയാളുടെ കുടുസ്സ് ചിന്താഗതിക്ക് പാർലമെന്റിൽ കെ.സി.വേണുഗോപാൽ എം.പി തന്നെ ഉചിതമായ മറുപടി പച്ചമലയാളത്തിൽ തന്നെ കൊടുത്തു. ' ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിനു കൗതുകം ' എന്ന കെ.സിയുടെ ഉദ്ദരണി തന്നെ മതിയായിരുന്നു ബി.ജെ.പി നേതാവിന്റെ വായ അടക്കാൻ.

അമിത് ഷാ, തേജസ്വി സൂര്യ തുടങ്ങിയവരെ പിൻപറ്റി കേരളത്തിലും ചില സംഘികളും കൃസംഘികളും രക്ഷാപ്രവർത്തകർക്കെതിരെ വിഷം ചീറ്റി. കാരുണ്യത്തിന്റെ ഹസ്തങ്ങളുമായി ദുരന്തമുഖത്ത് രക്ഷാപ്രവർത്തകർ ഓടി നടന്നപ്പോൾ അതിനെ അധിക്ഷേപിക്കാനാണ് ആർ.എസ്.എസ് സൈദ്ധാന്തികൻ ടി.ജി മോഹൻദാസ് തയ്യാറായത്. 'ജാക്കറ്റൊക്കെ ഇട്ടുനടക്കുന്ന ഒരുപാട് പേരെ ടി.വിയിൽ കാണാമല്ലോ. ഇവരുടെ ആ ടീ ഷർട്ട് കണ്ടാലറിയാം, ധിറുതി പിടിച്ച് തയ്യൽക്കാരനെക്കൊണ്ട് വേഗം തയ്പിച്ച് പ്രിന്റും ചെയ്ത് അതിട്ടോണ്ട് ഇറങ്ങിയിരിക്കുകയാണ്. റിസ്കുള്ള മേഖലയിലൊന്നും അവർ പോയിട്ടില്ല.' മോഹൻദാസിന്റെ ഈ ആരോപണം എത്രമാത്രം വിരോധാഭാസമാണ്. ദൈവപ്രീതിയും മനുഷ്യത്വവും മാത്രം ലക്ഷ്യം വെച്ചു രക്ഷാപ്രവർത്തനം നടത്തുന്നവരെ എത്രമാത്രം അവഹേളിക്കുന്നതായിരുന്നു ആ വാക്കുകൾ. ഛിന്നഭിന്നമായ ദേഹങ്ങളെ ചാലിയാർപുഴയിൽ നിന്ന് കോരിയെടുക്കുന്ന നാട്ടുകാർ, നിലമ്പൂർ കാട്ടിലും പുഴ തുരുത്തിലും ജീവൻ പണയം വെച്ചു മൃതശരീരങ്ങൾ കണ്ടെടുക്കുന്നവർ, ഭയന്നു വിറച്ച കുഞ്ഞുങ്ങളെ നെഞ്ചിൽ ചേർത്തു കെട്ടി മലയിറങ്ങി വരുന്നവർ, കോൺക്രീറ്റ് കെട്ടിട അവശിഷ്ടങ്ങൾക്കിടയിൽ നിന്ന് സാഹസപ്പെട്ടു ജീവനുകളെ രക്ഷപ്പെടുത്തുന്നവർ, കെട്ടിട മുകളിൽ അകപ്പെട്ടു പോയ പൂച്ചക്കും കുട്ടിക്കും പ്രയാസപ്പെട്ടു കയറി ഭക്ഷണം എത്തിച്ചു കൊടുക്കുന്നവർ, ദുരിതാശ്വാസ കേമ്പുകളിലും രക്ഷാപ്രവർത്തകർക്കും ഭക്ഷണം എത്തിച്ചു കൊടുക്കുന്ന സന്നദ്ധ സേവകർ തുടങ്ങി എത്രയെത്ര നന്മയുടെ കാഴ്ച്ചകൾ നാം മുണ്ടക്കൈയിലും ചൂരൽ മലയിലും കണ്ടു. അവരൊക്കെ ധിറുതി പിടിച്ച് ഇറങ്ങിയത് ആളാവാനാണെന്നു പറയുന്ന മോഹൻദാസിനെ പോലെയുള്ളവരുടെ ദുഷിച്ച മനസ്സിന് ആരാണ് മരുന്നു കൊടുക്കുക? ദുരന്തഭൂമിയിലെ കരളലിയിപ്പിക്കുന്ന കാഴ്ച്ചകൾ കണ്ട് കാരുണ്യ ഹൃദയമുള്ള ഒരാൾ സോഷ്യൽ മീഡിയയിൽ ഒരു പോസ്റ്റിട്ടതിനെതിരെ മറ്റൊരു കൃസംഘി പ്രതികരിച്ചത് കേരളീയ സമൂഹത്തെ ആകെ ലജ്ജിജിപ്പിക്കുന്നതായിരുന്നു.

### പി.വി മുഹമ്മദ്



മുസ്‌ലിംലീഗ് സംസ്ഥാന പ്രവർത്തക സമിതി അംഗവും കോഴിക്കോട് ജില്ലാ ജനറൽ സെക്രട്ടറിയും എം.എൽ.എ യുമായി രുന്ന പി.വി മുഹമ്മദ് കൊയിലാണ്ടി വിടവാങ്ങിയിട്ട് 26 വർഷം.

RNI Reg No. KERMAL/2009/30266. Vol No.16. Issue No. 115 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikkode at Chandrika Press, Bypass road, Malappuram - 676 509.
Editor-Kamal Varadoor ( responsible for selection of news under PRB Act). Phone: 0483-2735901, 2735902, 2733283, Email-chandrikanews@gmail.com, chandrikaadmlp@gmail.com



## ഉപസംവരണം അംഗീകരിക്കില്ല

ന്യൂഡൽഹി: പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളിലെ അതിപിന്നാക്കക്കാർക്ക് ജോലിയിലും വിദ്യാഭ്യാസത്തിലും ഉപസംവരണം നൽകാമെന്നുള്ള സുപ്രീംകോടതി വിധി അംഗീകരിക്കാനാവില്ലെന്ന് കേന്ദ്രമന്ത്രി ചിരാഗ് പാസ്വാൻ. എസ്.സി, എസ്.ടി സമുദായങ്ങൾക്ക് ജോലിക്കും വിദ്യാഭ്യാസത്തിനുമുള്ള സംവരണത്തിൽ നിന്ന് മേൽത്തട്ടുകാരെ ഒഴിവാക്കണമെന്ന വിധിയും അംഗീകരിക്കാനാവില്ല. സംവരണത്തിനുള്ളിൽ സംവരണം തൊട്ടുകൂടായ്മ അനുഭവിക്കുന്ന സമുദായങ്ങളുടെ ഉന്നമനത്തിന് തിരിച്ചടിയാകും. നല്ല സാമ്പത്തികാവസ്ഥയും വിദ്യാഭ്യാസവും ഉള്ള ദലിത് കുടുംബങ്ങൾപോലും തൊട്ടുകൂടായ്മ അനുഭവിക്കുന്നുണ്ട്.



## കേസ് രാഷ്ട്രീയവത്കരിക്കേണ്ട

ലക്നൗ: അയോധ്യയിൽ 12 വയസ്സുകാരിയെ ബലാത്സംഗത്തിനിരയായ സംഭവം ബി.ജെ.പി രാഷ്ട്രീയവത്കരിക്കുകയാണെന്ന് സമാജ്‌വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ്. കേസിന്റെ സെൻസിറ്റിവിറ്റിയും ഗൗരവവും കണക്കിലെടുത്ത് സ്വമേധയാ പെൺകുട്ടിക്ക് സാധ്യമായ എല്ലാ സുരക്ഷയും ഉറപ്പാക്കണം. ഇത്തരം സംഭവങ്ങളെ രാഷ്ട്രീയവത്കരിക്കാൻ ശ്രമിക്കുന്ന ആളുകളുടെ ഉദ്ദേശ്യം ഒരിക്കലും വിജയിക്കരുത്. പെൺകുട്ടിയുടെ ജീവൻ സംരക്ഷിക്കേണ്ടത് സംസ്ഥാന സർക്കാറിന്റെ ഉത്തരവാദിത്തമാണ്. ലോക്സഭാ തിരഞ്ഞെടുപ്പിൽ അയോധ്യയിൽ ഉൾപ്പെടെ തോറ്റതോടെ ബി.ജെ.പി നേതാക്കൾ ആകെ വെപ്രാളപ്പെട്ടിരിക്കുകയാണ്.

# ഇന്ത്യ വാർത്തകൾ

### ചുരുക്കത്തിൽ

#### മാൻഹോളിൽ വീണ് നാലു വയസ്സുകാരന് ദാരുണാന്ത്യം

മുംബൈ: മഹാരാഷ്ട്രയിലെ അഹമ്മദ്നഗർ ജില്ലയിൽ മാൻഹോളിൽ വീണ് നാലു വയസ്സുകാരൻ മരിച്ചു. മുകുന്ദ് നഗർ സ്വദേശിയായ സമർഥ് ശൈഖാണ് മരിച്ചത്. മാൻഹോളിന്റെ അടപ്പ് ശരിയായ വിധത്തിൽ മൂടാത്തതാണ് അപകടത്തിന് കാരണമായത്. വീടിനു സമീപം കളിക്കുകയായിരുന്ന സമർ തിരികെ വരാൻ വൈകിയതിനെത്തുടർന്ന് വീട്ടുകാർ സമീപത്തെല്ലാം തിരഞ്ഞെങ്കിലും കണ്ടെത്താനായില്ല. തുടർന്ന് പരിസരത്തെ സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചതിൽ നിന്നാണ് കുട്ടി മാൻഹോളിലേക്ക് വീഴുന്നത് കണ്ടത്. തുടർന്ന് മാൻഹോൾ പരിശോധിച്ചപ്പോൾ കുട്ടി അതിനകത്ത് വീണു കിടക്കുകയായിരുന്നു. പുറത്തെടുത്തപ്പോഴേക്കും കുട്ടി മരിച്ചിരുന്നു. പൊലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു.

#### ബിഹാറിൽ ഷോക്കേറ്റ് ഒമ്പത് കാവടി യാത്രികർ മരിച്ചു

പറ്റ്ന: ബിഹാറിലെ വൈശാലിയിൽ വൈദ്യുതാഘാതമേറ്റ് ഒമ്പത് കാവടി യാത്രികർ മരിച്ചു. ഇവർ സഞ്ചരിച്ചിരുന്ന വാഹനം വൈദ്യുതി തൂണിലിടിച്ചാണ് അപകടമുണ്ടായത്. സുൽത്താൻപൂർ ഗ്രാമത്തിൽ ഹാജിപുരിൽ ഞായറാഴ്ച രാത്രി 11.15നാണ് അപകടമുണ്ടായത്. നിരവധി പേർക്ക് പരിക്കേറ്റിട്ടുണ്ട്. രണ്ടു പേരുടെ നില അതീവ ഗുരുതരമാണ്. വാഹനത്തിന് ഉയരം കൂടുതലായതിരുന്നതിനാൽ ഹൈ ടേൻഷൻ വയറിൽ തട്ടുകയും വൈദ്യുതാഘാതമേൽക്കുകയുമായിരുന്നുവെന്ന് ഹാജിപുർ സബ് ഡിവിഷണഎട്ടു പേർ സംഭവസ്ഥലത്തു വെച്ച് തന്നെ മരിച്ചു. ഒരാൾ ആശുപത്രിയിൽ ചികിത്സക്കിടെയാണ് മരിച്ചത്. സോൻപൂർ പഹ്‌ലേജ ഘട്ടിൽ നിന്ന് മടങ്ങുകയായിരുന്ന ജെതുയി നിസാമത്ത് ഗ്രാമത്തിൽ നിന്നുള്ള കാവടിയാത്രികരാണ് അപകടത്തിൽപ്പെട്ടത്. ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ അപകടത്തിൽ മരിച്ചവർക്ക് അനുശോചനം അറിയിച്ചു. മരിച്ചവരുടെ കുടുംബങ്ങൾക്ക് നാലു ലക്ഷം രൂപ നഷ്ടപരിഹാരം മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

#### എം.സി.ഡി നാമനിർദേശം; എ.എ.പിക്ക് തിരിച്ചടി

ന്യൂഡൽഹി: ഡൽഹി മുനിസിപ്പൽ കോർപ്പറേഷനിൽ (എം.സി.ഡി) നോമിനേറ്റ് ചെയ്യുന്ന അംഗങ്ങളെ തീരുമാനിക്കുന്നതിനു ഡൽഹി സർക്കാരിന്റെ അനുമതി ലഫ്റ്റനന്റ് ഗവർണർക്ക് ആവശ്യമില്ലെന്നു സുപ്രീം കോടതി. ഡൽഹി ലെഫ്റ്റനന്റ് ഗവർണർ സക്സേനയുടെ നിയമനങ്ങളെ ചോദ്യംചെയ്ത് ആം ആദ്മി സർക്കാർ നൽകിയ ഹർജിയിൽ ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ പി.എസ് നരസിംഹ, ജെ.ബി പർദിവാല എന്നിവരടങ്ങിയ ബെഞ്ചാണ് വിധി പ്രസ്താവിച്ചത്. ഡൽഹി സർക്കാരും ലഫ്. ഗവർണറും തമ്മിൽ നടക്കുന്ന അധികാര വടംവലിയിൽ സർക്കാരിനേറ്റ തിരിച്ചടിയാണു സുപ്രീം കോടതിയുടെ ഉത്തരവ്. എംസിഡിയിൽ തിരഞ്ഞെടുക്കപ്പെട്ട 250 അംഗങ്ങളും നോമിനേറ്റ് ചെയ്യപ്പെടുന്ന 10 അംഗങ്ങളുമുണ്ട്. സംസ്ഥാന മന്ത്രിസഭയോടു ചോദിക്കാതെയാണ് ഇത്തവണ 10 പേരെ എംസിഡിയിലേക്ക് ലഫ്. ഗവർണർ വി.കെ. സക്സേന നാമനിർദേശം ചെയ്തത്. 2022 ഡിസംബറിലെ തിരഞ്ഞെടുപ്പിൽ 134 വാർഡുകളിൽ ആംആദ്മി പാർട്ടി (എഎപി) ജയിച്ചിരുന്നു. 15 വർഷംനീണ്ട ബിജെപിയുടെ ഭരണത്തിന് അന്ത്യം കുറിച്ചായിരുന്നു ഈ വിജയം. ബിജെപിക്ക് 104 സീറ്റുകൾ മാത്രമേ നേടാനായുള്ളൂ. കോൺഗ്രസിന് ഒൻപത് അംഗങ്ങളുണ്ട്.

## ഡൽഹി കോച്ചിങ് സെന്റർ ദുരന്തം

# ഇടപെട്ട് സുപ്രീം കോടതി

**‘കോച്ചിങ് സെന്ററുകൾ മരണമുറികളായി’**

**കേന്ദ്ര- സംസ്ഥാന സർക്കാരുകൾക്ക് നോട്ടീസ് അയച്ചു**

ന്യൂഡൽഹി: ഡൽഹി ഐ.എ.എസ് കോച്ചിങ് സെന്ററിലെ മൂന്നു വിദ്യാർഥികളുടെ മുങ്ങിമരണത്തിൽ സുപ്രീം കോടതി കേന്ദ്രത്തിനും ഡൽഹി സർക്കാരിനും നോട്ടീസ് അയച്ചു.

കോച്ചിങ് സെന്ററുകൾ മരണമുറികളായി മാറുകയാണെന്നും വിദ്യാർഥികളുടെ ജീവിതം കൊണ്ട് കളിക്കുകയാണെന്നും ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് ഉജ്ജൽ ഭൂയാൻ എന്നിവരടങ്ങിയ ബെഞ്ച് നിരീക്ഷിച്ചു. ഡൽഹിയിലെ മുഖർജി നഗർ ഏരിയയിലെ കോച്ചിങ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ വ്യാപനം സംബന്ധിച്ച ഡൽഹി ഹൈക്കോടതിയുടെ നിർദേശങ്ങൾ ചോദ്യം ചെയ്ത് കോച്ചിങ് ഫെഡറേഷൻ ഓഫ് ഇന്ത്യ നൽകിയ അപ്പീൽ പരിഗണിക്കുകയായിരുന്നു കോടതി. അപ്പീൽ തള്ളുകയും കോച്ചിങ് ഫെഡറേഷൻ ഓഫ് ഇന്ത്യക്ക് ഒരു ലക്ഷം രൂപ പിഴ ചുമത്തുകയും ചെയ്തു. കോച്ചിങ് സെന്ററുകൾ സുരക്ഷ മാനദണ്ഡങ്ങൾ പാലിക്കുന്നില്ലെങ്കിൽ അവ ഓൺലൈൻ മോഡിലേക്ക് മാറ്റണമെന്ന് കോടതി നിർദേശിച്ചു. അന്വേഷണം തൃപ്തികരമല്ലെങ്കിൽ കേന്ദ്ര ഏജൻസികൾക്ക് അന്വേഷണം കൈമാറുമെന്നും കോടതി പറഞ്ഞു. കോച്ചിങ് സെന്ററുകളിൽ സുരക്ഷാ ചട്ടങ്ങൾ നടപ്പാക്കുന്നുണ്ടോയെന്ന് ചോദിച്ച് കേന്ദ്ര സർക്കാരിനും ഡൽഹി ചീഫ് സെക്രട്ടറിക്കും കോടതി നോട്ടീസ് അയച്ചു.



കഴിഞ്ഞ മാസമാണ് ഡൽഹിയിലെ ഐ. എ.എസ് അക്കാദമി ബേസ്മെന്റിലെ വെള്ളക്കെട്ടിൽ മൂന്ന് ഉദ്യോഗാർഥികൾ മുങ്ങി മരിച്ചത്. സംഭവത്തിൽ ഡൽഹി സർക്കാറോ കേന്ദ്ര സർക്കാറോ ഇതുവരെ ഫലപ്രദമായ നടപടി സ്വീകരിച്ചുവെന്ന് ഞങ്ങൾക്ക് ഉറപ്പില്ല. വിദ്യാർഥികളുടെ മരണം എല്ലാവരുടെയും കണ്ണ് തുറപ്പിക്കുന്നതാണെന്നും കോടതി വ്യക്തമാക്കി.

സംഭവത്തിൽ സി.ബി.ഐ അന്വേഷണത്തിന് ഡൽഹി ഹൈക്കോടതി ഉത്തരവിട്ടിരുന്നു. കൃത്യസമയത്ത് അന്വേഷണം നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഒരു ഉദ്യോഗസ്ഥനെ നിയമിക്കാൻ കേന്ദ്ര വിജിലൻസ് കമ്മീഷണർക്ക് കോടതി നിർദ്ദേശം നൽകി.

## വഖഫിലെ കൈകടത്തൽ

# കേന്ദ്രത്തിനെതിരെ സമാജ്‌വാദി പാർട്ടി

ലക്നൗ: വഖഫ് ബോർഡുകളെ നിയന്ത്രിക്കുന്ന 1995ലെ നിയമം ഭേദഗതി ചെയ്യാനുള്ള കേന്ദ്രസർക്കാർ നീക്കത്തിനെതിരെ സമാജ്‌വാദി പാർട്ടി. വഖഫ് നിയമ ഭേദഗതി ബില്ലിനെ പാർലമെന്റിൽ എതിർക്കുമെന്ന് എസ്.പി അധ്യക്ഷൻ അഖിലേഷ് യാദവ് വ്യക്തമാക്കി.

‘ബി.ജെ.പിയുടെ ഒരേയൊരു ജോലി ഹിന്ദുക്കളെയും മുസ്‌ലിംകളെയും ഭിന്നിപ്പിക്കുക, മുസ്‌ലിം സഹോദരങ്ങളുടെ അവകാശങ്ങൾ കവർന്നെടുക്കുക, അവർക്കെതിരെ ഗൂഢാലോചന നടത്തുക ഇതൊക്കെയാണ്- അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു. മുസ്‌ലിംകളെ കൂടാതെ ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിന്റെ അവകാശങ്ങൾ മോദി സർക്കാർ നേരത്തെ തട്ടിയെടുത്തുവെന്ന് അഖിലേഷ് പറഞ്ഞു. ‘ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിന് ലോക്സഭയിലും രാജ്യസഭയിലും ഓരോ സീറ്റ് വീതം ഉണ്ടായിരുന്നു. വ്യാജ സെൻസസ് നടത്തി അവരുടെ സീറ്റുകൾ ബി.ജെ.പി തട്ടിയെടുത്തു- അദ്ദേഹം ചൂണ്ടിക്കാട്ടി. വഖഫ് ബോർഡിന്റെ അധികാരങ്ങൾ വെട്ടിക്കുറയ്ക്കുന്ന നിയമ ഭേദഗതി ബില്ലിന് കഴിഞ്ഞ ദിവസം കേന്ദ്രമന്ത്രിസഭാ യോഗം അംഗീകാരം നൽകിയിരുന്നു. വഖഫ് സ്വത്തായി ഭൂമിയും കെട്ടിടങ്ങളും പ്രഖ്യാപിക്കുന്നത് ഉൾപ്പെടെ വഖഫ് ബോർഡിനുള്ള സവിശേഷ അധികാരങ്ങൾ ഇല്ലാതാക്കാനാണ് കേന്ദ്ര സർക്കാർ നീക്കം.

നിലവിൽ വഖഫ് കൗൺസിലിന്റെയും സംസ്ഥാനങ്ങളിൽ വഖഫ് ബോർഡുകളുടേയും കൈവശമുള്ള വഖഫ് സ്വത്തുക്കളിൽ കേന്ദ്ര സർക്കാറിന് നേരിട്ട് ഇടപെടുന്നതിന് പരിമിതിയുണ്ട്. അത് മറികടന്ന് വഖഫ് സ്വത്തുകൾ അധീനപ്പെടുത്താനുള്ള മോദി സർക്കാറിന്റെ ഗൂഢതന്ത്രമാണ് നീക്കത്തിനു പിന്നിൽ. ഇതിനായി നിലവിലുള്ള വഖഫ് നിയമത്തിൽ 40 ഓളം ഭേദഗതികളാണ് കൊണ്ടുവരുന്നത്. അതേസമയം ബിൽ ഉടൻ പാർലമെന്റിൽ അവതരിപ്പിക്കാനിരിക്കെയാണ് സമാജ്‌വാദി പാർട്ടി എതിർപ്പ് വ്യക്തമാക്കിയത്.

നിർദ്ദിഷ്ട ഭേദഗതികൾ പ്രകാരം, വഖഫ് ബോർഡിന് വസ്തുക്കളുടെ മേൽ അവകാശം ഉന്നയിക്കാൻ ലഭിച്ചിരുന്ന അനിയന്ത്രിത അധികാരം ഇല്ലാതാകും. മാത്രമല്ല, വഖഫ് സ്വത്തുക്കളിന്മേൽ കേന്ദ്ര സർക്കാറിന്റെ നിർബന്ധിത പരിശോധനയ്ക്ക് വഴിതുറക്കുകയും ചെയ്യും. ഹരിയാന, മഹാരാഷ്ട്ര, ജാർഖണ്ഡ് സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പ് ഈ വർഷം ഒക്ടോബറിൽ നടക്കാനിരിക്കെ, രാഷ്ട്രീയ ലക്ഷ്യം കൂടി മുന്നിൽ കണ്ടാണ് ന്യൂനപക്ഷങ്ങൾക്കെതിരായ മോദി സർക്കാറിന്റെ ഈ നീക്കം.

## പ്രളയവും മണ്ണിടിച്ചിലും; ഹിമാചൽ പ്രദേശിൽ 87 റോഡുകൾ അടച്ചു

ഷിംല: ദിവസങ്ങളായി തുടരുന്ന കനത്ത മഴയിൽ മണ്ണിടിച്ചിലുണ്ടായതിനെ തുടർന്ന് ഹിമാചൽ പ്രദേശിന്റെ വിവിധ ഭാഗങ്ങളിലായി 87 റോഡുകൾ അടച്ചു. കുളു- 30, മാണ്ഡി- 25, ലാഹൗളി, സ്പിറ്റി- 14 വീതം, ഷിംല- ഒമ്പത്, കാൻഗ്ര- ഏഴ്, കിന്നൗർ- രണ്ട് റോഡുകളാണ് അടച്ചതെന്ന് സംസ്ഥാന എമർജൻസി ഓപ്പറേഷൻ സെന്റർ അറിയിച്ചു.

വെള്ളപ്പൊക്കത്തെത്തുടർന്ന് ഉദയ്പൂർ സബ് ഡിവിഷനിലെ ലാഹൗളിലെയും സ്പിതിയിലെയും സൻസാരി- കില്ലർ- തിരോട്ട്-തണ്ടി (എസ്കെടിടി) റോഡ് ദണ്ഡൽ നുള്ളയിൽ ബ്ലോക്ക് ചെയ്തിട്ടുണ്ട്. ചന്ദ്രഭാഗ നദി കരകവിഞ്ഞൊഴുകിയതോടെ തഡാങ് ഗ്രാമത്തിൽ നിന്നുള്ളവർ മാറിതാമസിക്കണമെന്ന് അധികൃതർ അറിയിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇടവിട്ടുള്ള മഴ തുടരുകയാണ്. വ്യാഴാഴ്ച വരെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്നാണ് പ്രവചനം. ഒരാഴ്ചയായി തുടരുന്ന കനത്ത മഴയിൽ ഹിമാചലിൽ വ്യാപക നാശനഷ്ടമാണുണ്ടായത്.

കഴിഞ്ഞയാഴ്ച കുളു, മാണ്ഡി, ഷിംല ജില്ലകളിലുണ്ടായ മേഘവിസ്ഫോടനത്തെ തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിൽ 13 പേർ മരിച്ചിരുന്നു. നിരവധി പേരെ കാണാതായെന്നാണ് റിപ്പോർട്ട്. ഷിംലയിൽ 33 പേരെയും കുളുവിൽ ഒമ്പത് പേരെയും മണ്ടിയിൽ ആറുപേരെയും കാണാതായിട്ടുണ്ട്. 61 വീടുകൾ പൂർണമായും 42 വീടുകൾ ഭാഗികമായും തകർന്നു.

നിർമ്മാണത്തിലിരിക്കുന്ന കുർപാൻ ഖാഡ് പദ്ധതിക്ക് പ്രളയത്തിൽ വ്യാപകമായ നാശനഷ്ടമുണ്ടായിട്ടുണ്ട്. ജൂൺ 27 നും ഓഗസ്റ്റ് 4 നും ഇടയിലുണ്ടായ മഴക്കെടുതിയിൽ സംസ്ഥാനത്ത് 79 പേരാണ് മരിച്ചത്. ദുരിതബാധിതർക്ക് സംസ്ഥാന സർക്കാർ 50,000 രൂപ അടിയന്തര സഹായം പ്രഖ്യാപിച്ചിട്ടുണ്ട്.

## വയനാട് ദുരന്തം; സംസ്ഥാന സർക്കാരിനെതിരെ കേന്ദ്രമന്ത്രി

ന്യൂഡൽഹി: വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ സംസ്ഥാന സർക്കാരിനെതിരെ രൂക്ഷ വിമർശനവുമായി കേന്ദ്ര വനംമന്ത്രി ഭൂപേന്ദ്ര യാദവ്. അനധികൃത കയ്യേറ്റവും ഖനനവും അനുവദിച്ചതിന്റെ ദുരന്തമാണ് വയനാട് നേരിടുന്നതെന്ന് കേന്ദ്രമന്ത്രി കുറ്റപ്പെടുത്തി. 'സർക്കാർ സംവിധാനങ്ങൾ ഇത്തരം പ്രവർത്തികൾക്കു നിയമവിരുദ്ധ സംരക്ഷണം നൽകി. വളരെ സെൻസിറ്റീവായ പ്രദേശത്തിന് ആ പ്രാധാന്യം നൽകിയില്ല. നൽകിയ മുന്നറിയിപ്പുകളെല്ലാം അവഗണിച്ചു.

ഭാവിയിലെങ്കിലും ഈ രീതിയിലുള്ള ഖനനവും മണ്ണെടുപ്പുമടക്കം ഇല്ലാതാകേണ്ടതുണ്ട്'- പാർലമെന്റ് സമ്മേളനത്തിനു മുന്നോടിയായി വാർത്താ ഏജൻസിക്ക് നൽകിയ അഭിമുഖത്തിൽ കേന്ദ്രമന്ത്രി പറഞ്ഞു. 'പ്രാദേശിക രാഷ്ട്രീയക്കാരുടെ ഒത്താശയോടെയാണ് ഇവിടെ നിയമവിരുദ്ധമായി മനുഷ്യവാസം നടത്തുന്നത്. ഈ മേഖലയിൽ




അവർ കയ്യേറ്റങ്ങൾ അനുവദിച്ചു. ഇതു വളരെ സെൻസിറ്റീവായ മേഖലയാണ്. മുൻ ഡയറക്ടർ ജനറൽ ഓഫ് ഫോറസ്റ്റ് സഞ്ജയ് കുമാറിന്റെ നേതൃത്വത്തിലുള്ള സംഘത്തെ കേന്ദ്രം പഠിക്കാൻ നിയോഗിച്ചിട്ടുണ്ട്. ഇവർ സംസ്ഥാന സർക്കാരുമായി സംസാരിച്ചു. സംസ്ഥാന സർക്കാരിന്റെ പിടിപ്പുകേടാണെന്നാണ് ഞങ്ങൾക്ക് തോന്നുന്നത്. പ്രാദേശിക അധികൃതരുടെ സഹായത്തോടെ ഇവിടെ അനധികൃത കയ്യേറ്റവും ഖനനവും നടക്കുന്നുണ്ട്.

ഇക്കോ സെൻസിറ്റീവ് സോണുകൾക്കായി കേരള സർക്കാർ ഒരു പദ്ധതി തയാറാക്കണം. സംസ്ഥാനത്തിന്റെ റിപ്പോർട്ട് സഞ്ജയ് കുമാറിന് നൽകണം. ദീർഘനാളുകളായി ഈ കമ്മിറ്റിയെ സംസ്ഥാന സർക്കാർ ഒഴിവാക്കുകയായിരുന്നു'- മന്ത്രി പറഞ്ഞു. വയനാട് ദുരന്തത്തിന്റെ പേരിൽ നേരത്തെ, കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായും മുഖ്യമന്ത്രി പിണറായി വിജയനും ഏറ്റുമുട്ടിയിരുന്നു. അപകടസാധ്യത മുൻകൂട്ടി കണ്ടുകൊണ്ട് കേന്ദ്ര കാലാവസ്ഥ വകുപ്പ് സംസ്ഥാന സർക്കാരിന് മുന്നറിയിപ്പ് നൽകിയിരുന്നെന്നും എന്നിട്ടും എന്തുകൊണ്ടാണ് ദുരിതബാധിത പ്രദേശങ്ങളിൽ നിന്ന് ആളുകളെ മാറ്റാതിരുന്നതെന്നുമുള്ള അമിത് ഷായുടെ ചോദ്യമാണ് പിണറായിയെ ചൊടിപ്പിച്ചത്.

ഒന്നിലധികം തവണ സംസ്ഥാനത്തിന് മുന്നറിയിപ്പ് നൽകി, നടപടി എടുത്തിരുന്നെങ്കിൽ ഈ വലിയ ദുരന്തം ഒഴിവാക്കാമായിരുന്നെന്നും അമിത് ഷാ പറഞ്ഞിരുന്നു. എന്നാൽ, ദുരന്തമുണ്ടായ മേഖല ഒരിക്കൽ പോലും റെഡ് അലർട്ട് മുന്നറിയിപ്പ് പരിധിയിൽ വന്നിരുന്നില്ലെന്നും കേന്ദ്ര സർക്കാർ രാഷ്ട്രീയം കളിക്കുകയാണെന്നുമാണ് മുഖ്യമന്ത്രി തിരിച്ചടിച്ചത്.

## ബ്രോഡ്കാസ്റ്റിങ് ബിൽ ഡിജിറ്റൽ മാധ്യമങ്ങളെ അട്ടിമറിക്കാൻ: പ്രിയങ്ക

ന്യൂഡൽഹി: ബ്രോഡ്കാസ്റ്റിങ് സർവീസസ് (റെഗുലേഷൻ) ബിൽ നടപ്പാക്കുന്നതിലൂടെ ഡിജിറ്റൽ മീഡിയ, സോഷ്യൽ മീഡിയ, ഒ.ടി.ടി പ്ലാറ്റ്ഫോമുകൾ എന്നിവയെ അട്ടിമറിക്കാനാണ് മോദി സർക്കാരിന്റെ നീക്കമെന്ന് പ്രിയങ്ക ഗാന്ധി. ഇത് പൂർണമായും അംഗീകരിക്കാനാവില്ലെന്നും ഇത്തരം നടപടി രാജ്യം വെച്ചുപൊറുപ്പിക്കില്ലെന്നും അവർ വ്യക്തമാക്കി. പൗരസ്വാതന്ത്ര്യവും പത്രസ്വാതന്ത്ര്യവും നമ്മുടെ രക്തസാക്ഷികളുടെയും സ്വാതന്ത്ര്യ സമര സേനാനികളുടെയും മഹത്തായ പൈതൃകമാണെന്നും പ്രിയങ്ക എക്സിൽ കുറിച്ചു.



അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും പത്രസ്വാതന്ത്ര്യത്തിന്റെയും പ്രാധാന്യം ഊന്നിപ്പറയുന്ന ഗാന്ധിജിയുടെയും (യംഗ് ഇന്ത്യ, 1922) നെഹ്റുവിന്റെയും (മാർച്ച്, 1940) രണ്ട് ഉദ്ധരണികളും പ്രിയങ്ക എക്സിൽ പങ്കിട്ടു. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ പൗരന്മാരുടെ സ്വാതന്ത്ര്യത്തെ തകർക്കുന്നതിനെക്കുറിച്ച് ഒരു സർക്കാരിനും ചിന്തിക്കാനാവില്ല. എന്നാൽ ഇന്ന് മോദി സർക്കാർ അധികാരം ഉപയോഗിച്ച് മാധ്യമങ്ങളെ മുഴുവൻ തങ്ങളുടെ മുഖപത്രമാക്കി മാറ്റിയിരിക്കുന്നു.

മറുവശത്ത്, ഡിജിറ്റൽ മീഡിയ, സോഷ്യൽ മീഡിയ, ഒ.ടി.ടി പ്ലാറ്റ്ഫോമുകൾ തുടങ്ങി തുടങ്ങിയവയെ സർക്കാർ കൊള്ളയടിക്കാൻ ഒരുങ്ങുകയാണ്. ഇതിന്റെ ആദ്യഘട്ടമാണ് ബ്രോഡ്കാസ്റ്റ് ബിൽ- അവർ കൂട്ടിച്ചേർത്തു. ബിൽ സ്വേച്ഛാധിപത്യപരമാണെന്നും ജനങ്ങൾ പ്രതികരിക്കണമെന്നും കോൺഗ്രസ് മാധ്യമ വിഭാഗം മേധാവി പവൻ ഖേരയും ആവശ്യപ്പെട്ടിരുന്നു. അഭിപ്രായ സ്വാതന്ത്ര്യത്തിനും സ്വതന്ത്ര മാധ്യമങ്ങൾക്കും ഇത് നേരിട്ട് ഭീഷണിയാകുമെന്നും അമിതമായ നിരീക്ഷണത്തിന് വഴിയൊരുക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

## യു.എസ് മാന്ദ്യഭീതി: തകർന്നടിഞ്ഞ് ഓഹരി വിപണി

**നിലയില്ലാക്കയത്തിൽ രൂപ**

മുംബൈ: അമേരിക്ക വീണ്ടും സാമ്പത്തിക മാന്ദ്യത്തിലേക്ക് നീങ്ങുകയാണെന്ന ഭയത്തിൽ തകർന്നടിഞ്ഞ് ഓഹരി വിപണിയും കൂപ്പുകുത്തി രൂപയും. മുംബൈ ഓഹരി സൂചിക ഇന്നവെ വ്യാപാരത്തിന്റെ തുടക്കത്തിൽ തന്നെ 2400 പോയിന്റാണ് ഇടിഞ്ഞത്.

നിഫ്റ്റിയും (ദേശീയ ഓഹരി സൂചിക) 463.5 പോയിന്റ് ഇടിഞ്ഞു. കഴിഞ്ഞയാഴ്ച 80,981 പോയിന്റ് വരെയെത്തി റെക്കോർഡിട്ട വിപണിയാണ് ഇന്നലെ കുത്തനെ കൂപ്പുകുത്തിയത്. വിപണിയിടിവിൽ നിക്ഷേപകർക്ക് ഒറ്റയടിക്ക് നഷ്ടമായത് 9.67 ലക്ഷം രൂപയാണ്. വിദേശ നിക്ഷേപകരുടെ കൂട്ട വിറ്റഴിക്കലിൽ ഉരുക്ക്, ബാങ്കിങ്, ധനകാര്യം, എണ്ണ, ഐ.ടി ഓഹരികളെല്ലാം കൂപ്പുകുത്തി.

ഓഹരി വിപണിക്കൊപ്പം രൂപയുടെ മൂല്യം ചരിത്രത്തിലെ ഏറ്റവും താഴ്ന്ന നിലയിലേക്ക് കൂപ്പുകുത്തി. സാധാരണ ഡോളർ തകരുമ്പോൾ ലാഭമെടുക്കാറുള്ള രൂപ, ഇത്തവണ ഡോളർ തകർന്നിട്ടും അവസരം മുതലെടുക്കാനാകാതെ കൂപ്പു കുത്തുകയായിരുന്നു. 83 രൂപ 80പൈസയിലാണ് രൂപ ഇന്നലെ വ്യാപാരം അവസാനിപ്പിച്ചത്. ക്രിപ്റ്റോ കറൻസിയുടെ മൂല്യത്തിലും തകർച്ച നേരിട്ടു. അമേരിക്കയിലെ സാമ്പത്തിക സാഹചര്യം അനുകൂലമല്ലാത്തതിനാൽ സുരക്ഷിത നിക്ഷേപങ്ങളിലേക്ക് ആളുകൾ ഫണ്ടുകൾ മാറ്റുന്നതാണ് പ്രതിസന്ധി സൃഷ്ടിക്കുന്നത്. ഹമാസ് നേതാവ് ഹനിയയുടെ വധവുമായി ബന്ധപ്പെട്ട് പശ്ചിമേഷ്യൻ മേഖലയിൽ രൂപപ്പെട്ട ഇറാൻ - ഇസ്രാഈൽ യുദ്ധഭീതിയും ആഗോള സാമ്പത്തിക സാഹചര്യങ്ങളെ പ്രതികൂലമായി ബാധിച്ചു.

ജപ്പാനിൽ കേന്ദ്ര ബാങ്ക് അടിസ്ഥാന പലിശ നിരക്ക് വർധിപ്പിച്ചതിനാൽ ടോക്കിയോ ഓഹരി വിപണിയും കൂപ്പുക്കുത്തി.

## സംസ്ഥാന വിഭജന നീക്കം; പ്രമേയം പാസാക്കി ബംഗാൾ നിയമസഭ

**വൈരം മറന്ന് ഒരുമിച്ച് ബി.ജെ.പിയും തൃണമൂലും**

കൊൽക്കത്ത: സംസ്ഥാന വിഭജന നീക്കത്തിനെതിരെ നിയമസഭയിൽ വൈരം മറന്ന് ഒരുമിച്ച് തൃണമൂൽ കോൺഗ്രസും ബി.ജെ.പിയും. സംസ്ഥാന വിഭജനവുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാർ നീക്കത്തിനെതിരെ സർക്കാർ കൊണ്ടുവന്ന പ്രമേയത്തെയാണ് ബി.ജെ.പി നിയമസഭയിൽ പിന്തുണച്ചത്. ഇതോടെ പ്രമേയം ഐകകണ്ഠ്യേന നിയമസഭ പാസാക്കി. സഹകരണ ഫെഡറൽ സംവിധാനം നിലനിൽക്കുന്ന രാജ്യത്ത് കേന്ദ്ര സർക്കാറിന്റെ ഏകപക്ഷീയ നീക്കം അംഗീകരിക്കാനാവില്ലെന്ന് പ്രമേയം സഭയിൽ അവതരിപ്പിച്ചുകൊണ്ട് മുഖ്യമന്ത്രി മമതാ ബാനർജി പറഞ്ഞു.

രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയ മണ്ണാണ് ബംഗാളിന്റേത്. ബംഗാളിന്റെ തനത് സംസ്കാരവും പാരമ്പര്യവും പ്രധാനപ്പെട്ടതാണ്. വടക്കൻ പശ്ചിമബംഗാളിന്റെ വികസനത്തിനായി നാം ഒരുമിച്ചു പ്രവർത്തിക്കും. നോർത്ത് ഡവലപ്മെന്റ് ഡിപ്പാർട്ട്മെന്റിന് അനുവദിക്കുന്ന ഫണ്ടിനെ മാത്രം നോക്കി വടക്കൻ ബംഗാളിനോടുള്ള സർക്കാർ സമീപനത്തിലെ ആത്മാർഥത അളക്കരുതെന്നും മമത പറഞ്ഞു. സംസ്ഥാന വിഭജനത്തോട് എതിരാണെന്ന് ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച മുതിർന്ന ബി.ജെ.പി നേതാവും നിയമസഭാ പ്രതിപക്ഷ നേതാവുമായ സുവേന്ദു അധികാരി പറഞ്ഞു.

പശ്ചിമബംഗാളിനെ വിഭജിക്കാനുള്ള ഏത് നീക്കത്തിനും തങ്ങൾ എതിരാണ്. പക്ഷേ ഈ പ്രമേയം ഒരു രാഷ്ട്രീയ പാർട്ടിയുടെ ലഘുലേഖ പോലെയാണ് കാര്യങ്ങൾ പറയുന്നത്. ഐക്യപശ്ചിമബംഗാളിന്റെ സമഗ്ര വികസനമാണ് സംസ്ഥാനം ആവശ്യപ്പെടുന്നത് എന്ന ഒരു വരി പ്രമേയത്തിൽ ഉൾപ്പെടുത്തണം. അങ്ങനെയെങ്കിൽ പ്രമേയത്തെ പിന്തുണക്കാൻ തങ്ങൾ തയ്യാറാണ്.

പ്രമേയം ഐകകണ്ഠ്യേന പാസാക്കണം എന്നാണ് ബി.ജെ.പി നിലപാടെന്നും സുവേന്ദു അധികാരി കൂട്ടിച്ചേർത്തു. പ്രതിപക്ഷ നിർദേശം പ്രമേയത്തിൽ ഉൾപ്പെടുത്താമെന്ന് മമതാ ബാനർജി അറിയിച്ചതോടെയാണ് ഐകകണ്ഠ്യേന പ്രമേയം പാസാക്കിയത്.

## ബംഗ്ലാദേശ് അതിർത്തിയിൽ ജാഗ്രതാ നിർദേശം; സുരക്ഷ ശക്തമാക്കി ബി.എസ്.എഫ്

ന്യൂഡൽഹി: പ്രധാനമന്ത്രി സ്ഥാനം രാജിവെച്ച് ശൈഖ് ഹസീന രാജ്യം വിട്ടതിനു പിന്നാലെ ഇന്ത്യ-ബംഗ്ലാദേശ് അതിർത്തിയിൽ അതിർത്തി രക്ഷാസേന (ബി.എസ്.എഫ്) സുരക്ഷ ശക്തമാക്കി. പ്രദേശത്ത് രണ്ടു ദിവസത്തേക്ക് അതിജാഗ്രത നിർദേശം പുറപ്പെടുവിച്ചു.

ബംഗ്ലാദേശിലെ സ്ഥിതിഗതികൾ സസൂക്ഷ്മം നിരീക്ഷിച്ചു വരികയാണെന്ന് ബി.എസ്.എഫ് ഡയറക്ടർ ജനറൽ ദൽജിത് സിങ് ചൗധരി വ്യക്തമാക്കി. അതിർത്തിയിലെ സുരക്ഷാ സാഹചര്യം അവലോകനം ചെയ്യുന്നതിന് മുതിർന്ന ഉദ്യോഗസ്ഥർക്കൊപ്പം ദൽജിത് സിങ് ചൗധരി കൊൽക്കത്തയിലെത്തി. ബംഗ്ലാദേശിൽ നിന്ന് ഇന്ത്യയിലേക്ക് അനധികൃതമായി ആരെങ്കിലും പ്രവേശിക്കുന്നുണ്ടോയെന്നതു സൂക്ഷ്മമായി നിരീക്ഷിക്കാൻ അദ്ദേഹം ബി.എസ്.എഫ് ജവാന്മാർക്ക് നിർദേശം നൽകി.

സാഹചര്യം മുതലെടുക്കാൻ ഭീകരവാദികളെയോ കള്ളക്കടത്തുകാരെയോ അനുവദിക്കരുതെന്ന് അദ്ദേഹം വ്യക്തമാക്കി. നിലവിൽ ഇന്ത്യ-ബംഗ്ലാദേശ് അതിർത്തിയിൽ 1096 ഔട്ട് പോസ്റ്റുകളാണ് ഉള്ളത്.

പശ്ചിമബംഗാളിൽ 2216.7 കിലോമീറ്ററിലും അസമിൽ 263 കിലോമീറ്ററിലും മേഘാലയയിൽ 443 കിലോമീറ്ററിലും ത്രിപുരയിൽ 856 കിലോമീറ്ററിലും മിസോറാമിൽ 318 കിലോമീറ്ററിലുമാണ് ബംഗ്ലാദേശുമായി അതിർത്തി പങ്കിടുന്നത്.

## വയനാടിന് സഹായം; സിദ്ധരാമയ്യക്കെതിരെ വിദ്വേഷ പ്രസ്താവനയുമായി ബി.ജെ.പി എം.പി

ബെംഗളൂരു: ഉരുൾപൊട്ടൽ ദുരന്തമുണ്ടായ വയനാട്ടിൽ 100 വീടുകൾ നിർമിച്ചുനൽകാനുള്ള കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയുടെ പ്രഖ്യാപനത്തിനെതിരെ വിദ്വേഷ പ്രസ്താവനയുമായി ബി.ജെ.പി എം.പിയും യുവമോർച്ച ദേശീയ അധ്യക്ഷനുമായ തേജസ്വി സൂര്യ.

രാഹുൽ ഗാന്ധിയുടെ താൽപര്യപ്രകാരമാണ് സിദ്ധരാമയ്യുടെ പ്രഖ്യാപനമെന്നും കർണാടകയെ കോൺഗ്രസ് അതിന്റെ എ.ടി.എം ആയി ഉപയോഗിക്കുകയാണെന്നും തേജസ്വി സൂര്യ ആരോപിച്ചു. കർണാടകയിൽ പ്രളയദുരിതബാധിതർക്ക് സഹായം നൽകാൻ പരാജയപ്പെട്ട സർക്കാറാണ് വയനാട്ടിൽ സഹായം നൽകുന്നതെന്ന ആരോപണവും തേജസ്വി സൂര്യ ഉന്നയിച്ചു.



തേജസ്വി സൂര്യ, സിദ്ധരാമയ്യ

‘കർണാടകയെ തങ്ങളുടെ എ.ടി.എമ്മാക്കി നാണംകെട്ട മുതലെടുപ്പ് തുടരുകയാണ് കോൺഗ്രസ്. രാഹുൽ ഗാന്ധി വയനാടിന് 100 വീടുകൾ പ്രഖ്യാപിച്ചതിന് തൊട്ടുപിന്നാലെയാണ്, തന്റെ നേതാവിന്റെ ആഗ്രഹം സഫലീകരിക്കാൻ സർക്കാർ ചെലവിൽ വീടുകൾ നിർമിച്ചു നൽകുമെന്ന് സിദ്ധരാമയ്യ പ്രഖ്യാപിച്ചത്.

കർണാടകയിലെ മൽനാട് മേഖലയിലെ ജനങ്ങൾ കടുത്ത പ്രളയവും ഉരുൾപൊട്ടലും നേരിട്ടിട്ട് അവർക്ക് സഹായം നൽകാൻ പരാജയപ്പെട്ട സർക്കാറാണിത്. കർണാടകയിൽ ദുരിതമനുഭവിക്കുന്നവർക്ക് എത്രയും വേഗം സഹായം നൽകാൻ സിദ്ധരാമയ്യ തയ്യാറാകുമോ? കന്നഡക്കാരുടെ ആവശ്യങ്ങൾക്ക് മുൻഗണന നൽകുമോ? ഉത്തരാഖണ്ഡ് പോലെയുള്ള മറ്റ് സംസ്ഥാനങ്ങൾക്ക് സഹായം നൽകുമോ? പറ്റില്ല എന്നാണെങ്കിൽ, തന്റെ നേതാവിന്റെ പ്രതിച്ഛായ സംരക്ഷിക്കാൻ സർക്കാർ ഫണ്ട് ചെലവഴിക്കുന്നതിൽ സിദ്ധരാമയ്യ മറുപടി പറയേണ്ടിവരും’- തേജസ്വി എക്സിൽ കുറിച്ചു.

വയനാട്ടിലെ ദുരിതബാധിതർക്ക് വേണ്ടി 100 വീടുകൾ നിർമിച്ച് നൽകുമെന്ന് കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ പ്രഖ്യാപിച്ചിരുന്നു. മുഖ്യമന്ത്രി പിണറായി വിജയന് കർണാടകയുടെ എല്ലാ പിന്തുണയും ഉറപ്പുനൽകും. തങ്ങൾ ഒരുമിച്ച് വയനാടിന്റെ പുനർനിർമാണം സാധ്യമാക്കുമെന്നും സിദ്ധരാമയ്യ പറഞ്ഞിരുന്നു.

എന്നാൽ, ഈ പ്രഖ്യാപനത്തെ രാഷ്ട്രീയമായി ഉപയോഗിച്ച് നേട്ടമുണ്ടാക്കാനുള്ള നീക്കമാണ് തേജസ്വി സൂര്യയുടെ നേതൃത്വത്തിൽ ബി.ജെ.പി നടത്തുന്നതെന്ന് വിമർശനമുയർന്നുകഴിഞ്ഞു. നേരത്തെ, ദുരന്തമേഖലയിലെത്തിയ വയനാട് എം.പിയും ലോക്സഭ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി 100 വീടുകൾ കോൺഗ്രസ് നിർമിച്ചുനൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിനും വയനാടിന് സഹായവുമായി രംഗത്തെത്തിയിട്ടുണ്ട്. ആദ്യഘട്ടമായി അഞ്ചു കോടി രൂപയാണ് സ്റ്റാലിൻ പ്രഖ്യാപിച്ചത്.

## കെജ്‌രിവാളിന്റെ ഹർജി തള്ളി

ന്യൂഡൽഹി: മദ്യ നയ അഴിമതി കേസിൽ സി.ബി.ഐ അറസ്റ്റിനെയും റിമാൻഡിനെയും ചോദ്യം ചെയ്ത് ആം ആദ്മി പാർട്ടി (എ.എ.പി) തലവനും മുഖ്യമന്ത്രിയുമായ അരവിന്ദ് കെജ്‌രിവാൾ സമർപ്പിച്ച ഹർജി ഡൽഹി ഹൈക്കോടതി തള്ളി. ന്യായമായ കാരണങ്ങളില്ലാതെയോ നിയമവിരുദ്ധമായോ ആണ് അറസ്റ്റെന്ന് പറയാനാകില്ലെന്ന് ജസ്റ്റിസ് നീന ബൻസാൽ കൃഷ്ണയുടെ ബെഞ്ച് പറഞ്ഞു. ജാമ്യാപേക്ഷ തീർപ്പാക്കിയ ഹൈക്കോടതി ജാമ്യത്തിനായി വിചാരണക്കോടതിയെ സമീപിക്കാമെന്നും പറഞ്ഞു. മാർച്ച് 21നാണ് മദ്യ നയ അഴിമതിയുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ കെജ്‌രിവാളിനെ ഇ.ഡി അറസ്റ്റ് ചെയ്തത്. ഇതേ കേസിൽ ജൂൺ 26ന് സി.ബി.ഐയും അറസ്റ്റ് ചെയ്തിരുന്നു.



വയനാട് ഉരുൾപൊട്ടലിൽ പരിക്കേറ്റയാൾക്ക് സൈനിക ഉദ്യോഗസ്ഥർ ചികിത്സ നൽകുന്നു

# ചാലിയാറിൽ നിന്നും ഇന്നലെ ലഭിച്ചത് രണ്ടു ശരീര ഭാഗങ്ങൾ മാത്രം

നിലമ്പൂർ: വയനാട് ചൂരൽമല, മുണ്ട കൈെ ഉരുൾപൊട്ടലിൽ മരണപ്പെട്ടവരെ കണ്ടെത്താൻ ഏഴാം ദിനമായ ഇന്നലെ ചാലിയാർ പുഴയുടെ വിവിധ കടവുകളിൽ നടത്തിയ തിരച്ചിലിൽ ലഭിച്ചത് രണ്ട് ശരീര ഭാഗങ്ങൾ. ഇതോടെ മലപ്പുറം ജില്ലയിൽ നിന്ന് ആകെ ലഭിച്ച മൃതദേഹങ്ങൾ 76 ഉം ശരീര ഭാഗങ്ങൾ 159 ഉം ആയി. ആകെ 235 എണ്ണം. 38 പുരുഷന്മാരുടെയും 31 സ്ത്രീകളുടെയും 3 ആൺകുട്ടികളുടെയും 4 പെൺകുട്ടികളുടെയും മൃതദേഹങ്ങളാണ് ലഭിച്ചത്.

ഇതുവരെ 233 മൃതദേഹങ്ങളുടെയും അവശിഷ്ടങ്ങളുടെയും പോസ്റ്റ് മോർട്ടം പൂർത്തിയായി. 223 എണ്ണം വയനാട്ടിലേക്ക് കൊണ്ട് പോകുകയും മൂന്നെണ്ണം ബന്ധുക്കൾ ഏറ്റെടുക്കുകയും ചെയ്തു. 7 ശരീര ഭാഗങ്ങൾ പൂർണമായി ഡി.എൻ. എ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. മീൻമുട്ടി, പോത്തുകൽ എന്നി വിട ങ്ങളിൽ

ഡോഗ് സ്ക്വാഡിന്റെ സഹായ ത്തോടെയും കൂടുതൽ ക ഡാവർ ഡോഗുകളെ എത്തിച്ചു വനമേഖലകളിൽ വിദഗ്ധ സംഘത്തിന്റെ കൂടി സഹായത്തോടെ 'തെരച്ചിൽ നടത്തുമെന്ന് മന്ത്രി കെ.രാജൻ പറഞ്ഞു.

ഇന്നലെ ലഭിച്ച ശരീരാവശിഷ്ടം ഉൾപ്പെടെ നിലമ്പൂർ ജില്ലാ ആശുപത്രിയിലെത്തിയ മൃതദേഹങ്ങളുടെ എ ണ്ണം ഇതോടെ 234 ആയി. മൂന്നെണ്ണം ഒഴികെ മറ്റുള്ളവയെല്ലാം കഴിഞ്ഞ ദിവസങ്ങളിൽ മേപ്പാടിയിലേക്ക് കൊണ്ടുപോയിരുന്നു. ഇതിൽ 76 പൂർണ മൃതദേഹങ്ങളും 158 ശരീരാവശിഷ്ടങ്ങളുമാണ്. ഇന്നലെ ഇവിടെയുണ്ടായിരുന്ന 2 പൂർണ മൃതദേഹങ്ങളും 18 ശരീരാവശിഷ്ടങ്ങളും കൂടി മേപ്പാടി സി.എച്ച്.സിയിലേക്ക് മാറ്റി. ഇനി ജില്ലാ ആശുപത്രിയിൽ ഇന്നലെ വൈകീട്ട് ലഭിച്ച ശരീരാവശിഷ്ടം ഒരു കൈമാത്രമാണ് അവശേഷിക്കുന്നത്. മുണ്ടേരി ഫാമിന് സമീപം പുഴയിൽ കുളിക്കുകയായിരുന്ന ആദിവാസി യുവാവിനാണ് ശരീരാവശിഷ്ടം കണ്ടെത്താനായത്. വൈകീട്ട് 6.30ഓടെ ജില്ലാ ആശുപത്രി മോർച്ചറിയിലേക്ക് എത്തിച്ചു. അതിനിടെ ഇനി ലഭിക്കുന്ന മൃതദേഹങ്ങൾ നിലമ്പൂരിലെ പൊതുശ്മശാനത്തിൽ സംസ്കരിക്കുന്നതിന് ആലോചനയുണ്ട്. ഇതുമായി ബന്ധപ്പെട്ട് ചർച്ച നടന്നിരുന്നുവെങ്കിലും മോപ്പാടി പഞ്ചായത്തിൽ നിന്നുള്ള സമ്മത പത്രം ലഭിക്കാത്തതിനാൽ സംസ്കാരം നടന്നില്ല. ഇന്നലെ ആറ് സംഘങ്ങളായാണ് തിരിച്ചിൽ നടത്തിയത്. ഓരോ സംഘത്തിലും 18 പേർ വീതമുണ്ട്. ചാലിയാറിൽ ജലവിതാനം കുറയുകയാണെങ്കിൽ ശരീരാവശിഷ്ടങ്ങൾ ഇനിയും ലഭിക്കാൻ സാധ്യതയുണ്ടെന്ന് തിരച്ചിലിന് നേതൃത്വം നൽകുന്ന അഗ്നിരക്ഷാ സേനയുടെ ഉദ്യോഗസ്ഥർ പറഞ്ഞു. ഞായറാഴ്ച വലിയതോതിൽ വനത്തിനകത്തും പുറത്തും തിരച്ചിൽ നടത്തിയിരുന്നു. എന്നാൽ തിരച്ചിലിൽ കാര്യമായ പുരോ ഗതിയില്ലാത്തതിനാലാണ് കഡാവർ ഡോഗു കളെ എത്തിച്ചു

വനമേഖലകളിൽ വിദഗ്ധ സംഘത്തിന്റെ സഹായത്തോടെ തിരച്ചിൽ നടത്തുവാനുള്ള തീരുമാനം.

## മുസ്‌ലിംലീഗ് ഫോർ വയനാട് ആപ്പിനെ പ്രശംസിച്ചും പിന്തുണച്ചും നടൻ ജോയ് മാത്യു

# സുതാര്യതക്കൊപ്പം ഞാനും അണ്ണാറക്കണ്ണനാവുന്നു

കോഴിക്കോട്: മുസ്‌ലിംലീഗ് വയനാട് പുനരധിവാസ ഫണ്ട് ശേഖരത്തിന്റെ സുതാര്യതയെയും വിശ്വാസ്യതയെയും പുകഴ്ത്തിയും പിന്തുണച്ചും പ്രമുഖ നടൻ ജോയ് മാത്യു. ഫോർ വയനാട് ആപ്പിൽ അണ്ണാറക്കണ്ണനായി തനിക്കാവുന്ന പങ്ക് നിർവഹിച്ച ശേഷം എഫ്.ബിയിലൂടെയാണ് ജോയ് മാത്യു രംഗത്തെത്തിയത്.



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയെ കുറിച്ച് ഉയർന്ന ആരോപണങ്ങളുടെ പേരിൽ പലർക്കെതിരെയും കേസെടുത്ത പശ്ചാത്തലത്തിലാണ് മുസ്‌ലിംലീഗിന്റെ പദ്ധതിയുടെ മേന്മ അദ്ദേഹം അടിവരയിട്ടത്.

വയനാട് പുനരധിവാസത്തിനുള്ള മുസ്‌ലിംലീഗ് ധനശേഖരണത്തിന്റെ നേർകാഴ്ച ആപ്പ് തുറക്കുന്ന ആർക്കും ദൃശ്യമാണ്. ഓരോ സെക്കന്റിലും എത്ര പണം വന്നു, ആരയച്ചു എന്നതെല്ലാം ലോകത്തെവിടെയുള്ള മനുഷ്യർക്കും മനസ്സിലാക്കാനാവും. മുസ്‌ലിം ലീഗ് സംരംഭത്തെ പുകഴ്ത്തിയ ജോയ് മാത്യു ഇതിലൂടെ പണം കൈമാറിയ ശേഷം എല്ലാവർക്കും ഇതു മാതൃകയാക്കാൻ ആപ്പിന്റെ വിവരങ്ങളും ഷെയർ ചെയ്തു.




ജോയ് മാത്യുവിന്റെ എഫ്.ബി കുറിപ്പിലെ വരികൾ ഇങ്ങനെയാണ്: ദുരിതർക്ക് ആശ്വാസം നൽകാനായിരിക്കണം ദുരിതാശ്വാസ ഫണ്ടുകൾ. അതിലേക്ക് നൽകുന്നവനും അതിൽ നിന്ന് സ്വീകരിക്കുന്നവനും അതിന്റെ സുതാര്യത ഉറപ്പ് വരുത്തണം. ഇന്നത്തെ കാലത്ത് ഡിജിറ്റലായി കാര്യങ്ങൾ ചെയ്യാമെന്നിരിക്കെ മുസ്‌ലിം ലീഗ് അത് നല്ല രീതിയിൽത്തന്നെ പ്രാവർത്തികമാക്കി തങ്ങൾ കാലത്തിനൊപ്പമാണെന്ന് തെളിയിച്ചു.ഫോർ വയനാട് എന്ന ആപ്പിലൂടെയുള്ള ദുരിതാശ്വാസ നിധി സമാഹരണം സുതാര്യമായി എനിക്ക് തോന്നി. യൂട്യൂബർ രാജൻ ജോസഫിന്റെ ഒരു വീഡിയോയിൽ നിന്നാണ് ഞാനിതറിഞ്ഞത്. സുതാര്യത, അതാണ് നമുക്ക് വേണ്ടത്; കണക്കിലായാലും കാര്യത്തിലായാലും!. അതിനാൽ ഈ ആപ്പ് വഴി ഞാനും ഒരു അണ്ണാറക്കണ്ണനാകട്ടെ. താഴെ ക്കൊടുത്തിരിക്കുന്നതാണ് ആപ്പ്.

## അനാഥ കുട്ടികളുടെ സംരക്ഷണം കൊടുവള്ളി യതീംഖാന ഏറ്റെടുക്കും


കൊടുവള്ളി: വയനാട്ടിലെ ചൂരൽമല, മുണ്ടക്കൈ എന്നീ പ്രദേശങ്ങളിലുണ്ടായ ഉരുൾപൊട്ടൽ മൂലം അനാഥരായ കുട്ടികളുടെ വിദ്യാഭാസം അടക്കമുള്ള സംരക്ഷണം ഏറ്റെടുക്കുവാൻ കൊടുവള്ളി മുസ്‌ലിം യതീംഖാന തയ്യാറാണെന്ന് യതീംഖാന കമ്മിറ്റി അറിയിച്ചു. വയനാട് ജില്ലാ കലക്ടറുടെയും ഓർഫനേജ് കൺട്രോൾ ബോർഡിന്റെയും നിർദ്ദേശം അനുസരിച്ച് ഭാവി പ്രവർത്തനങ്ങൾക്ക് രൂപം നൽകാനാണ് കമ്മിറ്റി ഉദ്ദേശിക്കുന്നത്. കെ.എം.ഒ ഭാരവാഹികൾ അടുത്ത ദിവസം ദുരന്ത ബാധിത പ്രദേശങ്ങൾ സന്ദർശിക്കും.

## വയനാട്ടിലെ കുട്ടികൾക്കൊപ്പം ഏരീസ് ഗ്രൂപ്പ്

കൊച്ചി: വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്തത്തിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട കുഞ്ഞുങ്ങൾക്ക് കൈത്താങ്ങാവുകയാണ് ഷാർജ ആസ്ഥാനമായ ഏരീസ് ഗ്രൂപ്പ്. 'വയനാട്ടിലെ കുട്ടികൾക്കൊപ്പം' എന്ന ഹാഷ് ടാഗോട് കൂടിയാണ് പ്രവർത്തനങ്ങൾ.ദുരന്തത്തിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട് അനാഥരായ എല്ലാ കുട്ടികളുടെയും പഠനം, കരിയർ ഡിസൈൻ എന്നിവ മുതൽ ജോലി കിട്ടുന്നത് വരെയുള്ള എല്ലാ ചെലവുകളും ഏരീസ് ഗ്രൂപ്പ് ഏറ്റെടുക്കും. അതോടൊപ്പം മാതാപിതാക്കളിലൊരാൾ നഷ്ടപ്പെട്ട ജീവിതം പ്രതിസന്ധിയിലായ പത്ത് കുട്ടികളുടെ പഠനച്ചെലവും ഇതോടൊപ്പം സ്ഥാപനം ഏറ്റെടുക്കുമെന്ന് ഏരീസ് ഗ്രൂപ്പ് സ്ഥാപക ചെയർമാനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ സർ സോഹൻ റോയ് പറഞ്ഞു.

## ദുരിതാശ്വാസനിധിയിലേക്ക് എം.എ. യൂസഫലി അഞ്ച് കോടി കൈമാറി

തിരുവനന്തപുരം: ഉരുൾപ്പൊട്ടൽ ദുരന്തത്തിൽ കെടുതികൾ അനുഭവിക്കുന്ന വയനാടിന് കൈത്താങ്ങുമായി ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അഞ്ച് കോടി രൂപ യൂസഫലി കൈമാറി. ദുരന്തത്തിൽ തകർന്ന മുണ്ടക്കൈ, ചൂരൽമല മേഖലകളിലെ പുനരധിവാസ പ്രവർത്തനങ്ങൾക്കായാണ് സഹായം. യൂസഫലിക്കുവേണ്ടി ലുലു ഗ്രൂപ്പ് ഇന്ത്യ ഡയറക്ടർ ആൻഡ് സി.ഇ.ഒ എം.എ. നിഷാദ്, ലുലു ഗ്രൂപ്പ് റീജിയണൽ ഡയറക്ടർ ജോയ് ഷഡാനന്ദൻ എന്നിവർ ചേർന്നാണ് മുഖ്യമന്ത്രി പിണറായി വിജയന് തുക കൈമാറിയത്.



പുനരധിവാസ പ്രവർത്തനങ്ങൾക്കായി എം.എ യൂസഫലി പ്രഖ്യാപിച്ച ധനസഹായം ലുലു ഗ്രൂപ്പ് പ്രതിനിധികളായ എം.എ. നിഷാദ്, ജോയ് ഷഡാനന്ദൻ എന്നിവർ മുഖ്യമന്ത്രിക്ക് കൈമാറുന്നു



ആർ.എ.ടി.എഫ് നേതാക്കൾ വയനാട്ടിലെ മുണ്ടക്കൈ മേഖലയിലെത്തി പ്രദേശവാസികളുമായി സംസാരിക്കുന്നു

# ആർ.എ.ടി.എഫ് നേതാക്കൾ വയനാട് ദുരന്ത മേഖല സന്ദർശിച്ചു

മേപ്പാടി: വൻ ദുരന്തത്തിനിരയായ വയനാട്ടിലെ ചൂരൽമല, മുണ്ടക്കൈ എന്നീ പ്രദേശങ്ങൾ റിട്ടയെർഡ് അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ (ആർ.എ.ടി.എഫ്) സംസ്ഥാന നേതാക്കൾ സന്ദർശിച്ചു. ആർ.എ.ടി.എഫ് സംസ്ഥാന ജനറൽ സെക്രട്ടറി സി.എച്ച്. ഹംസ മാസ്റ്റർ, കോ ഓഡിനേറ്റർ കെ. മോയിൻകുട്ടി മാസ്റ്റർ, സംസ്ഥാന ഭാരവാഹികളായ വി.പി. അബ്ദുൽ അസീസ് മാസ്റ്റർ, എൻ. കുഞ്ഞിപ്പ മാസ്റ്റർ, കെ.കെ. അബ്ദുൽ ജബ്ബാർ മാസ്റ്റർ, എൻ. അബ്ദുൽ കരീം മാസ്റ്റർ, അലി എം. മൂർക്കനാട്, എം.കെ. അബ്ദുൽ മജീദ് മാസ്റ്റർ, ജില്ലാ ഭാരവാഹികളായ കെ. അബ്ദുൽ റഹ്മാൻ സുല്ലമി, പി. മമ്മൂട്ടി മാസ്റ്റർ, പി. ഇബ്രാഹിം മാസ്റ്റർ, എം. അഷ്റഫ്, എൻ.വി. ഹംസ മദനി, അലി മാസ്റ്റർ മേപ്പാടി എന്നിവരാണ് സംഗത്തിലുണ്ടായിരുന്നത്. സന്ദർശനാനന്തരം മേപ്പാടി ജുമുഅത്ത് പള്ളി ഓഫീസിൽ ചേർന്ന യോഗത്തിൽ മഹല്ല് ഖത്തീബ്, കമ്മിറ്റി ഭാരവാഹികൾ എന്നിവരുമായി സ്ഥിതി ഗതികൾ വിലയിരുത്തി. തുടർന്ന് ദുരിതാശ്വാസ ക്യാമ്പുകളും നേതാക്കൾ സന്ദർശിച്ചു. ദുരിതമനുഭവിക്കുന്നവർക്ക് സ്വാന്തനമേകാൻ ആർ.എ.ടി.എഫ് രൂപീകരിച്ച സഹായ നിധിയിലേക്ക് അംഗങ്ങൾ മിനിമം ഒരു ദിവസത്തെ പെൻഷൻ തുക സംഭാവനയായി നൽകും.



വയനാട് ചൂരൽമല ഉരുൾപൊട്ടൽ മരിച്ചവരുടെ മൃതദേഹാവശിഷ്ടങ്ങൾ ഒരുമിച്ച് മറവ് ചെയ്യുന്നതിനു മുന്നോടിയായി സർവമത പ്രാർത്ഥനക്കായി പുത്തുമലയിലെത്തിച്ചപ്പോൾ

# ദീർഘകാല മാനസികാരോഗ്യ പദ്ധതി ആവിഷ്കരിക്കുമെന്ന് മന്ത്രി

തിരുവനന്തപുരം: വയനാട് ഉരുൾപൊട്ടലിന്റെ സാഹചര്യത്തിൽ മാനസികാരോഗ്യം ഉറപ്പാക്കുന്നതിന് ദീർഘകാല മാനസികാരോഗ്യ പദ്ധതി നടപ്പിലാക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വനിത ശിശുവികസന വകുപ്പിന്റെ സഹകരണത്തോടെ മാനസിക പിന്തുണ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തമായി നടത്തിവരുന്നുണ്ട്.

137 കൗൺസിലർമാരെ നിയോഗിച്ചിട്ടുണ്ട്. ഇതുകൂടാതെ മെഡിക്കൽ കോളജിലെ ഡോക്ടർമാരുടെ സേവനം കൂടി ഉറപ്പാക്കും. കൂടുതൽ ഫീൽഡുതല ജീവനക്കാരെ വീടുകളിലേക്ക് അയക്കും. മാനസികാരോഗ്യത്തിന് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കാൻ കെ.എം.എസ്.സി.എല്ലിന് നിർദേശം നൽകി. ഇത്തരം ദുരന്തങ്ങളിൽ ദീർഘകാല മാനസിക പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ അത് മുന്നിൽ കണ്ടുള്ള പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച് വരുന്നതെന്നും മന്ത്രി വ്യക്തമാക്കി. അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

മഴ കുറഞ്ഞത് കാരണം ക്യാമ്പുകളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. ചെക്ക് ലിസ്റ്റ് പ്രകാരം മെഡിക്കൽ ടീം ക്യാമ്പുകൾ സന്ദർശിച്ചു. ക്യാമ്പിലുള്ളവർക്ക് ആരോഗ്യസേവനം ഉറപ്പാക്കിയിട്ടുണ്ട്. 14 സ്ഥലങ്ങളിലും മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. രണ്ട് മൊബൈൽ ലാബുകൾ സജ്ജമാക്കി. സന്നദ്ധ പ്രവർത്തകർക്കും ജീവനക്കാർക്കും എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ വിതരണം ചെയ്തു വരുന്നു. 84 സാമ്പിളുകൾ എടുത്ത് ഡിഎൻഎ പരിശോധനക്ക് അയച്ചു.മൃതദേഹങ്ങൾ ആശുപത്രിയിലെത്തിക്കാനും തിരികെ കൊണ്ടുപോകാനുമായി 149 ആംബുലൻസുകൾ സജ്ജമാണ്. മൃതദേഹങ്ങൾ സൂക്ഷിക്കാനായി 138 ഫ്രീസറുകൾ അധികമായുണ്ട്. 225 മൃതദേഹങ്ങളും 181 ശരീര ഭാഗങ്ങളുമാണ് ഇതുവരെ കിട്ടിയത്. ശരീരഭാഗങ്ങളുൾപ്പെടെ 406 പോസ്റ്റുമോർട്ടങ്ങൾ നടത്തി.ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ, കെ.എം.എസ്.സി.എൽ. ജനറൽ മാനേജർ, സ്റ്റേറ്റ് മെഡിക്കൽ ബോർഡ് അംഗങ്ങൾ, ജില്ലാ മെഡിക്കൽ ഓഫീസർ, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, ജില്ലാ പ്രോഗ്രാം മാനേജർ, ജില്ലാ സർവൈലൻസ് ഓഫീസർ എന്നിവർ പങ്കെടുത്തു.

# ദുരന്തത്തിനിരയായവരെ ആശ്വസിപ്പിക്കാൻ ലോയേഴ്സ് ഫോറം നേതാക്കളെത്തി

മേപ്പാടി: വയനാട് ദുരന്തത്തിൽ കുടുംബാംഗങ്ങളെയും വീടും നഷ്ടപ്പെട്ട ലോയേഴ്സ് ഫോറം വയനാട് ജില്ലാ ട്രഷറർ അഡ്വ. ജമീലയെയും ബന്ധുക്കളെയും ആശ്വസിപ്പിക്കാൻ ലോയേഴ്സ് ഫോറം നേതാക്കളെത്തി. സംസ്ഥാന പ്രസിഡന്റ് അഡ്വ. എ.എ റസാഖ്, ജനറൽ സെക്രട്ടറി അഡ്വ. എം.പി ഹുസൈൻ, ട്രഷറർ അഡ്വ. മുഹമ്മദ് ഷാഫി, ദേശീയ കൺവീനർ അഡ്വ. ഹൻസലാഹ് മുഹമ്മദ്, സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ. എം.സി.എം ജമാൽ, കോഴിക്കോട് ജില്ലാ പ്രസിഡന്റ് അഡ്വ.പി.സി നജീബ് എന്നിവരാണ് ദുരന്തമുഖത്ത് എത്തിയത്. ആദ്യം സംഭവിച്ച ഉരുൾപൊട്ടലിൽ നിന്നും കഷ്ടിച്ച് രക്ഷപ്പെട്ട ജമീലയും കുടുംബത്തിലെ ചില അംഗങ്ങളും തിരികെവന്നു നോക്കുമ്പോൾ വീടും മറ്റു കെട്ടിടങ്ങളും പൂർണമായും ഒലിച്ചു പോയിരുന്നു. രക്ഷാപ്രവർത്തകർ ആദ്യം രക്ഷപ്പെടുത്തിയവരിൽ ഈ കുടുംബവും ഉണ്ടായിരുന്നു. ലോയേഴ്സ് ഫോറം സംസ്ഥാന കമ്മിറ്റി സമാഹരിച്ച അഞ്ച് ലക്ഷം രൂപയുടെ ചെക്ക് അഡ്വ. ജമീലയുടെ കുടുംബത്തിന് സംസ്ഥാന പ്രസിഡന്റ് അഡ്വ. റസാഖ് കൈമാറി. ദുരന്തത്തിൽ വിലപ്പെട്ടതെല്ലാം നഷ്ടപ്പെട്ട നിരവധി പേരെ കണ്ടു. പലർക്കും പറയാനുള്ളത് പല വേദനകൾ. ദേശീയ ഫുട്ബോൾ പ്ലയെറായ ഷർബിൽ എന്ന കുട്ടിക്ക് കാലിനു പറ്റിയ പരിക്ക് കായിക മോഹങ്ങളെ ബാധിക്കുമോ എന്ന ആശങ്ക പങ്കുവെക്കുമ്പോഴും പ്രതീക്ഷയുടെ തെളിച്ചം ആ കണ്ണുകളിൽ കാണാമായിരുന്നു. പൂർണ്ണമായും ഭാഗികമായും എല്ലാം നഷ്ടപ്പെട്ടവരെയാണ് എല്ലായിടത്തും കാണാൻ കഴിയുന്നത്.

ദുരന്തം സംഭവിച്ച സ്ഥലത്തെ കാഴ്ചകൾ ഹൃദയഭേദകമാണ്. ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ടു, മുഴുവൻ സമ്പാദ്യങ്ങളും നഷ്ടപ്പെട്ടവരുടെ വേദനകൾ കേട്ടുനിൽക്കാൻപോലും കഴിയുന്നില്ല. സദാ ജാഗരൂകരായി എല്ലാ സഹായങ്ങളുമായി ഒപ്പം നിൽക്കുന്ന സന്നദ്ധ സേവകരാണ് ആശ്വാസം പകരുന്നത്. ജനപ്രതിനിധികൾ, രാഷ്ട്രീയ, സാമൂഹ്യ പ്രവർത്തകർ ജാതി, മത രാഷ്ട്രീയ ഭേദം മറന്ന് ഒരുമിച്ച് കൈകോർത്തു നിന്ന് രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന കാഴ്ച നാടിന്റെ മഹിതമായ പാരമ്പര്യത്തിന്റെ നേർക്കാഴ്ചയാണ്.

വൈറ്റ് ഗാർഡിന്റെയും മുസ്‌ലിംലീഗ് പാർട്ടിയുടെ നേതൃത്വത്തിലുള്ള റിലീഫ് സെല്ലുകളുടെയും ചിട്ടയായ പ്രവർത്തനങ്ങൾ സമാനതകൾ ഇല്ലാത്തതാണ്. പാണക്കാട് സയ്യിദ് മുനവ്വറലി ഷിഹാബ് തങ്ങളും പി.കെ ഫിറോസും ഉൾപ്പടെയുള്ള നേതാക്കൾ നേരിട്ട് റിലീഫ് പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു. മുസ്‌ലിം ലീഗ് ജില്ലാ കമ്മിറ്റിയും മറ്റു പ്രാദേശിക കമ്മിറ്റികളും പോഷക ഘടകങ്ങളും സജീവമായി രക്ഷാപ്രവർത്തനങ്ങൾക്കും റിലീഫ് പ്രവർത്തനങ്ങൾക്കും മുന്നിൽതന്നെയുണ്ട്. ഒരു നാട് തന്നെ ഒലിച്ചുപോയിട്ടും ദേശീയ ദുരന്തമായി പ്രഖ്യാപിക്കാൻ വൈകുന്നത് ഒരു സംസ്ഥാനത്തോട് കാണിക്കുന്ന അവഗണനയാണ്. അടിയന്തിരമായി കേന്ദ്ര സർക്കാർ തീരുമാനമെടുക്കണമെന്ന് ലോയേഴ്സ് ഫോറം സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.



മേപ്പാടിയിൽ ദുരന്തത്തിൽ സർവതും നഷ്ടപ്പെട്ട ലോയേഴ്സ് ഫോറം ജില്ലാ ട്രഷററെ ബന്ധു വീട്ടിൽ ലോയേഴ്സ് ഫോറം സംസ്ഥാന ഭാരവാഹികൾ ആശ്വസിപ്പിക്കാൻ എത്തിയപ്പോൾ

## ക്യാമ്പുകളിലുള്ളവർക്ക് പുതിയ വീടാകുന്നത് വരെ താമസ സൗകര്യമൊരുക്കും

കോഴിക്കോട്: വയനാട്ടിലെ മുണ്ടക്കൈയിലും ചൂരൽമലയിലുമുണ്ടായ ഉരുൾപൊട്ടലിൽ പ്രയാസമനുഭവിക്കുന്നവരെ ചേർത്തുപിടിക്കാൻ കേരള സ്റ്റേറ്റ് ഓർഫനേജ് കൺട്രോൾ ബോർഡ്. നിലവിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് പുതിയ വീട് തയ്യാറാകുന്നതിനിടക്ക് ആശ്വാസമേകാനാണ് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ തീരുമാനം. ബോർഡിന് കീഴിലുള്ള സംസ്ഥാനത്തെ രണ്ടായിരത്തോളം സ്ഥാപനങ്ങളിൽ ഇവർക്ക് താമസ സൗകര്യമൊരുക്കാൻ തയ്യാറാണെന്ന് ചെയർമാൻ എൻ അലി അബ്ദുല്ല വാർത്താസമ്മേളനത്തിൽ അറിയിച്ചു. ബോർഡിന്റെ അംഗീകാരത്തോട് കൂടി പ്രവർത്തിക്കുന്ന വ്യത്യസ്ത കാറ്റഗറിയിലുള്ള സ്ഥാപനങ്ങളിൽ കുട്ടികൾ, വൃദ്ധർ, അഗതികൾ തുടങ്ങിയവരെ സംരക്ഷിക്കാനും കുട്ടികൾക്ക് വിദ്യാഭ്യാസമടക്കമുള്ള സൗകര്യങ്ങൾ നൽകാനും കഴിയുമെന്ന് അദ്ദേഹം വ്യക്തമാക്കി. ഓരോ മത വിഭാഗത്തിൽ പെട്ടവർക്ക് അവരുടെ താത്പര്യത്തിനനുസരിച്ച സ്ഥപനങ്ങളിൽ അവസരം നൽകും. ബോർഡിന് കീഴിൽ മറ്റു ജില്ലകളിൽ സേവനം ചെയ്യുന്ന കൗൺസിലർമാരെ ജില്ലാ ഭരണകൂടത്തിന്റെ ആവശ്യാനുസരണം വയനാട്ടിലേക്ക് വിട്ടു നൽകും. വാർത്താസമ്മേളനത്തിൽ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗങ്ങളായ അഡ്വ. പി ടി എ റഹീം എം എൽ എ , പ്രൊഫ. ഇമ്പിച്ചിക്കോയ , നസീമ ജമാലുദ്ദീൻ എന്നിവർ പങ്കെടുത്തു.

### ദുരിതാശ്വാസ നിധി പരിഹാര സെൽ ചുമതല

## ശ്രീറാം വെങ്കിട്ടരാമന് നൽകിയതിനെതിരെ വി.ടി ബൽറാം

തിരുവനന്തപുരം: വയനാട് ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിക്കുന്ന സംഭാവനകളും അനുബന്ധ വിഷയങ്ങളുമായും ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നുയരുന്ന അന്വേഷണങ്ങൾക്ക് മറുപടി നൽകുന്നതിന് ധനവകുപ്പിൽ താൽക്കാലിക പരാതിപരിഹാര സെൽ രൂപീകരിച്ച് സർക്കാർ ഉത്തരവിട്ടു. ജോയിന്റ് ഡയറക്ടറും ഓഫീസർ ഓൺ സ്പെഷൽ ഡ്യൂട്ടിയുമായ ഡോ.ശ്രീറാം വെങ്കിട്ടരാമനാണ് പ്രധാന ചുമതല. അതേസമയം പരാതി പരിഹാര സെല്ലിന്റെ ചുമതല ശ്രീറാം വെങ്കിട്ടരാമന് നൽകിയതിനെ വിമർശിച്ച് കെ.പി.സി.സി വൈസ് പ്രസിഡന്റ് വി.ടി ബൽറാം രംഗത്തുവന്നു. എല്ലാവരും ഒരുമിച്ച് നിൽക്കേണ്ട സമയമാണിത്. പല കാരണങ്ങൾ കൊണ്ട് സ്ഥിരം വിവാദനായകനായ ഒരാളെ ദുരിതാശ്വാസനിധിയുമായി ബന്ധപ്പെട്ട ഒരു പ്രധാന ചുമതല നൽകിയത് ഉചിതമാണോ എന്ന് മുഖ്യമന്ത്രി വിലയിരുത്തണമെന്നും ബൽറാം ഫെയ്സ്ബുക്കിൽ കുറിച്ചു.

## മരണത്താഴ്‌വരയിൽ മുസ്‌ലിംലീഗ് നേതാക്കൾ സന്ദർശനം നടത്തി

ചൂരൽമല: ഉരുൾപൊട്ടലിന്റെ രൂപത്തിൽ അറ്റം കാണാത്ത വൻമരങ്ങൾക്കും പാറക്കൂട്ടങ്ങൾക്കുമൊപ്പം കുതിച്ചെത്തിയ ചളിമണ്ണിൽ കുത്തിയൊലിച്ചുപോയ പുഞ്ചിരിമട്ടത്ത് മുസ്‌ലിംലീഗ് നേതാക്കൾ സന്ദർശനം നടത്തി.

സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി, ഉപസമിതി കൺവീനർ പി.കെ ബഷീർ എം.എൽ.എ തുടങ്ങിയവരാണ് സന്ദർശനം നടത്തിയത്. ഉരുൾപൊട്ടലിന്റെ പ്രഭവകേന്ദ്രമായ പുഞ്ചിരിമട്ടത്തെത്തിയ സംഘത്തിന് തിരിച്ചിലിന്റെ വിവരങ്ങൾ എ.ഡി.ജി.പി എം.ആർ അജിത്കുമാർ വിശദീകരിച്ചു. ദുരിതബാധിതർക്കായി സമഗ്രപുനരധിവാസ പദ്ധതി നടപ്പിലാക്കുമെന്ന് സന്ദർശനത്തിന് ശേഷം നേതാക്കൾ അറിയിച്ചു. ഉരുൾപൊട്ടലുണ്ടായ ദിവസവും നേതാക്കൾ ചൂരൽമലയിലെത്തിയിരുന്നു.

ഗൾഫ് ചന്ദ്രിക
# സ്പോർട്സ്

## ഗ്രഹാം തോർപ്പ് അന്തരിച്ചു



ലണ്ടൻ: ഇംഗ്ലണ്ട് മുൻ ക്രിക്കറ്റ് താരവും പരിശീലകനുമായിരുന്ന ഗ്രഹാം തോർപ്പ് (55) അന്തരിച്ചു. ഇംഗ്ലണ്ട് ആൻഡ് വെയ്ൽസ് ക്രിക്കറ്റ് ബോർഡാണ് തോർപ്പിന്റെ വിയോഗം ഔദ്യോഗികമായി പങ്കുവെച്ചത്. 12 വർഷത്തെ തന്റെ അന്താരാഷ്ട്ര കരിയറിൽ 100 ടെസ്റ്റുകളും 82 ഏകദിനങ്ങളും കളിച്ചിട്ടുള്ള തോർപ്പ് ഇടംകൈയ്യൻ ബാറ്ററും വലംകൈയ്യൻ ബൗളറുമായിരുന്നു. 189 ഫസ്റ്റ്ക്ലാസ് മത്സരങ്ങളും അദ്ദേഹം കളിച്ചിട്ടുണ്ട്. 2005 ലാണ് വിരമിക്കുന്നത്.

സറേ ക്ലബിനും രാജ്യത്തിനും വേണ്ടി അദ്ദേഹം ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. 2002ൽ ന്യൂസിലൻഡിനെതിരെ പുറത്താകാതെ 200 റൺസ് നേടിയതാണ് മികച്ച ടെസ്റ്റ് പ്രകടനം. 2005ൽ വിരമിച്ച തോർപ്പ് ഓസ്ട്രേലിയയിൽ കോച്ചിംഗ് ആരംഭിച്ച് ന്യൂ സൗത്ത് വെയിൽസിനൊപ്പം പ്രവർത്തിച്ചു. 2013 ഇംഗ്ലണ്ടിന്റെ ബാറ്റിങ് കോച്ചായി. പാകിസ്താനെതിരായ ഇംഗ്ലണ്ടിന്റെ ടി20 പരമ്പരയിൽ തോർപ്പിനെ താൽക്കാലിക പരിശീലകനായി നിയമിച്ചിരുന്നു. 2022 മാർച്ചിൽ അഫ്ഗാനിസ്താന്റെ മുഖ്യ പരിശീലകനായി തോർപ്പിനെ നിയമിച്ചുവെങ്കിലും ടീമിൽ ചേരുന്നതിന് മുമ്പ് ഗുരുതരമായ അസുഖത്തെ തുടർന്ന് അദ്ദേഹത്തിന് സ്ഥാനം ഏറ്റെടുക്കാനായിരുന്നില്ല.

## മനു ഭാകർ പതാകയേന്തും



പാരീസ്: ഞായറാഴ്ച്ച നടക്കുന്ന പാരീസ് ഒളിംപിക്സ് സമാപന ചടങ്ങിൽ ഇന്ത്യൻ പതാകയേന്തുക വനിതാ ഷൂട്ടിംഗ് താരം മനു ഭാകറായിരിക്കും. പുരുഷ താരത്തെ പിന്നിട് തീരുമാനിക്കുമെന്ന് ഇന്ത്യൻ ഒളിംപിക് അസോസിയേഷൻ പ്രസിഡണ്ട് പി.ടി ഉഷയും ഇന്ത്യൻ സംഘത്തലവൻ ഗഗൻ നരാംഗും അറിയിച്ചു. പാരീസിൽ രണ്ട് വെങ്കലങ്ങൾ സ്വന്തമാക്കിയിരുന്നു മനു. തലനാരിഴ വിത്യാസത്തിനാണ് മൂന്നാം മെഡൽ നഷ്ടമായത്. ഇന്ത്യയിൽ നിരവധി പേർ പതാക വാഹകരാവാൻ അർഹരായുണ്ടെങ്കിലും ഇത്തരമൊരു സാഹചര്യം ലഭിച്ചാൽ അത് വലിയ ബഹുമതിയായാണ് കാണുകയെന്ന് മനു ഭാകർ നേരത്തെ തന്നെ വ്യക്തമാക്കിയിരുന്നു.



*ഒരു കളി തോൽക്കുന്നത് വേദനയാണ്. നമ്മൾ സ്ഥിരതയോടെ കളിക്കേണ്ടതുണ്ട്. അതിന് സാധിച്ചില്ല. അൽപ്പം നിരാശയുണ്ടെങ്കിലും ഇതൊക്കെ സംഭവിക്കുന്നു. ഇതുമായി പൊരുത്തപ്പെടുകയല്ലാതെ വേറെ വഴിയില്ല. സ്ട്രൈക്ക് റൊട്ടേറ്റ് ചെയ്യുന്നത് എളുപ്പമാകുമെന്ന് ഞങ്ങൾക്ക് തോന്നി. ആറ് വിക്കറ്റ് നേടിയ ജെഫ്രി മികച്ച പ്രകടനം പുറത്തെടുത്തു. എനിക്ക് 65 റൺസ് ലഭിക്കാൻ കാരണം ഞാൻ ബാറ്റ് ചെയ്ത രീതിയാണ്. ഞാൻ അങ്ങനെ ബാറ്റ് ചെയ്യുമ്പോൾ ഒരുപാട് ബുദ്ധിമുട്ടുകൾ സഹിക്കേണ്ടി വരും. എന്റെ ഉദ്ദേശ്യത്തിൽ വിട്ടുവീഴ്ച ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പിച്ചിന്റെ സ്വഭാവം ഞങ്ങൾ മനസിലാക്കുന്നു. മധ്യ ഓവറുകളിൽ കളിക്കുക ബുദ്ധിമുട്ടുള്ള കാര്യമാണ്. പവർപ്ലേയിൽ കഴിയുന്നത്ര എണ്ണം നേടാൻ നിങ്ങൾ ശ്രമിക്കേണ്ടതുണ്ട്. മധ്യ ഓവറുകളിൽ ബാറ്റിംഗിനെക്കുറിച്ച് ചർച്ചകൾ ഉണ്ടാകും.*

–രോഹിത് ശർമ



**BREAKING** ടേബിൾ ടെന്നീസ് ടീം ഇനത്തിൽ ഇന്ത്യക്ക് മെഡൽ പ്രതീക്ഷ



പുരുഷൻമാരുടെ 100 മീറ്ററിൽ അമേരിക്കയുടെ നോഹ ലൈൽസ് ജമൈക്കയുടെ കിഷെയ്ൻ തോംസണെ പിന്തള്ളി ഒന്നാമതെത്തുന്നു. 0.005 സെക്കൻഡ് വ്യത്യാസത്തിലാണ് ലൈൽസ് തോംസണെ പിന്തള്ളിയത്.

# നോഹ ലൈൽസ് വേഗരാജാവ്

**പാരീസിൽ നിന്നും
കമാൽ വരദൂർ**

ഒളിംപിക് ചരിത്രത്തിൽ നാലു പതിറ്റാണ്ടിനിടയിലെ ഏറ്റവും കടുപ്പമേറിയ പോരാട്ടം കണ്ട പുരുഷൻമാരുടെ 100 മീറ്ററിൽ അമേരിക്കയുടെ നോഹ ലൈൽസ് ഒന്നാമനായി പാരീസിലെ വേഗ രാജ പട്ടം സ്വന്തമാക്കി.

ഒളിംപിക്സിലെ ഏറ്റവും ഗ്ലാമർ മത്സരമെന്ന് വിശേഷിപ്പിക്കുന്ന പുരുഷൻമാരുടെ 100 മീറ്ററിൽ ഒന്നിനൊന്ന് മികച്ച പോരാട്ടം മത്സരാർത്ഥികൾ കാഴ്ചവെച്ചതോടെ ഫോട്ടോഫിനിഷിലൽ വെറും 5 മില്ലി സെക്കൻഡിന്റെ വ്യത്യാസത്തിലാണ് ലൈൽസ് സ്വർണം റാഞ്ചിയത്. മത്സരം പൂർത്തിയായിട്ടും ആരാണ് വിജയിയെന്ന സംശയം താരങ്ങൾക്ക് തന്നെ ഉണ്ടായിരുന്നു.

ഒടുവിൽ ഫലം വന്നപ്പോൾ യുഎസ് താരം നോഹ ലൈൽസ് കരിയറിലെ ഏറ്റവും മികച്ച സമയം കുറിച്ച് സ്വർണം നേടി. ഒപ്പത്തിനൊപ്പം പൊരുതിയ ജമൈക്കൻ താരം കിഷെയ്ൻ തോംസൺ വെള്ളി നേടിയപ്പോൾ, യുഎസിന്റെ തന്നെ ഫ്രഡ് കെർലി വെങ്കലവും സ്വന്തമാക്കി.

നോഹ ലൈൽസ് 9.79 സെക്കന്റിൽ ഓടിയെത്തിയാണ് ഒന്നാമനായത്. കിഷെയ്ൻ തോംസണെ 0.005 സെക്കൻഡുകളുടെ വ്യത്യാസത്തിലാണ് നോഹ പിന്തള്ളിയത്. അവസാനത്തെ ഒരേയൊരു കാൽവയ്പ്പിലാണ് തോംസണ് ഇടറിയത്. 98 മീറ്റർ മത്സരം പൂർത്തിയാകുമ്പോഴും ഒന്നാം സ്ഥാനത്ത് കിഷെയ്ൻ തോംസണായിരുന്നു. ഏറ്റവും ഒടുവിൽ നടത്തിയ അസാധ്യ കുതിപ്പാണ് ഇരുപത്തേഴുകാരനായ നോഹയ്ക്ക് സ്വർണം നേടിക്കൊടുത്തത്. തോംസൺ 9.79 സെക്കന്റ് സമയം കുറിച്ചപ്പോൾ ഫ്രഡ് കെർലി 9.81 സെക്കന്റിൽ ഫിനിഷ് ചെയ്തു. നോഹയുടെ ആദ്യ ഒളിംപിക് സ്വർണ മെഡലാണിത്.

ടോക്യോ ഒളിംപിക്സിൽ 200 മീറ്ററിൽ വെങ്കലം നേടിയിരുന്നു. അതേ സമയം ടോക്യോ ഒളിംപിക്സിലെ ചാമ്പ്യൻ ലമോന്റ് മാഴ്സെൽ ജേക്കബ്സിന് (9.85) അഞ്ചാമതായി ഫിനിഷ് ചെയ്യാനെ കഴിഞ്ഞുള്ളു.

2016ലെ റിയോ ഒളിംപിക്സിനേക്കാളും, 2020ലെ ടോക്കിയോ ഒളിംപിക്സിനേക്കാളും മികച്ച സമയത്തോടെയാണ് ഇത്തവണ പാരീസിൽ സ്വർണമെഡൽ ജേതാവ് ഫിനിഷ് ചെയ്തതെന്നതും ശ്രദ്ധേയം. റിയോയിൽ 9.81 സെക്കൻഡിൽ സാക്ഷാൽ ഉസൈൻ ബോൾട്ടാണ് സ്വർണം നേടിയത്. 2020ൽ ഇറ്റലിയുടെ മാർസൽ ജേക്കബ്സ് 9.80 സെക്കൻഡിൽ ഓടിയെത്തിയും സ്വർണം നേടി. 2004ൽ ഏഥൻസ് ഒളിംപിക്സിൽ ജസ്റ്റിൻ ഗാട്‌ലിനു ശേഷം 100 മീറ്ററിൽ ഒളിംപിക് സ്വർണം നേടുന്ന ആദ്യ യുഎസ് താരമാണ് നോഹ ലൈൽസ്.

2020ലെ ടോക്കിയോ ഒളിംപിക്സിൽ 200 മീറ്ററിൽ വെങ്കലം നേടിയിട്ടുള്ള നോഹ ലൈൽസ്, ഒളിംപിക്സിൽ സ്വർണം നേടുന്നത് ഇതാദ്യം. കഴിഞ്ഞ വർഷം ബുഡാപെസ്റ്റിൽ നടന്ന ലോക അത്‌ലറ്റിക്സ് ചാംപ്യൻഷിപ്പിൽ 100, 200 മീറ്റർ മത്സരങ്ങളിൽ സ്വർണം നേടിയത് നോഹയായിരുന്നു.



### ഇന്ന്

പാരീസ് ഒളിംപിക്സ്
ടേബിൾ ടെന്നീസ്
(ഉച്ചയ്ക്ക് 1.30)
ഇന്ത്യ–ചൈന
ഹോക്കി
ഇന്ത്യ–ജർമനി
(രാത്രി 10.30)
അത്‌ലറ്റിക്സ്
( രാത്രി 10.30 )
സ്പോർട്സ് 18




### മെഡൽ പട്ടിക

*(സ്വർണം, വെള്ളി, വെങ്കലം, ആകെ)*

1. ചൈന– 21, 17, 13, 51
2. യു.എസ്.എ– 19, 27, 26, 72
3. ഫ്രാൻസ് –12, 14, 18, 44
4. ഓസ്ട്രേലിയ –12, 11, 8, 31
5. ദ.കൊറിയ –11, 8, 7, 26
6. ബ്രിട്ടൻ –10, 12, 16, 38
7. ജപ്പാൻ –10, 5, 11, 26
8. ഇറ്റലി – 8, 10, 6, 24

58. ഇന്ത്യ – 0, 0, 3, 3

## ബാഡ്മിന്റണും കൈവിട്ടു

പാരീസ്: ബാഡ്മിന്റണിലും ഇന്ത്യക്ക് വട്ടപ്പൂജ്യം. ഏക മെഡൽ പ്രതീക്ഷയായിരുന്ന ലക്ഷ്യാ സെൻ വെങ്കല മെഡൽ പോരാട്ടത്തിൽ മലേഷ്യക്കാരനായ ലി സി ജിയയോട് തോറ്റു. സ്കോർ 13–21,21–16,21–11. ആദ്യ ഗെയിം ലക്ഷ്യ അനായാസം നേടിയെങ്കിലും പിന്നിട് മലേഷ്യക്കാരന്റെ ഊഴമായിരുന്നു. ആദ്യ ഗെയിമിൽ കേവലം 20 മിനുട്ടിൽ മലേഷ്യൻ പ്രതിയോഗി തലതാഴ്ത്തി.

മലേഷ്യൻ താരം ഡ്രോപ്പ് ഷോട്ട് തന്ത്രങ്ങളുമായി തുടക്കത്തിൽ തന്നെ നടത്തിയ ശ്രമങ്ങൾക്ക് അതേ നാണയത്തിൽ തന്നെയായിരുന്നു ലക്ഷ്യയുടെ മറുപടി. ലോംഗ് റാലികൾക്ക് ശ്രമിച്ചില്ല.21–13 ന് സ്വന്തമാക്കിയ ആദ്യ ഗെയിമിൽ രണ്ട് സ്മാഷ് ഷോട്ട് മാത്രം. ലി ജിയാവട്ടെ ഡ്രോപ്പ് ഷോട്ടുകൾക്ക് പിറകെ തന്നെയായിരുന്നു. സെമിയിൽ വിക്ടർ അക്സലിന് മുന്നിൽ പറ്റിയ പിഴവുകൾ ആവർത്തിക്കാതിരിക്കാൻ ലക്ഷ്യാ സെൻ പ്രത്യേകം ശ്രദ്ധിച്ചു.

രണ്ടാം ഗെയിമിലും ലക്ഷ്യ തന്നെയാണ് മികവ് കാട്ടിയതെങ്കിലും ഒരു ഘട്ടത്തിൽ സ്കോർ 8–8 ലെത്തി. പിന്നെ മലേഷ്യൻ താരം ഡ്രോപ്പ് ശൈലി വിട്ട് ആക്രമിക്കുന്നത് കണ്ടു. 12–8 എന്ന സ്കോറിൽ ലീ ലീഡ് നേടി. മിന്നും ഷോട്ടുകളിലൂടെ തിരികെ വന്ന ലക്ഷ്യ 14–16 ലെത്തി. എന്നാൽ 21–16 ൽ ഗെയിം ലീ സ്വന്തമാക്കിയപ്പോൾ മലേഷ്യൻ പതാകകൾ ഉയർന്നു.

നിർണായകമായ അവസാന ഗെയിമിൽ രണ്ട് കിടിലൻ സ്മാഷുകളിലുടെ ലീ 2–0 ലീഡ് നേടി. വലത് കൈയിലെ പരുക്കിന് ലക്ഷ്യ ചികിൽസ തേടി. 9–2 എന്ന വലിയ ലീഡിലായി മലേഷ്യൻ താരം. ഇടവേളയിൽ 11–6 എന്ന നിലയിൽ മലേഷ്യൻ ആധിപത്യം. ഇന്ത്യക്ക് വലിയ തിരിച്ചടിയാണ് ഈ തോൽവി. അതേ സമയം മനിക ബത്രയുടെ മികവിൽ വനിതകളുടെ ടേബിൾ ടെന്നീസ് ടീം ഇനത്തിൽ ഇന്ത്യൻ ടീം ക്വാർട്ടറിൽ കടന്നു. റൊമാനിയയെ 3–2 എന്ന സ്കോറിന് മറികടന്നാണ് ഇന്ത്യൻ സംഘം ക്വാർട്ടർ പ്രവേശനം നേടിയത്.

ഒളിംപിക് ചരിത്രത്തിൽ ഇതാദ്യമായാണ് ഇന്ത്യ ടേബിൾ ടെന്നീസിൽ അവസാന എട്ടിൽ ഇടംപിടിക്കുന്നത്. റൊമാനിയക്കെതിരായ ആദ്യ ഡബിൾസ് മത്സരത്തിൽ ശ്രീജ അകുല അർച്ചന കാമത്ത് സഖ്യവും തുടർന്ന് നടന്ന സിംഗിൾസ് പോരാട്ടത്തിൽ മനിക ബത്രയും വിജയിച്ചതോടെ ഇന്ത്യ 2–0ന് മുന്നിലെത്തിയിരുന്നു. എന്നാൽ തൊട്ടടുത്ത സിംഗിൾസ് മത്സരങ്ങളിൽ ശ്രീജയും അർച്ചനയും പരാജയപ്പെട്ടതോടെ ഇന്ത്യ പ്രതിരോധത്തിലായി. എന്നാൽ നിർണായകമായ അവസാന സിംഗിൾസ് മത്സരം 3–0ന് സ്വന്തമാക്കിയ മനിക, ടീമിനെ ക്വാർട്ടറിലെത്തിക്കുകയായിരുന്നു. ക്വാർട്ടറിൽ യുഎസ്എയോ ജർമനിയോ ആകും ഇന്ത്യയുടെ എതിരാളികൾ. വനിതകളുടെ 68 കി.ഗ്രാം ഗുസ്തിയിൽ ഇന്ത്യയുടെ നിഷാ ദാഹിയയും ക്വാർട്ടറിൽ കടന്നു.

വനിതകളുടെ 400 മീറ്ററിൽ ഇന്ത്യൻ താരം കിരൺ പഹൽ റെപ്പഷാജെ റൗണ്ടിൽ മത്സരിക്കും. ഹീറ്റ്സിൽ 52.51 സെക്കൻഡിൽ ഏഴാം സ്ഥാനത്താണ് കിരൺ ഫിനിഷ് ചെയ്തത്. ഹീറ്റ്സിലെ ആദ്യ മൂന്നു സ്ഥാനക്കാർക്കാണ് സെമിയിലേക്കു നേരിട്ടു യോഗ്യത ലഭിക്കുക. ചൊവ്വാഴ്ച ഉച്ച കഴിഞ്ഞ് 2.50നാണ് കിരൺ പഹലിന്റെ മത്സരം. സ്കീറ്റ് ഷൂട്ടിങ് മിക്സഡ് ടീമിനത്തിൽ ഇന്ത്യൻ താരങ്ങളായ മഹേശ്വരി ചൗഹാനും അനന്ത്ജീതും വെങ്കല മെഡൽ പോരാട്ടത്തിൽ തോറ്റു.

നേരിയ വ്യത്യാസത്തിലാണ് ഇന്ത്യൻ താരങ്ങൾ ചൈനയോട് തോൽവി വഴങ്ങിയത്. സ്കോർ 43–44. ഗുസ്തിയിൽ 68 കി.ഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ നിഷ ദാഹിയ ക്വാർട്ടറിൽ ഉത്തര കൊറിയൻ താരം സോൾ ഗും പാകിനോട് 8–1 എന്ന നിലയിൽ മുന്നിട്ടു നിൽക്കുന്നതിനിടെ പരിക്ക് വില്ലനായി. ഒടുവിൽ 10–8 എന്ന നിലയിൽ മത്സരവും കൈവിട്ടു.

## ഇന്ത്യക്ക് ഇന്ന് ജർമൻ പരീക്ഷ

പാരീസ്: ഒളിംപിക് ഹോക്കിസെമിയിൽ ഇന്ത്യ ഇന്ന് ജർമ്മനിയെ നേരിടും. ഇന്ത്യൻ സമയം രാത്രി പത്തരക്കാണ് മത്സരം. ജർമനിക്കാർ കരുത്തരാണ്. അതിവേഗ ഹോക്കിയുടെ വക്താക്കളാണ്. ഇവിടെയെത്തിയ ശേഷം തോൽവിയറിയാത്തവരാണ്. ക്വാർട്ടർ ഫൈനലിൽ ആധികാരികമായി അർജന്റീനക്കാരെ കീഴ്പ്പെടുത്തിയവരാണ്. ഇന്ത്യയും കരുത്തുറ്റ പ്രകടനങ്ങളുടെ വിലാസത്തിലാണ്. ആറ് മൽസരങ്ങൾ പിന്നിട്ടപ്പോൾ ഒരു തോൽവി മാത്രം. അത് ടോക്കിയോവിൽ സ്വർണം സ്വന്തമാക്കിയ ബെൽജിയത്തോട്. സെമിയിൽ പരാജയപ്പെട്ടാലും വെങ്കല മെഡൽ മൽസര സാധ്യതയുണ്ടെങ്കിലും ഹർമൻപ്രീതും സംഘവും സ്വർണം ലക്ഷ്യമാക്കി തന്നെയാണ് കളിക്കുന്നത്.

## ഹോസ്മാനിസം ചരിത്രമാണ്, പാരമ്പര്യമാണ്




**കമാൽ വരദൂർ**

സെൻ എന്ന നദി. അതിന് ചുറ്റും കുറ്റൻ നിർമിതികൾ. ഇതാണ് പാരീസ്. നിർമിതികളുടെ കാലപഴക്കം തേടുമ്പോൾ അൽഭുതപരതന്ത്രരാവും. നുറ്റാണ്ടുകളുടെ പഴക്കം. രാജ ഭരണകാലവും ഫ്രഞ്ച് വിപ്ലവകാലവും നെപ്പോളിയൻ കാലവുമെല്ലാം കഴിഞ്ഞ് ജനാധിപത്യ ലോകത്തെ പരിണയിച്ച് ആധുനിക പരമാധികാര രാജ്യങ്ങളിൽ മുൻനിരയിലുള്ളവരാണ് ഫ്രാൻസ്. അപ്പോഴും ഫ്രഞ്ച് പ്രസിഡണ്ടിന്റെ ആസ്ഥാനവും, പ്രധാനമന്ത്രിയുടെ ആസ്ഥാനവും പാർലമെന്റും പാരീസ് നഗരസഭാ കാര്യാലയവും ആശുപത്രികളും സ്കൂളുകളും ജയിലും എന്ന് വേണ്ട എല്ലാം പ്രവർത്തിച്ചിരുന്നത് വർഷങ്ങളുടെ പഴക്കമുള്ള വലിയ കല്ല് നിർമിതികളിൽ. ഒരേ ശൈലിയിൽ നിർമിക്കപ്പെട്ടവയാണ് എല്ലാം. നമ്മളെല്ലാം ചിലപ്പോൾ ചില കെട്ടിടങ്ങളെ അടയാളപ്പെടുത്തിയാണല്ലോ സ്ഥലങ്ങളെ ഓർമിച്ചെടുക്കാറ്.

ആ സ്ഥലത്തിന്റെ ലാൻഡ്മാർക്ക് എന്താണ് എന്ന് ചോദിക്കാറില്ലേ..? പാരീസിൽ എത്തിയാൽ കെട്ടിടങ്ങളെ ഉദാഹരിച്ച് സ്ഥലനിർണയം അസാധ്യമാണ് ആസൂത്രിത കെട്ടിട നിർമാണം എന്ന് വിവക്ഷിക്കാവുന്ന തരത്തിലാണ് എല്ലാ കെട്ടിടങ്ങളും. പരന്ന് കിടക്കുന്ന നഗരം നിറയെ പത്തും ഇരുപതും നിലകളുള്ള വൻ കെട്ടിട സമുച്ചയങ്ങളാണ്. ഇതിന്റെ ചരിത്രം ചികഞ്ഞപ്പോൾ പാരീസുകാർക്ക് പറയാൻ ഒട്ടേറെ കാര്യങ്ങൾ. ചരിത്രത്തെയും പാരമ്പര്യത്തെയും തറവാട് മഹിമകളെയും ഉയർത്തിപിടിക്കാനാണ് എല്ലാവർക്കും താൽപര്യം.

പത്തൊമ്പതാം നൂറ്റാണ്ടിൽ നെപ്പോളിയൻ മൂന്നാമൻ രാജ്യം ഭരിച്ചിരുന്ന കാലത്ത് പാരീസ് നഗരം മലീമസവും വികൃതവുമായിരുന്നത്രെ..! രാജാവ് ഉദ്യോഗസ്ഥ ശ്രേഷ്ഠനായ ബാരോൺ ജോർജ് യൂജിൻ ഹോസ്മാനെ നഗര സൗന്ദര്യവത്ക്കരണത്തിന് നിയോഗിച്ചു. ഹോസ്മാൻ കെട്ടിട നിർമാണ വിദഗ്ദ്ധനായിരുന്നില്ല. പക്ഷേ രാജാവ് കൽപ്പിച്ചതിനാൽ അദ്ദേഹം നഗരത്തിലെ എഞ്ചിനിയർമാരുടെ യോഗം വിളിച്ചു. നഗരം സൗന്ദര്യവത്ക്കരിക്കാനുള്ള നിർദ്ദേശങ്ങൾ ക്ഷണിച്ചു. കെട്ടിടങ്ങളെല്ലാം ഒരേ വലുപ്പത്തിലുള്ളതും അടിസ്ഥാന ഫ്രഞ്ച് വാസ്തുശിൽപ്പകലയുമായി ഒരുമിച്ച് നിൽക്കുന്നതുമാവണമെന്ന് നിഷ്കർഷിച്ചു. അങ്ങനെയാണ് 1853 ൽ ആധുനിക പാരീസ് നഗര നിർമാണം ആരംഭിച്ചത്. 1927 വരെ നിർമാണ പ്രവർത്തനങ്ങൾ തുടർന്നതായാണ് രേഖകൾ. ഈ നിർമാണത്തിന് ഹോസ്മാൻ നിർമിതി എന്ന പേരും നൽകി. ഐഫൽ ടവർ എന്ന ലോകാൽഭുതത്തെ തന്നെ നോക്കുക. ഒളിംപിക്സ് വേദികളെലാം ഐഫൽ ടവറിനെ കേന്ദ്രീകരിച്ചാണ്. ടവറിന് തൊട്ട്താഴെയാണ് സെൻ നദി.



പാരീസിലെ ഹോസ്മാൻ നിർമിതി കെട്ടിടങ്ങളിലൊന്ന്

ആ നദിയിലെ വെള്ളമോ, കാലാവസ്ഥാ മാറ്റങ്ങളോ ഐഫൽ ടവറിനെയോ, ഹോസ്മാനിസത്തിൽ നിർമിക്കപ്പെട്ട പാലങ്ങളെയോ, കെട്ടിടങ്ങളെയോ ബാധിക്കുന്നില്ല. കാരിരുമ്പിൻ കരുത്തിൽ അവ പാരമ്പര്യത്തെ തഴുകി തല ഉയർത്തി നിൽക്കുകയാണ്. ഹോസ്മാൻ പാരീസ് നഗരത്തിലെ കോളനികളെല്ലാം പൊളിച്ചുമാറ്റി, 12,000 ത്തിലധികം വരുന്ന മധ്യകാല നിർമിതികളും തകർത്തു. വിഖ്യാതമായ പാരീസ് ഒപേരയിൽ തുടങ്ങി അദ്ദേഹം 40,000 ഒരേ രൂപമുള്ള കെട്ടിടങ്ങൾ നിർമിച്ചു. ഹോസ്മാൻ സ്റ്റെലിന് ചില സവിശേഷതകളുണ്ടായിരുന്നു. ഓരോ കെട്ടിടവും 12 മുതൽ 20 മീറ്റർ വരെ വിസ്തൃതിയിലാവണം. ആറ് നിലകൾ നിർബന്ധമാണ്. ചെറിയ കോണിപടികൾ. താഴത്തെ നില മുഴുവൻ ബിസിനസ് ആവശ്യങ്ങൾക്കാണ്. ഒന്നാം നില വരേണ്യർക്കുള്ള താമസസ്ഥലം. രണ്ടാം നില മുതൽ സാധാരണക്കാർക്കും താമസസൗകര്യമുള്ള വാസസ്ഥലങ്ങൾ.

ഇങ്ങനെയാണ് കെട്ടിട വിന്യാസം. കെട്ടിട നികുതി ഉൾപ്പെടെയുള്ള കാര്യങ്ങൾ പാരീസ് കോർപ്പറേഷൻ ( ഫ്രഞ്ചിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് മേരി എന്നാണ് പറയാറ് ) മേൽനോട്ടത്തിലാണ്. ഒളിംപിക്സിനായി ലോകം പാരീസിലേക്ക് വരുമെന്നറിഞ്ഞ് കെട്ടിടങ്ങൾക്കൊന്നും പെയിന്റടിച്ച് മൊഞ്ചാക്കാൻ സർക്കാർ ശ്രമിച്ചില്ല.

പഴമ നിലനിർത്തി കെട്ടിടങ്ങളെല്ലാം വാഷ് ചെയ്തു..ഹോസ്മാൻ കാലത്ത് കോണിപ്പടികളായിരുന്നെങ്കിൽ ഇപ്പോൾ എല്ലാ കെട്ടിടങ്ങൾക്കും ലിഫ്റ്റുകളും എലവേറ്ററുകളുമുണ്ട്. അത് മാത്രമാണ് മാറ്റം. ഫർണിച്ചറുകളും അലങ്കാര വസ്തുക്കളുമെല്ലാം അതേ പടി നില നിർത്തിയിരിക്കുന്നു.



## എം.ഡി.എം.എയുമായി കോഴിക്കോട് സ്വദേശി പിടിയിൽ


അറസ്റ്റിലായ മുഹമ്മദ്

കൊണ്ടോട്ടി: കൊണ്ടോട്ടിയിലും പരിസര പ്രദേശങ്ങളിലും വിൽപനക്കയി കൊണ്ടുവന്ന രാസ ലഹരിയുമായി ഒരാൾ പിടിയിലായി. കോഴിക്കോട്, പാലേരി മുതുവനച്ച, നകോളി മീത്തൽ മുഹമ്മദ് (36) ആണ് പിടിയിലായത്. ഇയാളിൽ നിന്നും 2 ലക്ഷത്തോളം വിലവരുന്ന 57 ഗ്രാമോളം എം.ഡി.എം.എ പിടിച്ചെടുത്തു. ഇന്നലെ വൈകിട്ട് കൊണ്ടോട്ടി പുളിക്കലിൽ നിന്നാണ് ഇയാളെ പിടികൂടിയത്. ഒരു മാസത്തോളമായി ഇയാൾ പുളിക്കലിൽ വാടക ക്വാർട്ടേഴ്സിൽ താമസിച്ചു വരികയായിരുന്നു. ബാംഗ്ലൂരിൽ നിന്നും മറ്റും പച്ചക്കറി കൊണ്ടു വരുന്ന വാഹനത്തിലെ ഡ്രൈവറാണ് ഇയാൾ. ഇതിന്റെ മറവിലാണ് ലഹരി മരുന്ന് വിൽപന നടത്തി വന്നിരുന്നത്. ഇയാളെ വിശദമായി ചോദ്യം ചെയ്തതിൽ പ്രദേശത്തെ ലഹരികടത്തു സംഘത്തെക്കുറിച്ച് വ്യക്തമായ സൂചന ലഭിച്ചിട്ടുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു. മലപ്പുറം ജില്ലാ പൊലീസ് മേധാവി ശശിധരനു ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ കൊണ്ടോട്ടി ഡിവൈ.എസ്.പി ഷിബു, ഇൻസ്പെക്ടർ നൗഫൽ, എസ്.ഐ വി. ജിഷിൽ എന്നിവരുടെ നേതൃത്വത്തിൽ ഡാൻസാഫ് സംഘവും കൊണ്ടോട്ടി പൊലീസും ചേർന്നാണ് പ്രതിയെ പിടികൂടി അന്വേഷണം നടത്തുന്നത്.

## വ്യാജ ആർ.സി നിർമാണം തിരൂരങ്ങാടി സബ് ആർ.ടി ഓഫീസിലെ മൂന്ന് ജീവനക്കാരെ പൊലീസ് ചോദ്യം ചെയ്തു

തിരൂരങ്ങാടി: സബ് ആർ.ടി ഓഫീസിലെ വ്യാജ ആർ.സി കേസിൽ ഉദ്യോഗസ്ഥരെ ചോദ്യം ചെയ്തു. ഓഫീസിലെ ജീവനക്കാരായ കോട്ടക്കൽ പുത്തൂർ സ്വദേശി പ്രശോഭ്, എ.ആർ നഗർ കൊളപ്പുറം സ്വദേശി മറിയാമു, തിരൂരങ്ങാടി സ്വദേശി നജീബ് എന്നിവരെയാണ് തിരൂരങ്ങാടി പൊലീസ് ചോദ്യം ചെയ്തത്. വരും ദിവസങ്ങളിൽ ജോയിന്റ് ആർ.ടി.ഒ ഉൾപ്പെടെ മറ്റുള്ളവരെയും ചോദ്യം ചെയ്യുമെന്ന് പൊലീസ് അറിയിച്ചു. അതേ സമയം പൊലീസ് അന്വേഷണം തന്നിലേക്കെത്തുന്നത് മനസ്സിലാക്കി ജോയിന്റ് ആർ.ടി.ഓ സി.പി സക്കരിയ്യ ലീവിൽ പ്രവേശിച്ചിരിക്കയാണ്. അസുഖത്തെ തുടർന്ന് മെഡിക്കൽ ലീവിലാണ് പ്രവേശിച്ചിട്ടുള്ളത്. പകരം തിരൂർ ജോയിന്റ് ആർ.ടി.ഒ സാജു ബക്കറിനാണ് ചുമതല.

# ചാലിയാറിൽ തിരച്ചിൽ പൂർത്തിയായിട്ടില്ല


**സ്വന്തം ലേഖകൻ**
എടക്കര

വയനാട് മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടലിൽ ഒഴുകിയെത്തിയ മൃതദേഹങ്ങൾക്കായി ചാലിയാറിൽ തിരച്ചിൽ പൂർത്തിയായിട്ടില്ലെന്ന് അഗ്നിരക്ഷാസേന ഡി.ജി.പി കെ. പത്മകുമാർ പറഞ്ഞു. മുണ്ടേരി ഇരുട്ടുകുത്തി കടവിൽ സന്ദർശനം നടത്തി പൊലീസുദ്യോഗസ്ഥരുമായി ചർച്ച നടത്തിതിന് ശേഷം മാധ്യമ പ്രവർത്തകരുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം. പോത്തുകൽ മുതൽ വാഴക്കാട് വരെയുള്ള ചാലിയാറിന്റെ പല സ്ഥലങ്ങളിൽ നിന്നായാണ് ഇതുവരെ മൃതദേഹങ്ങളും ശരീര ഭാഗങ്ങളും കണ്ടെടുത്തിട്ടുള്ളത്. ഇവിടങ്ങളിലെല്ലാം ഇനിയും മൃതദേഹങ്ങൾ ഉണ്ടാവാൻ സാധ്യതയുണ്ട്. മറ്റു ഭാഗങ്ങളിലും ഉണ്ടായേക്കാം. സൂചിപ്പാറ മുതൽ ചാലിയാറിന്റെ എല്ലാ ഭാഗത്തും മൃതദേഹങ്ങൾ ഇനിയും ഉണ്ടാകാനുള്ള സാധ്യതയുണ്ട്. എൻ.ഡി.ആർ.എഫ്, പൊലീസ്, വനം, അഗ്നിരക്ഷാ സേന എന്നിവരുടെ നേതൃത്വത്തിൽ തിരച്ചിൽ തുടരുകയാണ്. അഗ്നിരക്ഷാ സേനയുടെ 160 അംഗങ്ങൾ തിരച്ചിലിൽ പങ്കാളികളാവുന്നുണ്ട്. പുഴയിൽ വെള്ളം കുറഞ്ഞതിനാൽ ഫലപ്രദമായി തിരച്ചിൽ നടത്താനാവും. കൂടാതെ ഒഴുകിയെത്തിയ ഗ്യാസ് സിലിണ്ടർ ഉൾപ്പെടെയുള്ള വീട്ടുപകരണങ്ങൾ പുഴയിലും പുഴക്കരയിലും ഉണ്ടാവാൻ ഇടയുണ്ട്. നിറച്ച ഗ്യാസ് സിലിണ്ടറുകൾ ഉപേക്ഷിക്കപ്പെട്ട നിലയിൽ ഉണ്ടാവുന്നത് അപകട സാധ്യതയുണ്ടാക്കും. ഇതെല്ലാം കണ്ടെത്താനുള്ള ശ്രമം തുടരുമെന്നും അദ്ദേഹം പറഞ്ഞു. മുണ്ടേരിയിൽ നിന്ന് മുകളിലേക്ക് വന മേഖലയിൽ തിരച്ചിലിന് പോയി തിരിച്ച് ഇറങ്ങാൻ കഴിയാത്ത സന്നദ്ധ പ്രവർത്തകരേയും അവർ കണ്ടെത്തിയ മൃതദേഹവും വയനാട് ഭാഗത്തേക്ക് എത്തിച്ചതായി ജില്ലാ പൊലീസ് മേധാവി എസ്. ശശിധരനും പറഞ്ഞു.


അഗ്നിരക്ഷാസേനയുടെ ഡി.ജി.പി കെ. പദ്മകുമാർ മുണ്ടേരി ഇരുട്ടുകുത്തി കടവ് സന്ദർശിക്കുന്നു

## ഊരകം മലയുടെ സംരക്ഷണം ഉറപ്പുവരുത്തണം: മുസ്‌ലിം യൂത്ത്‌ലീഗ്

മലപ്പുറം: വിസ്തൃതിയിലും ഘടനയിലും സംസ്ഥാനത്തെ തന്നെ ഏറ്റവും വലിയ മലകളിലൊന്നായ ഊരകം മലയുടെ സംരക്ഷണം ഉറപ്പ് വരുത്താൻ ആവശ്യമായ സ്വതര നടപടികൾ സ്വീകരിക്കണമെന്ന് മുസ്‌ലിം യൂത്ത് ലീഗ് മലപ്പുറം ജില്ലാ പ്രസിഡന്റ് ശരീഫ് കുറ്റൂരും ജനറൽ സെക്രട്ടറി മുസ്തഫ അബ്ദുൽ ലത്തീഫും ആവശ്യപ്പെട്ടു. കാലവർഷക്കെടുതികളുടെ പശ്ചാതലത്തിൽ ഈ വിഷയം ഗൗരവത്തിലെടുത്ത് സർക്കാർ തലത്തിൽ വിദഗ്ധ സമിതിയെ നിശ്ചയിച്ച് മലയെ കുറിച്ചുള്ള പഠന റിപ്പോർട്ട് തയ്യാറാക്കണം. ഉരുൾപ്പൊട്ടൽ സാധ്യതാ പഠനം അടക്കം ഇതോടൊപ്പം നടത്തണം. യഥേഷ്ടം ക്വാറികളാണ് ഇപ്പോൾ ഈ മലയിൽ അനധികൃതമായി പ്രവർത്തിക്കുന്നത്. പലതിനും ലൈസൻസ് പോലും ഇല്ല. ഒപ്പം വ്യത്യസ്ത തലത്തിലുള്ള നിർമാണ പ്രവർത്തനങ്ങൾ വേറെയുമുണ്ട്. അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കണം. ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ക്വാറികൾ ലൈസൻസ് ലഭിക്കാനാവശ്യമായ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ല. ഇതേ കുറിച്ച് പ്രത്യേകമായ അന്വേഷണം വേറെയും നടത്തേണ്ടതാണ്. നൂറ് കണക്കിന് കരിങ്കൽ ലോഡുകളാണ് മലയിൽ നിന്ന് ദിനംപ്രതി പുറത്തേക്ക് പോയിക്കൊണ്ടിരിക്കുന്നത്. ടോറസ് ലോറികളുടെ അതിപ്രസരം തീർക്കുന്ന പ്രതിസന്ധികൾ വേറെയും. ആലപ്പുഴ, എറണാകുളം, പാലക്കാട്, തൃശൂർ, കണ്ണൂർ, കോഴിക്കോട് വയനാട് എന്നീ ജില്ലകളിലേക്ക് വരെ ഇവിടെ നിന്ന് കരിങ്കൽ ലോഡുകൾ കൊണ്ട് പോകുന്നത് പതിവാണ്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ചില വികസന പ്രവർത്തനങ്ങൾക്കുള്ള കരിങ്കല്ലുകളും ഇവിടെ നിന്നാണ് പൂർണമായും ശേഖരിച്ചത്. നാഷണൽ ഹൈവേ നിർമാണത്തിനാവശ്യമായ മെറ്റൽ, എം സാന്റ്, ക്വാറി വേസ്റ്റ് എന്നിവ ഏറിയ പങ്കും ഇവിടെ നിന്ന് തന്നെയാണ് കൊണ്ട് പോയത്. സമുദ്ര നിരപ്പിൽ നിന്നും ഏകദേശം രണ്ടായിരം അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്നതും ചെങ്കുത്തായി കിടക്കുന്നതുമായ ഊരകം മല ജൈവ വൈവിധ്യങ്ങളുടെ കലവറയാണ്. കരിങ്കല്ലും മണ്ണും കല്ലുകളും ഇടകലർന്ന രീതിയിലാണ് ഈ മലയുടെ ഘടന. ആധുനിക മെഷീനുകളുപയോഗിച്ച് വേഗത്തിൽ കരിങ്കല്ല് പൊട്ടിച്ചെടുക്കുന്ന മെഷീനുകളാണ് ഇവിടെ ക്വാറികളിൽ ഉപയോഗിക്കുന്നത്. ഇത് ഉണ്ടാക്കുന്ന പാരിസ്ഥിതിയാഘാതം ചെറുതായിരിക്കില്ല. മലയുടെ മുകളിലും താഴ്‌വാരത്തുമായി നൂറ് കണക്കിന് കുടുംബങ്ങളാണ് താമസിക്കുന്നത്. നിരവധി ഗ്രാമങ്ങൾ ഇതിന്റെ ചുറ്റുഭാഗങ്ങളിലുമുണ്ട്. ഇതിനെല്ലാം ഭീഷണിയാവുന്ന വിധം നിയമവിരുദ്ധമായി ഊരകം മലയിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും തടയിടാൻ ബന്ധപ്പെട്ടവർ തയ്യാറാവണം. ഈ വിഷയവുമായി ബന്ധപ്പെട്ട് ജില്ലാ കലക്ടറെയും വകുപ്പ് മേധാവികളെയും കണ്ട് നിവേദനം സമർപ്പിക്കുമെന്നും പരിഹരിക്കപ്പെട്ടില്ലെങ്കിൽ ബഹുജനങ്ങളെ പങ്കെടുപ്പിച്ച് കൊണ്ടുള്ള സമര പരിപാടികളെ കുറിച്ച് ആലോചിക്കുമെന്നും ഇരുവരും പറഞ്ഞു.


ചാലിയാർ പുഴയിൽ മൃതദേഹത്തിനായി തിരച്ചിൽ നടത്തുന്ന ഇ.ആർ.എഫ് അംഗങ്ങൾ

## വനത്തിൽ തങ്ങിയ രക്ഷാപ്രവർത്തകരെ രക്ഷപ്പെടുത്തി



**തിരക്കൊഴിഞ്ഞ് ഏഴാംനാൾ /** ചാലിയറിൽ നിന്നും മൃതദേഹങ്ങൾ കണ്ടെത്തുന്നത് കുറഞ്ഞതിനെ തുടർന്ന് തിരക്കൊഴിഞ്ഞ നിലമ്പൂർ ജില്ലാ ആശുപത്രി, മൃതദേഹത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഉദ്യോഗസ്ഥരും ഏതാനും സന്നദ്ധ പ്രവർത്തകരും മാത്രമാണ് ഇപ്പോഴുള്ളത്.

എടക്കര: മുണ്ടേരിയിൽ നിന്ന് തിരച്ചിലിനായി പോയി വനത്തിൽ തങ്ങിയ രക്ഷാപ്രവർത്തകരെ രക്ഷപ്പെടുത്തി. തിങ്കളാഴ്ച ഉച്ചക്ക് രണ്ടരയോടെയാണ് സംഘത്തെ മേപ്പാടിയിലെത്തിച്ചത്. ഞായറാഴ്ച മുണ്ടേരി വാണിയം പുഴയിൽ നിന്നാണ് സംയുക്ത സേനകൾക്കൊപ്പം എമർജൻസി റസ്ക്യൂ ഫോഴ്സിലെ 40 അംഗങ്ങൾ തിരച്ചിലിന് പോയത്. സൂചിപ്പാറ വെള്ളച്ചാട്ടം എത്തുന്നതിന് മുമ്പ് 22 അംഗങ്ങൾ മുണ്ടേരിയിലേക്ക് തിരച്ച് പോന്നു. 18 പേരടങ്ങുന്ന ഒരു സംഘം തിരച്ചിലിനായി സൂചിപ്പാറയിലേക്ക് കയറി. 14 ഇ.ആർ.എഫ് അംഗങ്ങളും, നാല് വെൽഫെയർ അംഗങ്ങളുമാണ് മുകളിലേക്ക് പോയത്. രണ്ടരയായപ്പോൾ കാന്തൻപാറയിൽ ഒരു മൃതശരീരം പുഴയിൽ കണ്ടെത്തി. മണ്ണിൽ പുതഞ്ഞ ശരീരം വളരെ സാഹസികമായി പുറത്തെടുത്തപ്പോഴേക്കും നേരം വൈകി. ഇതോടെ ഇവർക്ക് ചെങ്കുത്തായ സൂചിപ്പാറ വനമേഖലയിലൂടെ മുകളിലേക്ക് കയറാനായില്ല. രാത്രി ഇവിടെ തമ്പടിച്ച സംഘം ഉച്ചയോടെയാണ് ചൂരൽ മലയിൽ നിന്നെത്തിയ പൊലീസ്, തണ്ടർബോൾട്ട് സേനക്കൊപ്പം പുറത്തേക്ക് കടന്നത്. രാവിലെ വയനാട് നിന്നുമെത്തിയ ഹെലികോപ്റ്ററിൽ ഇവർ കണ്ടെത്തിയ മൃതദേഹം എയർ ലിഫ്റ്റ് ചെയ്ത് വയനാട്ടിലേക്ക് കൊണ്ടുപോയി. ഒമ്പതരയോടെ സംഘത്തിന് എയർ ലിഫ്റ്റിങ് വഴി ഭക്ഷണവും വെള്ളവുമെത്തിച്ചു നൽകി. തുടർന്ന് ചൂരൽമലയിൽ നിന്നെത്തിയ പൊലീസ് സേനയാണ് ഇവരെ രക്ഷപെടുത്തി ഉച്ചക്ക് രണ്ടരയോടെ മേപ്പാടി ആനടികാപ്പിൽ എത്തിച്ചത്. വൈദ്യസഹായം നൽകിയ ശേഷം നിലമ്പൂരിലേക്ക് കൊണ്ടുവരികയായിരുന്നു.

## പാണക്കാട് ഖാസി ഫൗണ്ടേഷൻ മഹല്ല് നേതൃസംഗമം

# ജില്ലാതല ഉദ്ഘാടനം; 313 അംഗ സംഘാടക സമിതി രൂപീകരിച്ചു



പാണക്കാട് ഖാസി ഫൗണ്ടേഷൻ മഹല്ല് നേതൃസംഗമം സ്വാഗതസംഘ രൂപീകരണ കൺവൻഷൻ പാണക്കാട് സയ്യിദ് റഷീദലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു

തിരൂരങ്ങാടി : പാണക്കാട് ഖാസി ഫൗണ്ടേഷൻ ജില്ലയിലെ മഹല്ല് ശാക്തീകരണത്തിന് വേണ്ടി മഹല്ല് ഭാരവാഹികളെയും ഖത്വീബുമാരെയും പങ്കെടുപ്പിച്ചുള്ള മഹല്ല് നേതൃസംഗമത്തിന്റെ ജില്ലാതല ഉദ്ഘാടനം 26ന് ചെമ്മാട് ദാറുൽ ഹുദാ ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയിൽ നടക്കും. പാണക്കാട് സാദാത്തുക്കൾ ഖാസിമാരായിട്ടുള്ള മഹല്ലുകളുടെയും രക്ഷാധികാരികളായിട്ടുള്ള സ്ഥാപനങ്ങളുടെയും ഭരവാഹികളും ഖത്വീബുമാണ് പങ്കെടുക്കുക. മഹല്ല് ശാക്തീകരണത്തിനാവശ്യമായ കർമ പദ്ധതിയും ഹാന്റ് ബുക്കും സംഗമത്തിൽ വിതരണം ചെയ്യും. പരിപാടിയുടെ വിജയത്തിനായി ചെമ്മാട് ദാറുൽ ഹുദാ ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയിൽ നടന്ന സ്വാഗതസംഘ രൂപീകരണ കൺവൻഷൻ പണക്കാട് ഖാസി ഫൗണ്ടേഷൻ മലപ്പുറം ജില്ല ചെയർമാൻ പാണക്കാട് സയ്യിദ് റഷീദലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. ജില്ലാ കൺവീനർ കെ.എ റഹ്മാൻ ഫൈസി അധ്യക്ഷനായി. ഖാദർ ഫൈസി കുന്നുംപുറം, കാടാമ്പുഴ മൂസ ഹാജി, യു ഷാഫി ഹാജി പ്രസംഗിച്ചു. സ്വാഗതസംഘ രൂപീകരണ കൺവൻഷനിൽ 313 അംഗ സംഘാടക സമിതി രൂപീകരിച്ചു. സംഘാടക സമിതി മുഖ്യരക്ഷാധികാരി സയ്യിദ് സാദിഖലി ശിഹാബ് തങ്ങളും രക്ഷാധികാരികളായി സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ, സയ്യിദ് റഷീദലി ശിഹാബ് തങ്ങൾ, സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ, സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ, സയ്യിദ് ബഷീറലി ശിഹാബ് തങ്ങൾ, സയ്യിദ് മുഈനലി ശിഹാബ് തങ്ങൾ എന്നിവരെയുമാണ് തിരഞ്ഞെടുക്കപ്പെട്ടത്. സംഘാടക സമിതി ചെയർമാനായി ഉസ്താദ് ഡോ.ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വിയെയും ജനറൽ കൺവീനറായി അബ്ദുൽ ഖാദർ ഫൈസി കുന്നുംപുറം ട്രഷററായി യു മുഹമ്മദ് ഷാഫി ഹാജിയെയും തിരഞ്ഞെടുത്തു. അബ്ദുസ്സമദ് ഫൈസി, സി.എച്ച് ത്വയ്യിബ് ഫൈസി, വി പി കോയ ഹാജി എന്നിവർ വൈസ്ചെയർമാനായും ഹംസ ഹാജി മൂന്നിയൂർ, എം.എ ഖാദർ, കുഞ്ഞിപ്പോക്കർ, കെ.വി.പി പാലത്തിങ്ങൽ, ബക്കർ ചേർന്നൂർ എന്നിവർ കൺവീനറായും തിരഞ്ഞെടുത്തു. വിവിധ സബ് കമ്മിറ്റി ചെയർമാൻ, കൺവീനർ കോഓർഡിനേറ്ററുമാരായി അഡ്വ. ആരിഫ് താനൂർ, അബ്ദുൽ കരീം മുസ്‌ലിയാർ തെന്നാല, ഹംസ ഹാജി മൂന്നിയൂർ (പ്രചരണം) ആലി ഹാജി കുണ്ടൂർ, മൊയ്തീൻ ഹാജി കൊടിഞ്ഞി, സിദ്ദീഖ് ഹാജി തെന്നാല (ഭക്ഷണം) സിദ്ദീഖ് ഫൈസി വാളക്കുളം, നൂഹ് കരിങ്കപ്പാറ, ഫാറൂഖ് ഹുദവി പലത്തിങ്ങൽ (സപ്ലിമെന്റ്) എന്നിവരെയും ചുമതലപ്പെടുത്തി. ഓഫീസ് നമ്പർ: 8089878849

## വയനാട് പ്രകൃതി ദുരന്തം: പുറമണ്ണൂർ മജ്‌ലിസ് സ്ഥാപനങ്ങൾ 10 വീടുകൾ നിർമിച്ചു നൽകും

വളാഞ്ചേരി:വയനാട് പ്രകൃതി ദുരന്തത്തിൽ വീടുകൾ നഷ്ടപ്പെട്ട 10 കുടുംബങ്ങൾക്ക് മജ്‌ലിസ് സ്ഥാപനങ്ങളുടെ എൻ.എസ്.എസ് യൂണിറ്റുകളുടെ കീഴിൽ വീടുകൾ നിർമിച്ചു നൽകുമെന്നു ബന്ധപ്പെട്ടവർ വാർത്ത സമ്മേളനത്തിൽ അറിയിച്ചു. പ്രദേശത്ത് കുടിവെള്ളം, മറ്റു സൗകര്യങ്ങൾ എന്നിവ നടപ്പാക്കുന്നതിനും മജ്‌ലിസ് വിദ്യാഭ്യാസ സമുച്ചയം പദ്ധതികൾ ആവിഷ്കരിക്കും. ഉരുൾപൊട്ടലിൽ അകപ്പെട്ടവർക്ക് വിവിധ സ്ഥാപനങ്ങളിലെ എൻ.എസ്.എസ് യൂണിറ്റ് വളണ്ടിയർമാരുടെ നേതൃത്വത്തിൽ വിവിധ ആവശ്യസാധനങ്ങൾ സ്വരൂപിച്ച് തൊട്ടടുത്ത ദിവസം തന്നെ ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിക്കും. ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട ഒന്നാം വർഷ ബികോം സി.എ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർഥിനിക്ക് ഉൾപ്പെടെ ദുരന്തത്തിൽ ഉൾപ്പെട്ട നിരാലംബംരായ വിദ്യാർഥികൾക്ക് മജ്‌ലിസിന്റെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സൗജന്യമായി പ്രവേശനം നൽകും. അവരുടെ പഠനവും, ഹോസ്റ്റൽ അടക്കമുള്ള മുഴുവൻ ചിലവുകളും മജ്‌ലിസ് വഹിക്കും. പ്രസ്തുത കുട്ടികൾക്ക് അവരുടെ വിദ്യാഭ്യാസ പൂർത്തീകരണം വരെ തുടർ പഠനം അനുവദിക്കുമെന്നും അവർ അറിയിച്ചു. ഇതിലേക്കാവശ്യമായ അർഹരായ കുട്ടികളുടെ അലോട്മെന്റും, വീട് നിർമിക്കുന്നതിനാവശ്യമായ സ്ഥലത്തിന്റെ നിർണയവും ചെയ്തു തരണമെന്ന് സർക്കാരിനോട് ആവശ്യപ്പെടും. അഡ്മിഷൻ പ്രക്രിയ അവസാനഘട്ടത്തിൽ ആയതിനാൽ കുട്ടികളുടെ ലിസ്റ്റ് ഏറ്റവും അടുത്ത ദിവസങ്ങളിൽ ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. മജ്‌ലിസ് പ്രസിഡന്റ് കെ.എസ്.എ തങ്ങൾ, ജനറൽ സെക്രട്ടറി എം.പി മുസ്തഫൽ ഫൈസി, സെക്രട്ടറി സി.പി ഹംസ, ചെയർമാൻ സലീം കുരുവമ്പലം, ട്രഷറർ മാനു ഹാജി, കമ്മിറ്റി മെമ്പർ ഹംസ മാസ്റ്റർ, സിദ്ദീഖ് ഹാജി, ചീഫ് അഡ്മിസ്ട്രേറ്റീവ് ഓഫീസർ യു അബ്ദുൽ കരീം, കോളജ് പ്രിൻസിപ്പൽ ഡോ. മുഹമ്മദ് കുട്ടി, ഡയറക്ടർ നൗഷാദ്, പോളിടെക്നിക്ക് പ്രിൻസിപ്പൽ ശരീഫ്, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ സുനേഷ് പാറയിൽ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.


മുസ്‌ലിംലീഗ് സംസ്ഥാന കമ്മിറ്റിയുടെ വയനാട് പുനരധിവാസ പാക്കേജ് ധനസമാഹരണത്തിന്റെ പെരിന്തൽമണ്ണ മണ്ഡലംതല ഉദ്ഘാടനം സി.കെ ഖാദർ ഹാജിയിൽ (ആഫ്രിക്ക) നിന്ന് ഫണ്ട് സ്വീകരിച്ച് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ നിർവഹിക്കുന്നു. മണ്ഡലം മുസ്‌ലിംലീഗ് പ്രസിഡന്റ് എ.കെ നാസർ മാസ്റ്റർ,ജനറൽ സെക്രട്ടറി അഡ്വ.എസ്. അബ്ദുസ്സലാം,ഭാരവാഹികളായ അഡ്വ. എ.കെ മുസ്തഫ, ഷൗക്കത്ത് നാലകത്ത്, കൊളക്കാടൻ അസീസ് പങ്കെടുത്തു

## തൃപ്പനച്ചി മഖാം ഉറൂസിന് തുടക്കമായി

മഞ്ചേരി : തൃപ്പനച്ചി മുഹമ്മദ് മുസ്‌ലിയാർ ഉറൂസ് മുബാറക്കിന് തുടക്കമായി. വൈകീട്ട് 4.30ന് സിയാറത്തിനും ഓത്തിടലിനും പ്രഫ. കെ. ആലിക്കുട്ടി മുസ്‌ലിയാർ നേതൃത്വം നൽകി. 7 മണിക്ക് മജ്‌ലിസുന്നൂറും പ്രഭാഷണവും പാണക്കാട് സയ്യിദ് മുഈനലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. എം.പി മുസ്തഫൽ ഫൈസി അധ്യക്ഷനായി. സയ്യിദ് മുഹമ്മദ്കോയ തങ്ങൾ ജമലുല്ലൈലി നേതൃത്വം നൽകി. നൗഷാദ് ബാഖവി ചിറയിൻകീഴ് പ്രഭാഷണം നടത്തി. എ.എം അബൂബക്കർ, ഒ.പി അബൂബക്കർ ഫൈസി, ഹസ്സൻ സഖാഫി പൂക്കോട്ടൂർ, സയ്യിദ് ഹബീബ്കോയ തങ്ങൾ പട്ടിക്കാട്, സയ്യിദ് ശാഹുൽ ഹമീദ് കോയ തങ്ങൾ, സയ്യിദ് മുഖ്താർ ഹുസൈൻ തങ്ങൾ വിസപ്പടി, കെ.വി അബ്ദുറഹിമാൻ ദാരിമി അഞ്ചച്ചവിടി, ലത്തീഫ് ഫൈസി സുന്നിമഹൽ, അബ്ദുന്നാസർ ഫൈസി കാഞ്ഞിരം, സലീമുദ്ദീൻ ഫൈസി തൃപ്പനച്ചി, മുനീർ ഫൈസി സൗത്ത് തൃപ്പനച്ചി, ബഷീർ ബാഖവി തോട്ടക്കാട്, അബ്ദുൽ കരീം ഫൈസി ശാപ്പിൻകുന്ന്, ഷഫീഖ് ഫൈസി മുത്തനൂർ, ലത്തീഫ് ഫൈസി കോടങ്ങാട്, അഹമ്മദ് കബീർ ബാഖവി ചെറുപുത്തൂർ, മൂസ ഫൈസി വളമംഗലം, മുഹമ്മദ് ഫൈസി വളമംഗലം, ശിബിൻ ബദറു വാഫി പൂച്ചേങ്ങൽ, സഈദ് ഫൈസി രണ്ടത്താണി, പി.കെ ജാഫർ ഫൈസി കാരാപറമ്പ്, ഹസ്സൻ മുസ്‌ലിയാർ കല്ലച്ചാൽ, എം.കെ ഐത്തുട്ടി ഹാജി പ്രസംഗിച്ചു.

ഇന്ന് വൈകീട്ട് 7 മണിക്ക് പാണക്കാട് സയ്യിദ് റഷീദലി ശിഹാബ്തങ്ങൾ ഉദ്ഘാടനം ചെയ്യും. കോട്ടുമല മൊയ്തീൻകുട്ടി മുസ്‌ലിയാർ അധ്യക്ഷനാകും. കീച്ചേരി അബ്ദുൽ ഗഫൂർ മൗലവി പ്രഭാഷണം നടത്തും. സൈനുൽ ആബിദീൻ തങ്ങൾ കുന്നംകൈ പ്രാർഥനക്ക് നേതൃത്വം നൽകും. നാളെ രാവിലെ 9 മണിക്ക് അഖില കേരള മുശാഅറ മത്സരം സയ്യിദ് റാജിഹ് അലി ശിഹാബ് തങ്ങൾ പാണക്കാട് ഉദ്ഘാടനം ചെയ്യും. അബ്ദുല്ല ദാരിമി വളമംഗലം അധ്യക്ഷനാകും. വൈകീട്ട് 7 മണിക്ക് മതപ്രഭാഷണവും ഹിഫ്ള് സനദ് ദാനും സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പാണക്കാട് ഉദ്ഘാടനം ചെയ്യും. ഡോ. ബഹാഉദ്ദീൻ നദ്‌വി കൂരിയാട് അധ്യക്ഷനാകും. കുമ്മനം നിസാമുദ്ദീൻ അസ്ഹരി പ്രഭാഷണം നടത്തും.



തൃപ്പനച്ചി മുഹമ്മദ് മുസ്‌ലിയാർ ഉറൂസിനോടനുബന്ധിച്ച് നടന്ന മജ്‌ലിസുന്നൂറിന് സയ്യിദ് മുഹമ്മദ്കോയ തങ്ങൾ ജമലുല്ലൈലി നേതൃത്വം നൽകുന്നു



മേപ്പാടി ഗവ. ഹയർസെക്കന്ററി സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിലെത്തിയ സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, പ്രൊ. ഖാദർ മൊയ്തീൻ, പി.കെ കുഞ്ഞാലിക്കുട്ടി, പി.വി അബ്ദുൽ വഹാബ് എം.പി, പി.എം.എ സലാം എന്നിവർ ദുരിതബാധിതരെ ആശ്വസിപ്പിക്കുന്നു

## രാഷ്ട്രീയ കുടിപ്പകയിൽ നീറി ഒരു രാജ്യം

ധാക്ക: ബംഗ്ലാദേശിൽ ഇപ്പോൾ കത്തിയാളുന്ന അക്രമങ്ങൾക്കും അടിച്ചമർത്തലുകൾക്കും വിമോചന സമര കാലത്തെ രാഷ്ട്രീയ കുടിപ്പകയോളം പഴക്കമുണ്ട്. പ്രക്ഷോഭത്തിനിടയാക്കിയ വിവാദ തൊഴിൽ സംവരണം പോലും രാഷ്ട്രീയ ലാഭങ്ങൾക്കുവേണ്ടിയാണ്. വിമോചന സമരത്തിൽ പങ്കെടുത്തവരുടെ കുടുംബാംഗങ്ങൾക്ക് സർക്കാർ സർവീസിൽ 30 ശതമാനം സംവരണം നൽകാനുള്ള തീരുമാനം ഷെയ്ഖ് ഹസീനയുടെ അവാമി ലീഗിന്റെ അണികളെ സുഖിപ്പിക്കാനുള്ള നീക്കത്തിന്റെ ഭാഗമായിരുന്നു. അതോടൊപ്പം ഖാലിദ സിയയുടെ നേതൃത്വത്തിലുള്ള പ്രതിപക്ഷത്തെ അടിക്കാനുള്ള ആയുധമായും സംവരണത്തെ ഉപയോഗിക്കാമെന്ന് ഹസീന കണക്കുകൂട്ടിക്കാണും. 1949ൽ ഷെയ്ഖ് മുജീബു റഹ്മാനാണ് അവാമി ലീഗിന് രൂപംനൽകിയത്. ഒരുകാലത്ത് പാകിസ്താന്റെ ഭാഗമായിരുന്ന കിഴക്കൻ മേഖലയാണ് ഇന്നത്തെ ബംഗ്ലാദേശ്. 1971ൽ പടിഞ്ഞാറൻ പാകിസ്താനെതിരെ ഒമ്പത് മാസം നീണ്ട യുദ്ധത്തിനൊടുവിൽ ബംഗ്ലാദേശ് സ്വതന്ത്ര രാജ്യമായി പ്രഖ്യാപിച്ചു. യുദ്ധകാലത്ത് പാകിസ്താനിൽ ജയിലിലായിരുന്ന റഹ്മാനെ അന്താരാഷ്ട്ര സമ്മർദ്ദത്തിനു വഴങ്ങി 1972ൽ വിട്ടയച്ചു. രാജ്യത്ത് തിരിച്ചെത്തിയ അദ്ദേഹം ബംഗ്ലാദേശിന്റെ ആദ്യ പ്രധാനമന്ത്രിയായി. 1975ൽ പ്രസിഡന്റുമായി. എന്നാൽ 1975 ആഗസ്റ്റ് 15ന് റഹ്മാനെയും കുടുംബാംഗങ്ങളെയും ഒരുകൂട്ടം സൈനിക ഉദ്യോഗസ്ഥർ കൊലപ്പെടുത്തി. ഷെയ്ഖ് ഹസീനയും ഇളയ സഹോദരി ഷെയ്ഖ് റിഹാനയും മാത്രമാണ് അതിൽ ബാക്കിയായത്.

# കലാപ കലുഷിതമായി അയൽപ്പക്കം

## കരുതലോടെ ഇന്ത്യ

### അതിർത്തിയിൽ സുരക്ഷ വർധിപ്പിച്ചു
### ബംഗ്ലാദേശ് ഹൈകമ്മീഷണറേറ്റും സുരക്ഷാ വലയത്തിൽ
### ധാക്കയിലേക്കുള്ള വിമാന സർവീസുകൾ റദ്ദാക്കി എയർ ഇന്ത്യ
### റെയിൽ സർവീസും വ്യാപാര ബന്ധങ്ങളും നിലച്ചു

ന്യൂഡൽഹി: അയൽരാഷ്ട്രമായ ബംഗ്ലാദേശിലെ സംവരണ വിരുദ്ധ കലാപം അധികാര അട്ടിമറിയിലേക്ക് വഴിമാറിയതിൽ കരുതലോടെ ഇന്ത്യ. ഇന്ത്യയുടെ ഏറ്റവും മികച്ച സുഹൃദ് രാഷ്ട്രങ്ങളിൽ ഒന്ന് കൂടിയായ ബംഗ്ലാദേശിലെ രാഷ്ട്രീയ മാറ്റത്തോടെ അതീവ ജാഗ്രതയോടെയാണ് ഇന്ത്യൻ ഭരണകൂടവും പ്രതിപക്ഷവും നോക്കിക്കാണുന്നത്. സംവരണ വിരുദ്ധ പ്രക്ഷോഭവുമായി ബന്ധപ്പെട്ട് ഒരു മാസത്തോളമായി സംഘർഷഭരിതമായ ബംഗ്ലാദേശ് രാഷ്ട്രീയം ഷെയ്ഖ് ഹസീനയുടെ രാജിയിൽ കലാശിച്ചതോടെ സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണ് കേന്ദ്ര സർക്കാർ. പ്രധാനമന്ത്രി നരേന്ദ്രമോദി നേരിട്ടാണ് കാര്യങ്ങൾ വിലയിരുത്തുന്നത്. വിദേശകാര്യ മന്ത്രി എസ് ജെയ്ശങ്കർ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ദോവൽ എന്നിവർ ഇന്നലെ പ്രധാനമന്ത്രിയുമായി ചർച്ച നടത്തി. ഇന്ത്യയിലെത്തിയ അധികാരമൊഴിഞ്ഞ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുമായി ഹിൻഡൻ വിമാനത്താവളത്തിൽ കൂടിക്കാഴ്ച നടത്തിയ അജിത് ദോവൽ, തുടർന്ന വിശദാംശങ്ങൾ പ്രധാനമന്ത്രിയെ ധരിപ്പിച്ചു. ഇതിനിടെ അയൽപ്പക്കത്ത് രാഷ്ട്രീയ അനിശ്ചിതത്വം ഉടലെടുത്ത പശ്ചാത്തലത്തിൽ ബംഗ്ലാദേശ് അതിർത്തിയിലുടനീളം ഇന്ത്യ സുരക്ഷ വർധിപ്പിച്ചു. ബംഗ്ലാദേശിലെ സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്ന് അതിർത്തി രക്ഷാ സേന (ബി.എസ്.എഫ്) ഡയരക്ടർ ജനറൽ ദൽജിത് സിങ് ചൗധരി വ്യക്തമാക്കി. ബംഗ്ലാദേശ് ഹൈകമ്മീഷണറേറ്റിനും സുരക്ഷ വർധിപ്പിച്ചിട്ടുണ്ട്. ഷെയ്ഖ് ഹസീന ഇന്ത്യയിൽ തങ്ങുന്ന പശ്ചാത്തലത്തിലാണിത്. ഹൈക്കമ്മീഷണറേറ്റിലും പരിസരത്തും കൂടുതൽ സൈന്യത്തെ വിന്യസിച്ചു. ധാക്കയിലേക്കുള്ള എല്ലാ വിമാന സർവീസുകളും റദ്ദാക്കിയതായി എയർ ഇന്ത്യയും ഇൻഡിഗോയും വാർത്താക്കുറിപ്പിൽ വ്യക്തമാക്കി. മുന്നറിയിപ്പില്ലാതെ സർവീസുകൾ റദ്ദാക്കിയതിനെതുടർന്ന് യാത്രക്കാർക്കുണ്ടായ പ്രയാസത്തിൽ എയർ ഇന്ത്യ അധികൃതർ ഖേദം പ്രകടിപ്പിച്ചു. ഈ മാസം ഏഴുവരെയുള്ള സർവീസുകളാണ് റദ്ദാക്കിയത്. ഇന്ത്യാ ബംഗ്ലാദേശ് ട്രെയിൻ സർവീസും റദ്ദാക്കിയിട്ടുണ്ട്. സുരക്ഷ കണക്കിലെടുത്താണ് സർവീസുകൾ റദ്ദാക്കിയതെന്ന് റെയിൽവേ അറിയിച്ചു. ഇരു രാജ്യങ്ങൾക്കുമിടയിലെ വ്യാപാര ബന്ധവും പൂർണമായും നിലച്ചു.



ഷെയ്ഖ് ഹസീന രാജിവെച്ച വാർത്ത അറിഞ്ഞ് തെരുവിലിറങ്ങിയ ജനങ്ങളോടൊപ്പം ആഹ്ലാദം പങ്കുവെക്കുന്ന



മേപ്പാടിയിൽ മുസ്‌ലിം ലീഗ് സംസ്ഥാന ഉപസമിതി യോഗം ദേശീയ പ്രസിഡന്റ് പ്രൊ. ഖാദർ മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു

# ഹസീനയെ പുറത്താക്കിയത് ജനകീയ ശക്തി: പ്രതിപക്ഷം

ധാക്ക: ജനങ്ങളുടെ ശക്തിയാണ് ഹസീനയുടെ രാജിയിലൂടെ തെളിയിക്കപ്പെട്ടിരിക്കുന്നതെന്ന് പ്രതിപക്ഷമായ ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി(ബി.എൻ.പി) ചെയർമാൻ താരിഖുറഹ്മാൻ പറഞ്ഞു. എല്ലാ വിഭാഗം ജനങ്ങളുടെയും അവകാശങ്ങളും സ്വാതന്ത്ര്യവും സംരക്ഷിക്കപ്പെടുന്ന ഒരു ജനാധിപത്യ വികസിത രാഷ്ട്രമായി ബംഗ്ലാദേശിനെ പുനർ നിർമിക്കാൻ ഒന്നിച്ചിറങ്ങാമെന്നും അദ്ദേഹം പ്രസ്താവനയിൽ പറഞ്ഞു. ഹസീന പുറത്തുപോയതിനെ സ്വാഗതം ചെയ്യുന്ന രൂപത്തിലാണ് ബ്രിട്ടൻ പ്രതികരിച്ചത്. കഴിഞ്ഞയാഴ്ചകളിൽ ബംഗ്ലാദേശിലുണ്ടായ അക്രമ സംഭവങ്ങൾ ഏറെ ആശങ്കാജനകമായിരുന്നുവെന്നും ജനാധിപത്യം ഉറപ്പാക്കി ജനങ്ങൾക്ക് സമാധാനവും സുരക്ഷയും തിരികെ എത്തിക്കാൻ ഊർജിത നടപടികൾ വേണമെന്നും ബ്രിട്ടീഷ് പ്രധാനമന്ത്രി കെയിർ സ്റ്റാർമറുടെ വക്താവ് പറഞ്ഞു. കുട്ടികളും വിദ്യാർത്ഥികളും പൊലീസുകാരുമടക്കം നിരവധി പേർ കൊല്ലപ്പെട്ട അക്രമങ്ങൾ അംഗീകരിക്കാൻ സാധിക്കില്ലെന്നും വക്താവ് കൂട്ടിച്ചേർത്തു.

## ആഹ്ലാദനൃത്തം ചവിട്ടി ജനം

ധാക്ക: ആഴ്ചകൾ നീണ്ട പ്രക്ഷോഭത്തിനൊടുവിൽ പ്രധാനമന്ത്രി ഷെയ്ഖ് ഹസീന രാജിവെച്ച വാർത്ത ആഹ്ലാദാരവത്തോടെയാണ് ബംഗ്ലാദേശ് ജനത സ്വീകരിച്ചത്. ഹസീനയും സഹോദരിയും രാജ്യംവിടാനായി സൈനിക ഹെലികോപ്ടറിൽ കയറുമ്പോൾ ആയിരക്കണക്കിന് പ്രതിഷേധക്കാർ തലസ്ഥാനമായ ധാക്കയിൽ ആഹ്ലാദപ്രകടനം നടത്തുകയായിരുന്നു. ധാക്ക അന്താരാഷ്ട്ര വിമാനത്താവളം ആറ് മണിക്കൂറോളം അടച്ചിട്ടു. ദേശീയ പതാക വീശി ആഹ്ലാദനൃത്തം ചവിട്ടിയ ജനങ്ങളോടൊപ്പം സൈനികരെയും കാണാമായിരുന്നു. വിശമിക്കേണ്ടതില്ലെന്നും തങ്ങൾ നിങ്ങളോടൊപ്പമുണ്ടെന്നും സൈന്യം ജനങ്ങളെ അറിയിച്ചു. വൈകുന്നേരത്തോടെ വീട്ടിലേക്ക് തിരിച്ചുപോകാൻ സൈന്യം പ്രതിഷേധക്കാരോട് ആവശ്യപ്പെട്ടു. എന്നാൽ ആഹ്ലാദപ്രകടങ്ങളുമായി തെരുവിൽ തുടരാൻ തന്നെയാണ് ആളുകളുടെ തീരുമാനമെന്ന് അൽജസീറ റിപ്പോർട്ട് ചെയ്തു. രാജ്യത്തെ മുഴുൻ രാഷ്ട്രീയ പാർട്ടികളെയും ഉൾപ്പെടുത്തി ഇടക്കാല സർക്കാരുണ്ടാക്കാനാണ് സൈന്യത്തിന്റെ തീരുമാനം. ഹസീനക്കെതിരെ നടന്ന പ്രക്ഷോഭങ്ങളിൽ അറസ്റ്റിലായി ജയിലിൽ കഴിയുന്ന നൂറുകണക്കിന് പ്രതിഷേധക്കാരെ അടിയന്തരമായി വിട്ടയക്കണമെന്ന് ആവശ്യമുയർന്നിട്ടുണ്ട്. നൂറുകണക്കിന് ആളുകൾ പരിക്കേറ്റ് ആശുപത്രികളിലാണ്.

## മുജീബുറഹ്മാന്റെ പ്രതിമയും മ്യൂസിയവും തകർത്തു

ധാക്ക: ഹസീനയുടെ പിതാവ് ഷെയ്ഖ് മുജീബുറഹ്മാന്റെ മ്യൂസിയമാക്കി മാറ്റിയ വസതിയിലേക്ക് പ്രതിഷേധക്കാർ ഇരച്ചുകയറി. റഹ്മാന്റെ പ്രതിമ തകർത്ത പ്രതിഷേധക്കാർ കെട്ടിടത്തിന് തീവെച്ചു. മ്യൂസിയത്തിലെ വിലപിടിപ്പുള്ള പല സാധനങ്ങളും കൊള്ളയടിക്കപ്പെട്ടു. ഭരണകക്ഷിയായ അവാമി ലീഗ് പ്രസിഡന്റിന്റെ ഓഫീസിനുനേരെയും ആക്രമണമുണ്ടായി.

## ഹസീനയുടെ വീട് കയ്യേറി

ധാക്ക: ഷെയ്ഖ് ഹസീനയുടെ ഔദ്യോഗിക വസതിയിലേക്ക് ഇരച്ചുകയറിയ ജനക്കൂട്ടം ബംഗ്ലാവിലെ വില പിടിപ്പുള്ളതെല്ലാം മോഷ്ടിച്ചതായി റിപ്പോർട്ട്. ഹസീനയുടെ സാരികളും ചായക്കോപ്പകളും ടി.വി സെറ്റുകളും ചുമരിൽ തൂക്കിയിരുന്ന ചിത്രങ്ങളും മോഷണം പോയി. വീട്ടുസാമഗ്രികൾ തിരയുകയും പലതും സ്വന്തമാക്കുകയും ചെയ്യുന്ന വീഡിയോ ദൃശ്യങ്ങൾ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്.

# ബി.ജെ.പിയുടേത് വഖഫ് സ്വത്തുക്കൾ നിയന്ത്രണത്തിലാക്കാനുള്ള ശ്രമം: മുസ്‌ലിംലീഗ്

## രാഷ്ട്രീയമായും നിയമപരമായും പോരാടും

ന്യൂഡൽഹി: വഖഫ് സ്വത്തുക്കൾ സ്വന്തം നിയന്ത്രണത്തിൽ കൊണ്ടുവരാനും വഖഫ് ബോർഡിനും കൗൺസിലിനും ഇന്നുള്ള അധികാരങ്ങൾ വെട്ടിച്ചുരുക്കി ഗവൺമെന്റ് ആധിപത്യം അടിച്ചേൽപ്പിക്കാനുമുള്ള ശ്രമമാണ് ബി.ജെ.പി നടത്തുന്നതെന്നും മുസ്‌ലിംലീഗ് പാർലമെന്ററി പാർട്ടി ലീഡർ ഇ.ടി മുഹമ്മദ് ബഷീർ എം.പി, എം.പിമാരായ ഡോ. എം.പി. അബ്ദുസ്സമദ് സമദാനി, നവാസ് ഗനി എന്നിവർ കേരള ഹൗസിൽ വാർത്താസമ്മേളനത്തിൽ ആരോപിച്ചു. ഇന്ത്യയിൽ കോടിക്കണക്കിന് രൂപയുടെ വഖഫ് സ്വത്തുക്കളുണ്ട്. വഖഫ് സ്വത്ത് ആർക്കും സ്വതന്ത്രമായി കൈകാര്യം ചെയ്യാൻ അവകാശമില്ല. എന്ത്കൊണ്ടെന്നാൽ ഏതൊരു വ്യക്തിയാണോ വഖഫ് ചെയ്യുന്നത് അയാളുടെ അഭിലാഷം കണക്കിലെടുക്കാതെ അത് മുന്നോട്ട്പോകാൻ ഒക്കില്ല. ബി.ജെ.പി ഇപ്പോൾ ശ്രമിക്കുന്നത് ഈ വഖഫ് സ്വത്തുക്കൾ കൈകാര്യം ചെയ്യുന്ന ഭരണ സംവിധാനത്തിലും അതിന്റെ നേതൃത്വ പദവിയിലുമെല്ലാം തങ്ങളുടെ ഇഷ്ടക്കാരെ വരുത്താൻ വേണ്ടിയുള്ള ശ്രമങ്ങളാണ്. അത് ശക്തമായി എതിർക്കേണ്ടതാണ്. ഇന്ത്യയിലെ മതേതര ജനാധിപത്യ സംവിധാനത്തിന്റെ അടിസ്ഥാനശിലയെ പുച്ഛിക്കുന്ന നടപടിയാണിത്. ഇക്കാര്യം മുസ്‌ലിം ന്യൂനപക്ഷത്തിന്റെ മാത്രം പ്രശ്നമല്ല. നിരവധി വശ്വാസപ്രമാണമുള്ള പലരുടെയും ഇത്തരം സംവിധാനത്തിൽ അത് നടത്തിപോകുന്നത് നിയമപരമായ അവരുടെ അധികാരമാണ്. അത് തട്ടിപ്പറിച്ചെടുക്കാൻ ഒരു വ്യക്തിക്കും ഗവൺമെന്റിനും സാധ്യമാകുകയില്ല. മുസ്‌ലിം ലീഗ് എന്നും ഇത്തരം അനീതികൾക്കതെതിരെ ശക്തമായ നിലപാടുകൾ എടുത്തിട്ടുണ്ട്. ഇക്കാര്യത്തിലും നിയമപരമായ പോരാട്ടം വേണ്ടിവന്നാൽ അതിനും മുസ്‌ലിം ലീഗ് തയ്യാറാണ്.

യു.പി.എ സർക്കാറിന്റെ കാലത്ത് വഖഫ് നിയമത്തിൽ ഭേദഗതി വന്നിരിന്നു. അത് ജെ. പി.സി തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. വളരെ ശ്രദ്ധേയമായ പലതും അതിൽ ഉണ്ടായിരുന്നു. വളരെയധികം വഖഫ് സ്വത്തുക്കൾ അന്യാധീനപ്പെട്ടിരിക്കുന്നു. അത് മോചിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും ചെറിയ തുകക്ക് വഖഫ് സ്വത്തുക്കൾ ലീസിനെടുക്കാനുള്ള സാഹചര്യം ഒഴിവാക്കി മാർക്കറ്റ് വില അടിസ്ഥാനത്തിൽ ലീസിന് കൊടുക്കാൻ അന്നത്തെ ഭേദഗതി കൊണ്ട് സാധിച്ചു.

ഇപ്പോൾ വാർത്തകളിൽ വന്നുകൊണ്ടിരിക്കുന്നത് ബി.ജെ.പി വഖഫ് ആക്ടിലെ സുപ്രധാനമായ ചില വകുപ്പുകൾ ദുർബലപ്പെടുത്തുന്നുവെന്നതാണ് ഒരു കാര്യം. പിന്നെ അവർക്ക് ഇഷ്ടമുള്ള നിയമം കൊണ്ടുവരികയും ചെയ്യാം. ഇതിലെല്ലാം അന്തർലീനമായിട്ടുള്ളത് വളരെ കടുത്ത വിവേചനവും സ്ഥാപനങ്ങളെ പിടിച്ചെടുക്കാനുമുള്ള അധികാരം ലഭിക്കലുമാണ്. ഇത്തരം കാര്യങ്ങളിൽ സമാന ചിന്താഗതിക്കാരുടെ യോജിപ്പുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇത്തരം കാര്യങ്ങളെ കുറിച്ച് വ്യക്തമായ ബോധ്യമുള്ളവരാണ് ഈ നാട്ടുകാർ എന്നത്കൊണ്ട്തന്നെ ബി.ജെ.പിയിടെ അടവ് ഫലിക്കില്ലെന്നും മുസ്‌ലിംലീഗ് എം.പിമാർ പറഞ്ഞു.



മുസ്‌ലിംലീഗ് പാർലമെന്ററി പാർട്ടി ലീഡർ ഇ.ടി മുഹമ്മദ് ബഷീർ എം.പി, എം.പിമാരായ ഡോ. എം.പി. അബ്ദുസ്സമദ് സമദാനി, നവാസ് ഗനി എന്നിവർ വാർത്താസമ്മേളനത്തിൽ

## ഓപ്പൺ യൂണിവേഴ്സിറ്റി പ്രതിസന്ധി

# ബഹുജന മാർച്ച് വിജയിപ്പിക്കുക –പി.എം.എ സലാം

മലപ്പുറം: ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിച്ചതിനുശേഷം കാലിക്കറ്റ് ഉൾപ്പെടെയുള്ള യൂണിവേഴ്സിറ്റികളിൽ വിദൂര വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികൾക്ക് വിവിധ ബിരുദ ബിരുദാനന്തര കോഴ്സുകൾ പഠിക്കാൻ അവസരം നിഷേധിക്കപ്പെട്ടിരിക്കുകയാണെന്ന് മുസ്‌ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി. എം.എ സലാം അഭിപ്രായപ്പെട്ടു. ഓപ്പൺ സർവകലാശാല സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് കേരള സർക്കാർ നടപ്പാക്കിയ ചില ജനവിരുദ്ധ അക്കാദമിക് വിരുദ്ധ നിയമങ്ങളാണ് ഇതിന് കാരണമെന്നും അദ്ദേഹം തുടർന്നു.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിലെ 47(2), 72 വകുപ്പുകൾ മൂലം മറ്റു യൂണിവേഴ്സിറ്റികളിലെ വിദൂര വിദ്യാഭ്യാസ/പ്രൈവറ്റ് രജിസ്ട്രേഷൻ കോഴ്സുകൾക്ക് വിലക്കേർപ്പെടുത്തിയിരിക്കുകയാണ്. എന്നാൽ മറ്റു രാജ്യത്തെ മറ്റു ഓപ്പൺ യൂണിവേഴ്സിറ്റികളിലൊന്നും ഇപ്രകാരം ഒരു നിയമമില്ല. യു.ജി. സിയും ഇത്തരത്തിലൊരു നിബന്ധന വച്ചിട്ടില്ല. ഇഷ്ടപ്പെട്ട യൂണിവേഴ്സിറ്റികളും കോഴ്സുകളും തിരഞ്ഞെടുക്കാനുള്ള വിദ്യാർത്ഥികളുടെ സ്വാതന്ത്ര്യവും മൗലികാവകാശവും ഹനിക്കുന്നതാണ് ഈ വകുപ്പുകൾ.

നേരത്തെ ആയിരക്കണക്കിന് വിദ്യാർഥികളാണ് വിവിധ കേന്ദ്രങ്ങളിൽ വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങളെ ആശ്രയിച്ച് പഠനം പൂർത്തിയാക്കിയിരുന്നത്. കാലിക്കറ്റ് യൂണിവേഴ്സിറ്റിക്കു കീഴിലെ വിദൂര കേന്ദ്രത്തിലേക്കുള്ള പ്രവേശനം അവസാനിപ്പിച്ചത് മലബാറിലെ വിദ്യാർത്ഥികളുടെ പഠനത്തെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പ്ലസ്ടു പരീക്ഷ പാസ്സാകുന്ന, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പരിധിയിൽ വരുന്ന തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലെ വിദ്യാർത്ഥികളാണ് തുടർ പഠനത്തിന് അവസരമില്ലാതെ വലിയ പ്രതിസന്ധി നേരിടുന്നത്. കാലിക്കറ്റ് ഉൾപ്പെടെയുള്ള യൂണിവേഴ്സിറ്റികളിൽ വിദൂര വിദ്യാഭ്യാസ മേഖലയിൽ വിദ്യാർഥികൾക്ക് പഠനാവസരം സൃഷ്ടിക്കൽ അനിവാര്യമാണ്.

പെൺകുട്ടികൾ ഉൾപ്പെടെ പതിനായിരങ്ങൾ വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിൽ നിന്ന് അകന്നുപോകുന്നതിന് ഇടയാക്കുന്ന ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിലെ 47 (2), 72 വകുപ്പുകൾ റദ്ദാക്കി കാലിക്കറ്റ് ഉൾപ്പെടെ കേരളത്തിലെ മുഴുവൻ യൂണിവേഴ്സിറ്റികളിലും വിദൂര വിദ്യാഭ്യാസ കോഴ്സുകൾ പുന:സ്ഥാപിക്കേണ്ടത് മലബാറിന്റേയും ഉത്തരകേരളത്തിന്റേയും വിദ്യാഭ്യാസ, സാമൂഹിക പുരോഗതിക്ക് അത്യാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിലെ മുഴുവൻ യൂണിവേഴ്സിറ്റികളിലും വിദൂര വിദ്യാഭ്യാസ കോഴ്സുകൾ പുന:സ്ഥാപിക്കണമെന്ന ആവശ്യം നേടിയെടുക്കുന്നതിന് മലബാർ ഉന്നത വിദ്യാഭ്യാസ സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ ഇന്ന് രാവിലെ 10 മണിക്ക് കാലിക്കറ്റ് യൂണിവേഴ്സിറ്റി ആസ്ഥാനത്തേക്ക് നടക്കുന്ന ബഹുജന മാർച്ച് വിജയിപ്പിക്കണമെന്ന് മുസ്‌ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി.എം. എ സലാം പ്രസ്താവനയിൽ ആവ